LS
L55

മാക്സിം ഗോർക്കി



ലെനിനെക്കുറിച്ച്



''നശിപ്പിയ്യുണ്ടതെല്ലാം ഗോക്കിയ്യു നശിപ്പിച്ചേ മതിയാകൂ''

ചെഖ്ഹോ.

മാക്സിം ഗോക്കി

ലെനിനെക്കുറിച്ചു്

പരിഭാഷകൻ: എ. മാധവൻ



പി. സി. ബ്രദേഴ്സ്
കോർട്ടറോഡ്, കോഴിക്കോട്

കന്നംപതിപ്പ് 1944.
കോപ്പി 1500.

എല്ലാ പ്രതികളിലും പരിഭാഷകന്റെ
സീലുണ്ടായിരിക്കണം.

വില കന്നര ഉറുപ്പിക.

ശ്രീവപേരൂർ
വിദ്യാവിനോദിനി പ്രസ്സിൽ അച്ചടിച്ചതു്.

മാക്സിം ഗോർക്കി

'ശത്രു കീഴടങ്ങുന്നില്ലെങ്കിൽ അവനെ നശിപ്പിക്കണം' എന്ന തന്റെ സുധീരമായ ഉദ്ബോധനത്തെ അക്ഷരംപ്രതി അനുസരിക്കയാൽ ഇന്നു സോവ്യറ്റുയൂണിയൻ തന്നെ തകർക്കുവാൻ വന്നിറങ്ങിയ ശത്രുവിനെ തുരത്തി, അനന്തരം വിജയത്തിൽനിന്നു വിജയത്തിലേയ്ക്കു കുതിച്ചുകയറുന്നുവോ, ആ മാക്സിംഗോർക്കിയെ നിൻറെ അലക്സ്യേ മാക്സിമോവിച്ചു്, മരിച്ചിട്ടു കൊല്ലം എട്ടു കഴിഞ്ഞു. നാസിഭരണം സ്ഥാപിച്ചു് ഒരു കൊല്ലം തികയുന്നതിനു മുമ്പു ഫാഷിസം എന്തെല്ലാം ക്രൂരകൃത്യങ്ങളാണു് കൈക്കൊള്ളുകയെന്നു ദീർഘദർശനംചെയ്യാൻകഴിഞ്ഞ ഒരു ചിന്തകനാണല്ലോ നീ. തന്മൂലം ഫാസിസ്റ്റുകൂട്ടായ്മക്കവർച്ചക്കാരുടെ കറുകറുത്ത രാജ്യദ്രോഹികളും, പബ്ലിക്കപ്രോസിക്യൂട്ടർ വിഷിൻസ്കി പറഞ്ഞതുപോലെ, മഹാന്മാരായ ആ ഗ്രന്ഥകാരനിൻറെ ഉർബ്ബലമായ ഏടയത്തിന്നടിച്ച അടികളും ഒരു മഹാചിന്തകനെ എന്നെന്നേയ്ക്കുമായി ചിന്തിക്കാതാക്കി.

1934-ൽ പാരീസ്സിൽവെച്ചു കൂടിയ അഖിലരാജ്യഫാഷിസ്റ്റുവിരോധസാഹിത്യസമ്മേളനത്തിൽ സോവിയറ്റുയൂണിയനിൻറെ പ്രതിനിധിയായി സന്നിഹിതനായിരുന്ന അദ്ദേഹം ഫാഷിസത്തെ നിശിതമായി നിരൂപണംചെയ്തു. അന്നുമുതൽ ഫാഷിസം അദ്ദേഹത്തിൽ ഒരു ബദ്ധശത്രുവിനെയാണു് കണ്ടിരുന്നതു്. അവപത്തേഴാളം വയസ്സുപ്രായമായിരുന്ന ഗോർക്കിയെയാണു് ഫാഷിസം തൻറെ ഏറ്റവും നികൃഷ്ടങ്ങളായ ആയുധങ്ങൾക്കു ലക്ഷ്യമായി കണക്കാക്കിയിരുന്നതും. ചുമപ്പുസൈന്യത്തിൻറെ ഏറ്റവും പുതിയ നശീകരണായുധങ്ങളെപ്പോലെ മർമ്മവിദാരകമായിരുന്ന ഫാഷിസ്റ്റുശക്തികൾക്കു ഗോർക്കിയുടെ ഓരോ നിശ്വാസവും. ലോകത്തിനെ ഇരുട്ടുയുഗത്തിലേയ്ക്കു മടക്കിയയയ്ക്കുവാൻ പുറപ്പെട്ട ഫാഷിസ്റ്റുശക്തികൾ ഇത്ര ഭയപ്പെട്ടിരുന്ന ആ മാക്സിം ഗോർക്കി ആരായിരുന്നു?

1868 മാർച്ചുമാസം 26-ാംതിയതി റഷ്യയിലെ നിഷ്നി നൊവ്ഗൊറോഡിൽ—ഇന്നത്തെ ഗോർക്കി എന്ന പട്ടണം—ഒരു

ഇന്നൽപ്പണിക്കാരന്റെ മകനായി ജനിച്ച അലക്സേയ് മാക്സിമോവിച്ച് പേഷ്കോവ് ആണ് പിന്നീട് മാക്സിം ഗോർക്കിയെന്ന തൂലികാനാമത്തിൽ പ്രസിദ്ധനായിത്തീർന്ന വിപ്ലവസാഹിത്യകാരൻ. അലക്സേയ്ക്ക് അഞ്ചു വയസ്സായപ്പോൾ അച്ഛൻ മരിച്ചു. പിന്നീട് അദ്ദേഹം വളർന്നുവന്നതു തന്റെ വൃദ്ധനായ മാതാമഹന്റെ സംരക്ഷണത്തിലാണ്. ആ വൃദ്ധനു തുണികൊടുക്കുകയായിരുന്നു തൊഴിൽ. തൊഴിലിൽ നഷ്ടംപറ്റിപ്പറ്റി അലക്സേയ്ക്ക് കുമ്പതുവയസ്സായപ്പോഴേയ്ക്ക് ഉപജീവനം സ്വയം സമ്പാദിക്കണം എന്ന നിലയായി.

പിന്നീടുള്ള പതിനഞ്ചു കൊല്ലക്കാലം ഉപജീവനം സമ്പാദിക്കുവാൻ ആ കുട്ടി പല തൊഴിലുകളും പരിശീലിച്ചു. തൊഴിലന്വേഷിച്ചു വളരെ രാജ്യങ്ങളും ചുറ്റിയലഞ്ഞു — കിഴക്കൻറഷ്യയും തെക്കൻറഷ്യയും നിഷ്നിമുതൽ ജോർജ്ജിയവരെയും ഡാനൂബ് വരെയും — അതേ യൂറോപ്യൻറഷ്യ മുഴുവനുംതന്നെ. ഒരപ്പക്കടയിൽ അപ്പമുണ്ടാക്കുന്നവനായും, കപ്പലിൽ കൂലിക്കാരനായും, ഒരാപ്പീസിൽ ശിപായിയായിയായും അദ്ദേഹം ജോലിനോക്കിയിട്ടുണ്ട്.

കപ്പലിലെ ജോലിക്കാരനായിരുന്ന കാലത്തു് അതിലെ മറ്റൊരു ജോലിക്കാരന്റെ സഹായംകൊണ്ടു ചില പുസ്തകങ്ങൾ വായിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. പിന്നീട് ഒരു പ്രസ്സിൽ ജോലിയുണ്ടായിരുന്ന കോറൊലെൻകോ ഈ യുവാവിൽ വളരെ താൽപര്യം പ്രദർശിപ്പിച്ചു; ഗോർക്കിയെ കുറെ പഠിപ്പിക്കുവാൻ ശ്രമിച്ചു. ഒരവസരത്തിൽ ഗോർക്കി പറയുകയുണ്ടായി: ''അദ്ദേഹം തനിക്കു കഴിയുന്നതെല്ലാം ചെയ്തു. ഞാൻ കുറച്ചേ പഠിച്ചുള്ളുവെങ്കിൽ, അതു് അദ്ദേഹത്തിന്റെ കുറ്റമല്ല, ഞാനാണു് അപരാധി.'' തന്റെ വിദ്യാഭ്യാസത്തിനു് ഏറ്റവും സഹായിച്ച രണ്ടു വ്യക്തികളും കപ്പലിലെ കൂട്ടുകാരനും, കോറൊലെൻകോയുമാണെന്നദ്ദേഹം പറയുന്നു.

ഗോർക്കിയുടെ വിദ്യാഭ്യാസം വാസ്തവത്തിൽ നടന്നതു് മറ്റൊരു തരത്തിലാണ്. തന്റെ ''സർവ്വകലാശാലകൾ'' എന്ന പുസ്തകത്തിൽ അദ്ദേഹം അതു വ്യക്തമാക്കുന്നുണ്ട്. പരുഷറഷ്യൻരാജ്യം — അതായിരുന്നു ആ 'സർവ്വകലാശാലകൾ'. മനുഷ്യ

സ്വഭാവം സൂക്ഷ്മമായി നോക്കിക്കാണുവാൻ അദ്ദേഹത്തിനുണ്ടായിരുന്ന കഴിവു് അന്യാദൃശമായിരുന്നു. തെക്കൻ റഷ്യയിൽ ജോലി ചെയ്തിരുന്നകാലത്തു് ഒരു ദിവസം സംഭാഷണംചെയ്യുവാൻ ഒരു കൂട്ടുകാരനെ കിട്ടിയതുകൊണ്ടു ജോലി ഉപേക്ഷിച്ച അദ്ദേഹം ആയിരം നാഴികയോളം ദൂരമുള്ള പീറേർസ്ബുർഗിലേയ്ക്കു കാൽനടയായി പുറപ്പെട്ടു!

താൻ പരിശീലിച്ചിരുന്ന കാരോ തൊഴിലിലും കൂലിക്കാരും വേലക്കാരും അനുഭവിച്ചിരുന്ന കഷ്ടപ്പാടുകളെ അദ്ദേഹം സൂക്ഷ്മമായി മനസ്സിലാക്കി. പിന്നീടദ്ദേഹമെഴുതിയ ചെറുകഥകളിലെ നായികാനായകന്മാരെ ഇക്കാലങ്ങളിലെ പരിചയക്കാരിൽനിന്നാണു് തിരഞ്ഞെടുത്തിട്ടുള്ളതു്. അദ്ദേഹത്തിന്റെ ''മനുഷ്യപുത്രൻ'' ''സമുദായശ്രഷ്ഠർ'', ''ഒരു ഹേമന്തസായാഹ്നം'', ''ഇരുപത്തൊരു പുരുഷന്മാരുടെ ഒരു വെൺകൂട്ടിയും'', ''സ്റ്റെപ്പിലകളിൽ'', ''കാർലോഫ്കുടുംബം'', ''മഹാത്മാവു'' എന്നീ കഥകളും മേൽപ്പറഞ്ഞതിനു തെളിവാണു്.

ജോർജ്ജിയുടെ തലസ്ഥാനമായ ടിഫ്ളിസിൽ ഒരു റെയിൽവേ തൊഴിലാളിയായി വർക്ഷാപ്പിൽ ജോലിചെയ്തിരുന്ന കാലത്തു പിന്നീടതാൻ വിശ്വവിഖ്യാതനായിത്തീർന്ന പേരിൽ ആദ്യത്തെ കഥ അവിടത്തെ ഒരു വർത്തമാനപത്രത്തിൽ പ്രസിദ്ധപ്പെടുത്തി. അങ്ങിനെ അദ്ദേഹം ഒരു പത്രപ്രവർത്തകനായി. 1895-ൽ അദ്ദേഹത്തിന്റെ ''ചെൽക്കാഷ്'' എന്ന കഥ പീറേർസ് ബുർഗിലെ ഒരു പ്രധാനപ്പെട്ട സാഹിത്യമാസിക സ്വീകരിച്ചു പ്രസിദ്ധപ്പെടുത്തി.

രണ്ടു കൊല്ലങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ ചെറുകഥകൾ പുസ്തകരൂപത്തിൽ പുറത്തുവന്നു. ആ പുസ്തകത്തിന്റെ വിജയമോ, അദ്ഭുതപൂർവ്വമായിരുന്നു. ഒരു ദിവസം രാവിലെ, ടോൾസ്റ്റോയിയോടു തുല്യനായ ഒരു സാഹിത്യകാരനായി ലോകം അദ്ദേഹത്തെ അഭിവാദ്യം ചെയ്യുന്നതു കണ്ടുകൊണ്ടാണു് സൂര്യൻ ഉദിച്ചതു്. അധികകാലം കഴിയേണ്ടിവന്നില്ല, അദ്ദേഹത്തിന്റെ പ്രസിദ്ധി റഷ്യയുടെ അതിരുകളെ അതിലംഘിച്ച മറ്റു രാജ്യങ്ങളിൽ പ്രഭാപൂരം വീശി, ലോകവിഖ്യാതന്മാരുടെ മുന്നണിയിൽ അദ്ദേഹത്തിനു സ്ഥാനം ലഭിച്ചു.

1903-ൽ അദ്ദേഹം എഴുതിയ 'നരകങ്ങൾ' The Lower Depths എന്ന നാടകം രണ്ടു കൊല്ലക്കാലത്തോളം യൂറോപ്പിലെ ബെർലിനിൽ കളിച്ചു. സോഷ്യൽ ഡെമോക്രാറ്റിക്ക് കക്ഷിയിൽ (ബോൾഷെവിക്കു് വിഭാഗം) അംഗമായി പ്രവർത്തിച്ചിരുന്നതിനാൽ അദ്ദേഹം പോലീസുകാരുടെ സവിശേഷശ്രദ്ധയ്ക്കു പാത്രമായിരുന്നു. 1903-ൽ അദ്ദേഹത്തെ 'റഷ്യൻ അക്കാഡമി ഓഫ് സയൻസസ്' എന്ന സംഘത്തിലെ ഒരംഗമായി തിരഞ്ഞെടുത്തതിനെ സർ ചക്രവർത്തി നിരോധിച്ചു. ഇതിനെ പ്രതിഷേധിച്ചു സുപ്രസിദ്ധറഷ്യൻകഥാകാരനായ ആൻറൺ ചേക്കോവ് അക്കാഡമിയിലെ മെമ്പർസ്ഥാനം രാജിവെച്ചു. 1904-ൽ മോസ്കോ ജില്ലയിൽ കടക്കുന്നതിനെ അവിടത്തെ ഭരണാധികാരം നിരോധിച്ചു. 1905-ലെ വിപ്ലവത്തിൽ അദ്ദേഹം പങ്കെടുത്തു, അദ്ദേഹത്തെ അറസ്റ്റുചെയ്തു. ''പീറർ ആൻറ് പോൾഫോർട്ട്രസ്സ്,'' എന്ന കുപ്രസിദ്ധമായ കാരാഗൃഹത്തിൽ ഇട്ടടയ്ക്കുവാൻ സാറിൻറെ ഭരണകൂടം മടിച്ചില്ല. എന്നാൽ വിശ്വവിഖ്യാതനായ അദ്ദേഹത്തിൻറെ ഈ പാരതന്ത്ര്യത്തെ പരിഷ്കൃതലോകം പ്രതിഷേധിച്ചു. അദ്ദേഹത്തെ മോചിപ്പിയ്ക്കുവാൻ സാറിൻറെ ഗവർമ്മേണ്ടു് നിർബ്ബന്ധമായി.

1906-ൽ അദ്ദേഹം റഷ്യയോടു യാത്രപറഞ്ഞു. സാറിൻറെ ഉദ്ദേശമായ ഉദ്ദേരണത്തിനെതിരായ വേലയ്ക്കാണദ്ദേഹം പുറപ്പെട്ടതു്. ഈ യാത്രയിൽ, 1907-ാണു്, അദ്ദേഹത്തിൻറെ ലെനിനുമായുള്ള സൌഹൃദം സമാരംഭിച്ചതു്. അന്നു് അദ്ദേഹത്തിൻറെ സുപ്രസിദ്ധ നോവൽ, ''അമ്മ'' എഴുതിക്കഴിഞ്ഞിരുന്നു. ലെനിനു് ഈ പുസ്തകം വളരെ പിടിച്ചു. അദ്ദേഹം പറഞ്ഞു, ''ഇത്തരത്തിലുള്ള ഒരു പാരപുസ്തകത്തിൻറെ അത്യാവശ്യമുണ്ടു് ഇന്നു്.'' ഗോർക്കി കാപ്രിദ്വീപിൽ (മധ്യധരണിയിൽ ഇറാലിക്കടുത്തു) താമസമാക്കി.

1913-ൽ അദ്ദേഹം പീറേർസുബുർഗ്ഗിലേയ്ക്കു മടങ്ങി. അവിടെ Letopis എന്ന ഒരു മാസിക തുടങ്ങി. ലോകമഹായുദ്ധകാലത്തു് ഒരു സമാധാനവാദിയുടെ നിലയാണദ്ദേഹം അംഗീകരിച്ചതു്.

1917-ൽ റഷ്യയിൽ വിപ്ലവം പൊട്ടിപ്പുറപ്പെട്ടു. ഫെബ്രുവരിയിൽ സാർഭരണം അവസാനിച്ചു. മെൻഷെവിക്കുകൾ അവസര

വാദികളുടെ കൂട്ടംപിടിച്ച്, മരണക്കൂടം കയ്യിലാക്കി. ബോൾഷെവിക്കുകാരെ തകർക്കുവാൻ അവർ ശ്രമാരംഭിച്ചു. പക്ഷേ, ജനങ്ങളുടെ മുഴുവൻ പിൻബലമുണ്ടായിരുന്ന ബോൾഷെവിക്കുകാർ പൂർവ്വാധികം ശക്തിപ്പെട്ടുവന്നു. അങ്ങിനെ ഒക്ടോബറിൽ (പുതിയ കലണ്ടർപ്രകാരം നവമ്പർ 7-ാംനു) ബോൾഷെവിക്കുകക്ഷി മരണക്കൂടം പിടിച്ചെടുത്തു. ഈ വിപ്ലവകാലം മുഴുവനും അദ്ദേഹം ബോൾഷെവിക്കുകാരുടെ പ്രതിനിധിയായി പിന്തിരിപ്പൻ ശക്തികളെ ഏതിർത്തുപോന്നു.

വിപ്ലവത്തിന്റെ വിജയത്തിനുശേഷം അദ്ദേഹം അവിടത്തെ സാംസ്കാരികജീവിതത്തിന്റെ നായകനായിരുന്നു. ഡിമിർസ്കി... ഗോർക്കിയോടു തെല്ലുപോലും അടുപ്പമനുഭവിപ്പിക്കാത്ത ഒരു നിരൂപകനാണു് അദ്ദേഹം—പറയുന്നു: ''റഷ്യയിലെ ബുദ്ധിജീവികളുടെ കഷ്ടപ്പാടുകളെ ലഘൂകരിക്കുവാൻ അദ്ദേഹം വളരെയധികം ചെയ്തിട്ടുണ്ടു്. അവിടത്തെ സാംസ്കാരികനിധികളെ അദ്ദേഹം പരിരക്ഷിച്ചുപോന്നു.''

വിപ്ലവകാലത്തും അതിനെത്തുടർന്നും അദ്ദേഹത്തിനു വഹിക്കേണ്ടിവന്ന ചുമതലകൾ അദ്ദേഹത്തിന്റെ ആരോഗ്യത്തെ നശിപ്പിച്ചുകളഞ്ഞു. 1922 ആയപ്പോഴയ്ക്കു് അദ്ദേഹം രക്തം തുപ്പുവാൻ തുടങ്ങി. ലെനിന്റെ നിർബ്ബന്ധപ്രകാരം അദ്ദേഹം ആരോഗ്യം വീണ്ടെടുക്കാൻ ജർമ്മനിയിലെ ചില സാനറോറിയങ്ങളിലേയ്ക്കു പോയി. കുറച്ചുമാസങ്ങൾക്കുശേഷം അദ്ദേഹം സോറൻറോവിൽ സ്ഥിരവാസമാക്കി. അദ്ദേഹം അവിടേ താമസിക്കുമ്പോഴാണു് ലെനിൻ മരിച്ചതു്.

1928-ൽ ഗോർക്കി റഷ്യയിലേയ്ക്കു മടങ്ങി. അന്നു് അദ്ദേഹത്തിനു ലഭിച്ച സ്വീകരണം അദ്ദേഹത്തെത്തന്നെ അത്ഭുതപ്പെടുത്തി. വിദേശങ്ങളിൽ സോവിയറ്റുയൂണിയന്റെ ശത്രുക്കൾ നടത്തിയിരുന്ന കുപ്രചാരവേലകൾക്കു മറുപടി പറയുകയായിരുന്നു അദ്ദേഹം ഏറ്റെടുത്ത ആദ്യത്തെ ജോലി.

അദ്ദേഹം ചില പുസ്തകങ്ങൾ എഴുതുവാനും തുടങ്ങി. വിപ്ലവത്തെ സ്പർശിച്ചു കുറെ നാടകങ്ങൾ എഴുതണമെന്നും ഇവയിൽ വി

പ്ലവത്തെക്കുറിച്ചുള്ള സംഭവങ്ങൾ കൊണ്ടുവരണമെന്നും അദ്ദേഹം തീരുമാനിച്ചു. അതിൽ ആദ്യത്തെ നാടകത്തിൽ വിപ്ലവത്തിനു് അടുത്തു മുമ്പു് ഒരു ചെറിയ റഷ്യൻപട്ടണത്തിലെ ജീവിതവും, രണ്ടാമത്തേതിൽ മാർച്ചുമുതൽ നവമ്പർവരെയുള്ള കാലഘട്ടവും അദ്ദേഹം ചിത്രീകരിച്ചു. മൂന്നാമത്തേതിൽ സോവിയറ്റുജീവിതത്തിലെ ആദ്യവർഷങ്ങളെ ചിത്രീകരിക്കാനാണദ്ദേഹം ഉദ്ദേശിച്ചിരുന്നതു്. പക്ഷേ ഈ നാടകത്രയത്തിലെ അവസാനത്തേതു് എഴുതുവാൻ അദ്ദേഹത്തിനു ജോലിത്തിരക്കുമൂലം സമയം കിട്ടിയില്ല.

'ക്ലിംസാൻഗ്വിൻ' ഗ്രന്ഥപരമ്പരയെഴുതിയതും ഇക്കാലത്താണു്. ''ഒർശകൻ'', ''മാഗ്നാറ്റു്'' ''മറ്റു ശക്തികൾ'' ''ഭ്രമം'' എന്നീ നാലു നോവലുകളാണു് ആ ഗ്രന്ഥപരമ്പരയിൽ ഉള്ളതു്. ഇതിൽ വിപ്ലവത്തിനു മുമ്പും പിമ്പും റഷ്യയിലുള്ള ജീവിതത്തെ ചിത്രീകരിച്ചിരിക്കുന്നു.

സോദ്ദേശകൃതികൾക്കു കലാപരമായ പരിപൂർണ്ണത ഉണ്ടാവില്ലെന്നുള്ള അഭിപ്രായഗതിയുടെ പെകിട്ടത്തടിക്കാൻ മേൽപ്പറഞ്ഞവയിലെ ഏതെങ്കിലും ഒരു കൃതിതന്നെ മതി.

1934-ൽ സോവിയറ്റുയൂണിയന്റെ പ്രതിനിധിയായി ഫാഷിസ്റ്റ്വിരോധസാഹിത്യസമ്മേളനത്തിനു പാരീസ്സിലേയ്ക്കു പോയതും ലോകസംസ്കാരത്തിന്റെ അനന്തരാവകാശികൾക്കു് അദ്ദേഹം മഹത്തായ ഒരു നേതൃത്വം നൽകിയതും ഇതിനുമുമ്പു പ്രസ്താവിച്ചുവല്ലോ. ആ സമ്മേളനം കഴിഞ്ഞു് അദ്ദേഹം മോസ്കോവിലേയ്ക്കു മടങ്ങി.

1928 മുതൽ സ്വയം ഗ്രന്ഥമെഴുന്നതിനെക്കാൾ ചെറുപ്പക്കാരായ ഗ്രന്ഥകാരന്മാരേയും കവികളേയും പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിലാണദ്ദേഹം അധികം ശ്രദ്ധപതിപ്പിച്ചതു്. ഒരിരുപതുകൊല്ലംമുമ്പു താൻ ലെനിനുമായി സംസാരിച്ചുറച്ചിരുന്ന പ്രസിദ്ധീകരണപദ്ധതി നടപ്പിൽവരുത്താൻ അദ്ദേഹത്തിനന്നാണവസരം കിട്ടിയതും. അദ്ദേഹത്തിന്റെ നിയന്ത്രണത്തിൽ പലരും പുതിയ പുസ്തകങ്ങളും കവിതകളും എഴുതി. ''വൈറ്റ്സീ കനാലിന്റെ ചരിത്രം'', ആ കനാൽ പണിചെയ്ത ആറു തൊഴിലാളികളെക്കൊണ്ടു്

എഴുതിച്ചതദ്ദേഹമാണു്. പല ഗ്രന്ഥകാരന്മാരുടെയും കഴിവുകളെ കൂട്ടിച്ചേർത്തു നല്ലനല്ല ഗ്രന്ഥങ്ങൾ നിർമ്മിക്കുന്ന പദ്ധതി ആദ്യമായി നടപ്പിൽവരുത്തിയതും ഗോർക്കിയാണു്. പുതിയ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കലായിരുന്നു അദ്ദേഹത്തിന്റെ വിനോദം.

1936 ജൂൺമാസം 18-ാംതീയതി അദ്ദേഹം മരിച്ചു. ആദ്യം അദ്ദേഹത്തിന്റെ മരണം ഗ്രന്ഥാലോചനയുടെ ഫലമാണെന്നു സംശയമേ ഇല്ലായിരുന്നു. പിന്നീടു് സിനവീവു്, റാഡേക്കു്, ബുഖാറിൻ എന്നീ വിപ്ലവവിരോധികളെ അറസ്റ്റുചെയ്തു വിസ്തരിച്ചപ്പോഴാണു് യാഥാർത്ഥ്യം പുറത്തുവന്നതു്.

സുപ്രസിദ്ധസിനിമാഡയറക്ടറായ ഏയ്സൻസ്റ്റീൻ അദ്ദേഹത്തിന്റെ ''അമ്മ'' എന്ന പുസ്തകം സിനിമാപടമായി എടുത്തിട്ടുണ്ടു്. ഗോർക്കിയുടെ ജന്മസ്ഥലമായ നിഷ്നി നോവ്ഗോറോഡിനെ ''ഗോർക്കി'' എന്നു നാമകരണംചെയ്തിരിക്കുന്നു. ''ഗോർക്കിമ്യൂസിയം'' എന്ന സവിശേഷതയായ ഒരു മ്യൂസിയവും അവിടെ സജ്ജീകരിച്ചിട്ടുണ്ടു്. കൃതജ്ഞതാബദ്ധരായ ഒരു ജനത മഹാനായ ഒരു വ്യക്തിക്കു് ഉണ്ടാക്കിവെച്ചിട്ടുള്ള കീർത്തികളാണവ.

ഗോർക്കിയുടെ സാഹിത്യപ്രവർത്തനം നാലു ഘട്ടങ്ങളായി വിഭജിക്കാവുന്നതാണു്. 1890-മുതൽ 1900 വരെയുള്ള കാലത്താണു് അദ്ദേഹത്തെ സുപ്രസിദ്ധനാക്കിത്തീർത്ത ആ ചെറുകഥകൾ എഴുതിയതു്. അവയിലെ വിഷയം ഞാൻ മുൻപറഞ്ഞതുപോലെ, തെണ്ടികളുടേയും സമുദായത്തിൽ നികൃഷ്ടരാണെന്നു കരുതപ്പെടുന്നവരുടേയും ജീവിതത്തിൽനിന്നാണെടുത്തിട്ടുള്ളതു്. തുറന്ന യഥാർത്ഥ്യങ്ങളും ഉഗ്രൻ ആവേശവുമായിരുന്നു അവയുടെ സവിശേഷസ്വഭാവങ്ങൾ. ഇതു് അദ്ദേഹത്തെ വായനക്കാരുടെ മുൻനിരയിലാക്കിയിരുത്തി.

1900-നുശേഷമാണദ്ദേഹം നാടകങ്ങളും നീണ്ട പുസ്തകങ്ങളും എഴുതാൻ ആരംഭിച്ചതു്. റഷ്യൻജീവിതത്തിന്റെ വ്യക്തമായ ചിത്രങ്ങൾ പരന്ന പശ്ചാത്തലങ്ങളിൽ അദ്ദേഹം വരച്ചുവെച്ചു. അതോടൊപ്പം സമുദായത്തെ അഭിമുഖീകരിച്ചിരുന്ന വിഷമപ്രശ്നങ്ങൾക്കു പരിഹാരമാർഗ്ഗം കണ്ടുപിടിക്കുവാനായിരുന്നു അദ്ദേഹ

ത്തിന്റെ പരിശ്രമം. 1906 ആയപ്പോഴേയ്ക്കും തൊഴിലാളിവർഗ്ഗം അദ്ദേഹത്തെ തങ്ങളുടെ വക്താവായി അംഗീകരിച്ചുകഴിഞ്ഞു.

1913-നുശേഷം തന്റെ ആത്മകഥാപരമായ മൂന്നു പുസ്തകങ്ങളും അദ്ദേഹം എഴുതി. അവ ''ബാല്യകാലം,'' ''എന്റെ സർവ്വകലാശാലകൾ'' ''സ്മരണകൾ'' എന്നിവയാകുന്നു. മിർസ്താനിയുടെ അഭിപ്രായത്തിൽ ഈ കാലഘട്ടത്തിലാണു് അദ്ദേഹം ഏറ്റവും നല്ല ഗ്രന്ഥങ്ങൾ നിർമ്മിച്ചതു്.

1926-നുശേഷം അദ്ദേഹത്തിന്റെ ഗ്രന്ഥനിർമ്മാണത്തിന്റെ രീതിയാകെ മാറി. അദ്ദേഹത്തിന്റെ പ്രതിഭയ്ക്കു വികസിക്കുവാനുള്ള അവസരം ലഭിച്ചതു് അന്നാണു്. സാഹിത്യകാരനെ സമൂഹത്തിന്റെ ഒരു പ്രധാനവിഭാഗമായിക്കണക്കാക്കുന്ന ഒരു സാമൂഹികഘടനയാണു് അദ്ദേഹത്തെ സ്വാഗതം ചെയ്തതു്. അന്നുമുതൽ അദ്ദേഹം ലോകത്തിലെ സംസ്കാരസൗധത്തിലെ ഏറ്റവും ഉജ്ജ്വലമായ ഒരു നക്ഷത്രമായി പരിശോഭിച്ചു.

ഗോർക്കിയുടെ ജീവിതത്തിലെ ഒരു പ്രധാനമായ ഭാഗമാണു് ലെനിനുമായുള്ള ബന്ധം. അതിനെക്കുറിച്ചുതന്നെയാണു് ഈ പുസ്തകവും. അതിനാലാണു് ഞാൻ ആ ഭാഗം അധികം വിവരിക്കാഞ്ഞതു്.

എ. മാധവൻ.

അവതാരിക

കുട്ടേറെ ഉപന്യാസങ്ങളുടേയും കുന്നു രണ്ടു ചെറുപുസ്തകങ്ങളുടേയും രചയിതാവായ ശ്രീമാൻ എ. മാധവനാൽ തജ്ജമചെയ്യപ്പെട്ട 'ലെനിന്റെ കൂടെ' എന്ന ഈ ഗദ്യനിബന്ധം, വിദേശഭാഷാനഭിജ്ഞനായ എനിയ്ക്ക്, 'കരു ഞെട്ടിന്മേൽ രണ്ടു പൂവിനെ' ഉൽപ്പാദിപ്പിച്ചതുന്ന കരസാധാരണച്ചെടിയാണ്. ഇതിന്മേൽ ലെനിൻ എന്ന മഹാപുരുഷന്റെ സുവിമലമായ സ്വരാജ്യസ്നേഹവും, മാക്സിംഗോക്കി എന്ന മഹാകവിയുടെ സുരഭിലമായ സാഹിത്യവും മുകുളതോചന പ്രകാശിയ്ക്കുന്നുണ്ട്.

പോകുൺ കഴിഞ്ഞിട്ടില്ലാത്ത—അരവയസ്സുപോലും ചെന്നിട്ടില്ലാത്ത— പി. സി. ബ്രദേഴ്സ് എന്ന പ്രസിദ്ധീകരണസംഘത്തിന്റെ ഇളംകണ്ണ് ഈ അവശ്യപഠനീയമായ ശ്രേഷ്ഠപുസ്തകത്തിൽ പതിഞ്ഞതു് അത്യന്തം ആഹ്ലാദകരവും അഭിനന്ദനീയവും തന്നെ. എന്നാൽ ഇതുയുംകൊണ്ടു തൃപ്തിപ്പെട്ടുകൂടാ. ഹിംസയെ ച്ചെടിയ്ക്കാത്ത റഷ്യൻ ഗാന്ധിജിയാണ്, ലെനിൻ. ആ കർമ്മയോഗിയുടെ ജീവിതചരിതം ഹിതോപദേശം എന്നിവയും, അതുപോലെതന്നെ, റഷ്യയിലെ വിക്ടോർ യൂഗോവായ മാക്സിം ഗോക്കിയുടെ മേത്തരം കൃതികളും മുഴുവൻ മലയാളിയ്ക്കു കിട്ടേണ്ടിയിരിയ്ക്കുന്നു. ഇരുപത്തിരണ്ടുകോടി ജനങ്ങളെ ഇരുപതുവർഷങ്ങൾകൊണ്ട് അനക്ഷരതയിൽനിന്നും, അകിഞ്ചനതയിൽനിന്നും അടിമത്തത്തിൽനിന്നും മോചിപ്പിച്ച മഹാന്മാരാണ് ലെനിനും, ആ പണ്ഡിതന്റെ കാവ്യതുല്യമായ ഗോക്കിയും. ഇവരുടെ വിമുക്തിപ്രദങ്ങളായ നവീനോപനിഷത്തുകളെ പല ഭാഷകളും പകർത്തിട്ടുണ്ടു കഴിഞ്ഞിരിയ്ക്കുന്നു. അവ കൈരളിയ്ക്കും കൈവരണം. പട്ടിണിയാണ് മാനവസംസ്കാരങ്ങൾക്കെല്ലാം പട്ടടക്കുഴി തോണ്ടുന്നതെന്ന പരമാർത്ഥം ലെനിൻ ഹൃദയംഗമമാംവണ്ണം പറഞ്ഞുകൊടുത്തു; മാക്സിം ഗോക്കി മധുരോദാരമാംവണ്ണം പാടിക്കേൾപ്പിച്ചു. അവയെ ആകർണ്ണിപ്പാനും, ആസ്വദിപ്പാനും പട്ടിണിപ്പാവങ്ങളായ നാമല്ലയോ അധികം അർഹർ?

ലെനിൻ സാർഭരണകൂടത്തിനു് അന്തിവരുത്തി; മാക്സിം ഗോക്കിയോ, സ്വാതന്ത്ര്യവെളിച്ചത്തെ പ്രസരിപ്പിച്ചു. ആ പ്രഭാ

തത്തിനേറയും, ആ സ്യൂനേറയും, ഉടയും ഉണ്ടാകാതിരുന്നുവെങ്കിൽ, റഷ്യ ഇന്നും ഇന്ത്യപോലെതന്നെ തലപൊക്കാതെ കിടക്കുമായിരുന്നില്ലയോ? ഒരു പ്രബലമായ സോവ്യറ്റുറഷ്യയെ ലോകം അദ്ഭുതസ്തിമിതങ്ങളായ നേത്രങ്ങൾകൊണ്ടു ദർശിയ്ക്കുമായിരുന്നുവോ? ഈ ദീഘ്രദർശികളായ നേതാക്കന്മാരാൽ അരിവാളും ചുറ്റികയുമാകുന്ന ആയുധങ്ങൾ ധരിപ്പിയ്ക്കപ്പെട്ടതുകൊണ്ടല്ലയോ പണ്ടേ ഭൌതികവിജ്ഞാനങ്ങളുടെ ഉച്ചകോടിയിൽ കേറിയ ജർമ്മനിയെ ഇന്നു യുദ്ധത്തിൽ പേടിച്ചും പേടിച്ചും നിലംപൊത്തിപ്പാൻ റഷ്യ ശക്തയായതു്?

റഷ്യയുടെ ചുറ്റിക അഭ്യുദയങ്ങളെ അടിച്ചുപരത്തുന്നു; അരിവാളോ, വിശ്വസംസ്കാരങ്ങളെ കൊയ്തെടുക്കുന്നു. ആകാശത്തുനിന്നു ശത്രുക്കളുടെ വമ്പിച്ച തീയുണ്ടകൾ തെരുതെരെ വീഴ്ത്തുന്നതിന്നിടയിൽവെച്ചു യാതൊരു കൂലുക്കവുംകൂടാതെ, നമ്മുടെ മഹാഭരതത്തെ സപ്തഭാഷയിൽ സംക്രമിപ്പിച്ചുപോരുന്ന ഒരു യുവപണ്ഡിതസംഘം മറെറങ്ങാനുമുണ്ടാകുമോ? അതു പരമകാഷ്ഠയിലെത്തിയിരിയ്ക്കുന്നു, സോവിയറ്റുറഷ്യയുടെ സംസ്കാരൈക്യവും സാഹിത്യാഭിരുചിയും.

നമ്മളിൽ പലരും ധരിച്ചിട്ടുള്ളതിൻവണ്ണം, സാഹിത്യാദിസുകുമാരകലകളിൽ വിമുഖനായിരുന്നില്ല ലെനിൻ. നേരേമറിച്ചു്, മനുഷ്യജീവിതത്തെ കുലാസംവിധാനങ്ങൾകൊണ്ടു കൂടുതൽ സുന്ദരവും സുഖകരവുമാക്കുന്നതിനത്രേ ആ സാഹ്വയൻ യാവജ്ജീവം യത്നിച്ചുപോന്നതു്. അതിന്റെ ഫലമാണു്, മറെറങ്ങുമില്ലാത്തമട്ടിൽ ഇന്നു റഷ്യയിലെങ്ങും കാണപ്പെടുന്ന കലാരാധനം. ഈ വാസ്തവം മാക്സിം ഗോർക്കിയുടെ ഈ അനുസ്മരണങ്ങളിൽ തെളിഞ്ഞുകാണുന്നുണ്ടു്.

ആകൃതികൊണ്ടു ചെറുതെങ്കിലും, പ്രകൃതികൊണ്ടു വലുതാണു്, 'ലെനിന്റെ കൂടെ' എന്ന പുസ്തകം. ഇതിനെ നമ്മുടെ മാതൃഭാഷയിൽ കാണിയ്ക്കുവെയ്ക്കുക എന്ന പുണ്യകർമ്മത്തിൽ ഭാഗഭാക്കായിത്തീർന്നതു് എന്നെ ആനന്ദിപ്പിയ്ക്കുകയും അഭിമാനിപ്പിയ്ക്കുകയും ചെയ്യുന്നു.

ചെറുതുരുത്തി,
10_8_44.

വള്ളത്തോൾ

ലെനിന്റെ കൂടെ

(മാക്സിംഗോർക്കി)

ലാഡിമീർ ലെനിൻ മരിച്ചകഴിഞ്ഞു. അദ്ദേഹത്തിന്റെ നിയ്യാണംകൊണ്ട് ലോകത്തിന്നു് ഒരു കവിഞ്ഞ പ്രതിഭാശാലി, തന്റെ സമകാലീനന്മാരിൽ എതൊരാളേക്കാളും വലിയ ഒരു മഹാൻ, ആണു് നഷ്ടപ്പെട്ടിരിക്കുന്നതു്. ഇതു സമ്മതിക്കാൻ അദ്ദേഹത്തിന്റെ ശത്രുക്കളിൽ ചിലക്കുപോലും ധൈര്യമുണ്ടായിട്ടുണ്ടു്. സെക്കോസ്ലോവാക്യയിൽനിന്നു പ്രസിദ്ധപ്പെട്ടുന്ന ഒരു മുതലാളിപത്രമായ പ്രാഗേർടാഗെബ്ലാറ്റിൽ ലെനിനെക്കുറിച്ചെഴുതിയ ഒരു ലേഖനത്തിന്റെ അവസാനം ഇപ്രകാരമായിരുന്നു:— ഈ ലേഖനത്തിന്റെ സ്ഥായിയായ സ്വരം ഈ മേഴ്രാകാരനോടുള്ള ബഹുമതിയും ഭീതിയുമായിരുന്നു.— "മഹാനും ഭയങ്കരനും മരണത്തിൽപ്പോലും നമ്മുടെ മനസ്സിൽ ഒതുങ്ങാത്തവനും—അങ്ങിനെയുള്ള ഒരു വ്യക്തിയായിരുന്നു ലെനിൻ." ഈ ലേഖനത്തിന്റെ പിന്നിലുള്ള അനുഭൂതി വെറും സന്തോഷഭാരമല്ല; "ഒരു ശത്രുവിന്റെ ശവശരീരം സദാ സുഗന്ധമുള്ളതാകുന്നു" വെന്ന ചൊല്ലിൽക്കാണുന്ന അവിശ്വാസജന്യമായ ആലോചനയല്ല; മഹത്തും വിശ്രമമില്ലാത്തതുമായ ഒരു ജീവിതം അവസാനിച്ചതിൽനിന്നുള്ള സമാശ്വാസമല്ല എന്നുള്ളതു വ്യക്തമാണു്. സംശയമില്ല, മഹാനായ ഒരു മനുഷ്യനിൽ മാനവസമുദായം അഭിമാനംകൊള്ളുകയാണതു്.

ലെനിന്റെ മരണഘട്ടത്തിൽ, സ്വജീവിതം ക്ലേശലാഞ്ഛനയുക്തിയുടേയും ജീവിക്കുവാനുള്ള ദൃഢനിശ്ചയത്തിന്റെയും എറ്റവും മഹത്തായ ഒരുദാഹരണമാക്കിയ ഒരു മനുഷ്യന്റെ വ്യക്തിത്വത്തോടു മുതലാളിപത്രങ്ങൾ കാണിച്ച ആ അന്നമോഹനമനോഭാവം പ്രദർശിപ്പിക്കുവാനുള്ള മനഃസ്ഥൈര്യമോ വിവേകമോ റഷ്യയിൽനിന്നു പുറത്തുപോയി താമസിക്കുന്നവരുടെ പത്രങ്ങൾക്കുണ്ടായില്ല.

ലാഡിമീർ ഇലിഷ് ലെനിന്റെ ചിത്രം വരയ്ക്കുവാൻ പ്രയാസമാണ്. ഒരു മത്സ്യത്തിന്റെ ചിതമ്പലുകളെന്നോണം, അദ്ദേഹത്തിന്റെ ബാഹ്യപ്രകൃതിയുടെ ഒരു ഭാഗമായിരുന്ന അദ്ദേഹത്തിന്റെ വാക്കുകൾ. താൻ പറഞ്ഞ എന്തിന്റെയും ലാളിത്യവും ഋജുസ്വഭാവവും അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ ഒരു പ്രധാനഭാഗമായിരുന്നു. താൻ സാധിച്ച വീരകർമ്മങ്ങൾക്കു ചുറ്റും ഒരു പ്രഭാപടലമില്ല. റഷ്യയ്ക്കു നല്ലപോലെ അറിയാമായിരുന്ന അദ്ദേഹത്തിന്റെ ആ ധീരോദാത്തത,—നാട്യം നടിക്കാതെ, ചുടുകട്ടകം കൂടാതെ, ആത്മത്യാഗത്തോടുകൂടി ഒരു റഷ്യൻ വിപ്ലവകാരിയായ ബുദ്ധിമാൻ ജീവിക്കുന്ന ജീവിതമായിരുന്നു അതു്. ഈ ഭൂമിയിൽ സാമൂഹ്യമായ നീതി സ്ഥാപിക്കുവാൻ കഴിവുണ്ടെന്നുള്ള അചഞ്ചലമായ വിശ്വാസത്തോടുകൂടി മനുഷ്യസമുദായത്തിന്റെ ക്ഷേമത്തിനുവേണ്ടി എല്ലാ സുഖഭോഗങ്ങളേയും ത്യജിച്ചു് അദ്ദേഹം ജീവിച്ചു.

അദ്ദേഹം മരിച്ച ഉടനെ, ആ ദുഃഖത്തിൽ മതിമറന്നിരിക്കെയാണു്, ഞാൻ അദ്ദേഹത്തെപ്പറ്റി എഴുതിയതു്. അതു് അപൂർണ്ണവും ബദ്ധപ്പെട്ടു് എഴുതിയതുമായിരുന്നു. അന്നു ചില നയങ്ങൾക്കുവേണ്ടി, എനിക്കു് എഴുതാൻ നിർബ്ബന്ധമില്ലാതിരുന്ന ചില സംഗതികളുണ്ടായിരുന്നു; ഇതു് വായനക്കാരെ അതികഷ്ടം മനസ്സിലാക്കാൻ കഴിയുമെന്നു ഞാൻ ആശിക്കുന്നു. തുളഞ്ഞുകയറുന്ന നിരീക്ഷണശക്തിയുള്ള ഒരു മഹാബുദ്ധിമാനായിരുന്നു അദ്ദേഹം. ''അധികം ബുദ്ധിയിൽ അധികം സങ്കടങ്ങളുമുണ്ടു്.''

അദ്ദേഹത്തിനു് എപ്പോഴും മുമ്പോട്ടു വളരെ ദൂരത്തോളം കടന്നു കാണുവാൻ കഴിയും. 1919-നും 1921-നും ഇടയ്ക്കുള്ള കാലത്തു വ്യക്തികളെപ്പറ്റി പറയുമ്പോൾ, വളരെക്കൊല്ലക്കാലങ്ങൾക്കിടയിൽ അവർ എന്തെല്ലാമായിത്തീരുമെന്നു് അദ്ദേഹം കണിശമായി പ്രവചിച്ചിട്ടുണ്ടു്. ഈ പ്രവചനങ്ങൾ മുഖസ്തുതിപരങ്ങളായിരുന്നില്ല; അവ വിശ്വസിക്കാൻ ഒരുത്തനു് അതു മോഹമുണ്ടായില്ല; എന്നാൽ ദൈഭാഗ്യവശാൽ അദ്ദേഹത്തിന്റെ അവിശ്വാസം നിറഞ്ഞ ആ അഭിപ്രായങ്ങൾ മിക്കപ്പോഴുടെ കാര്യത്തിലും കൂറിക്കൊണ്ടു.

എന്റെ സ്മരണകളെക്കുറിച്ചുള്ള ആദ്യത്തെ ലേഖനം പല വിടവുകളാലും പൂർവ്വാപരവൈരുദ്ധ്യങ്ങളാലും തീരെ അതൃപ്തികരമാണു്. ഞാൻ* ലണ്ടൻകോൺഗ്രസ്സുമുതൽ ആരംഭിക്കേണ്ടതായിരുന്നു. അന്നു ലാഡിമീർ ഇല്ലിഷിന്റെ ത്രുപം സംശയത്തിന്റെയും അവിശ്വാസത്തിന്റെയും, തുറന്ന ശത്രുതയുടേയും, വെറുപ്പിന്റെപോലും പ്രാഥമികലക്ഷ്യത്തിനു് എതിരായി, തെളിഞ്ഞു നിന്നിരുന്നു.

ആദ്യത്തെ കൂടിക്കാഴ്ച

ഇപ്പോഴും ലണ്ടന്റെ പുറംപ്രദേശത്തുള്ള മരംകൊണ്ടുണ്ടാക്കിയ ഒരു പള്ളിയുടെ വെറുംചുമരുകൾ എന്റെ കൺമുമ്പിൽ എനിക്കു വ്യക്തമായിക്കാണാനുണ്ടു്. ഒരുതരം വിഡ്ഢിത്തത്തോളം വരെ എത്തിയിരുന്ന അതിന്റെ മോടിയില്ലായ്മ. ഒരു തൊട്ടാവാടിസ്സ്ത്രീയിലെ ക്ലാസ്സ്മുറിയായിരിക്കാമായിരുന്ന ആ ഇടുങ്ങിയ കൊച്ചുഹാളിനു് ചെറിയ ജനലുകളുണ്ടു്. വല്ല സാമ്യവും പള്ളിയുമായിട്ടുണ്ടെങ്കിൽത്തന്നെ അതു് കെട്ടിടത്തിന്റെ പുറംഭാഗത്തിനേയുള്ള. അകത്തു പള്ളിയുടേതായ യാതൊരടയാളവും കാണപ്പെട്ടിരുന്നില്ല. ഉയരംകുറഞ്ഞ പ്രസംഗമണ്ഡപംപോലും, ഹാളിന്റെ മറ്റേ അറ്റത്തായിരിക്കേണ്ടതിനു പകരം, രണ്ടു വാതിലുകൾക്കും നടക്കായി പ്രവേശനദ്വാരത്തിനു തൊട്ടടുത്തായിരുന്നു.

ഞാൻ ഇതിനുമുമ്പു് കരിക്കലും ലെനിനെ കണ്ടിട്ടില്ല; അദ്ദേഹത്തെപ്പറ്റി വായിക്കേണ്ടിയിരുന്നിടത്തോളം വായിച്ചിരുന്നുമില്ല. എന്നാലും എനിക്കു വായിക്കുവാൻ സാധിച്ചേടത്തോളം കൊണ്ടും, സഖ്യോപരി അദ്ദേഹത്തെ നേരിട്ടറിയാമായിരുന്നവരുടെ ആവേശമുൾക്കൊണ്ട വിവരണങ്ങൾകൊണ്ടും, ഞാൻ അദ്ദേഹത്തിനുനേരെ ശക്തിയായി ആകൃഷ്ടിക്കപ്പെട്ടിരുന്നു. ഞങ്ങളെ തമ്മിൽ പരിചയപ്പെടുത്തിക്കഴിഞ്ഞപ്പോൾ, അദ്ദേഹം എന്റെ കൈപിടിച്ചു ഹൃദയംഗമമായി കുറെ കുലുക്കി, തന്റെ സൂക്ഷ്മ

---

* ഈ ലണ്ടൻകോൺഗ്രസ്സ് 1907-ലെ റഷ്യൻ സോഷ്യൽ ഡെമോക്രാറ്റിക്കു പാർട്ടിയുടെ കോൺഗ്രസ്സാണു്.

മേരിയ കണ്ണുകളെക്കൊണ്ട് എന്നെ നോക്കി, ഒരു പഴയ പരിചിതനേറതായ സ്വരത്തിൽ നേരത്തെപോക്കായി പറഞ്ഞു: ''നിങ്ങൾ വന്നതിൽ വളരെ സന്തോഷിക്കുന്നു. ഒരുസ്സുലു നിങ്ങൾക്ക് ഇഷ്ടമാണെന്നു ഞാൻ വിശ്വസിക്കുന്നു. ഇവിടെ ഒരു നല്ല വഴക്കുണ്ടാകുമാണ് പോകുന്നതു്.''

ലെനിൻ ഇങ്ങിനെയായിരിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചില്ല. അദ്ദേഹത്തിൽ എന്തിനേറയോ കുറവുണ്ടായിരുന്നു. അദ്ദേഹം തനേറ ''ർ'' ശബ്ദങ്ങളെ അമത്തി പറയും. കൈപ്പടങ്ങൾ കക്ഷത്തിലമത്തിപ്പിടിച്ച് ആടിക്കുഴഞ്ഞുകൊണ്ട് ഒരു നിൽപുണ്ടായിരുന്നു അദ്ദേഹത്തിനു്. എന്തുകൊണ്ടോ അദ്ദേഹം വല്ലാതെ സാധാരണനായിരുന്നു; ഒരു നേതാവാണെന്നു തോന്നിച്ചിരുന്നില്ല. ഒരു സാഹിത്യകാരനെന്നനിലയ്ക്കു്, ഈ സൂക്ഷ്മവിവരണങ്ങളിൽ ഞാൻ ശ്രദ്ധിക്കേണ്ടവനാണു്. ഇതു് എനേറ ഒരു സ്വഭാവമായിത്തീർന്നിരിക്കുന്നു—തുണ്ടിപിടിപ്പിക്കുന്ന ഒരുസ്വഭാവം. ജി. വി. പ്ലെഖാനോവിനെ ഞാൻ ആദ്യം കണ്ടപ്പോൾ അദ്ദേഹം കൈകൾ കെട്ടി, കട്ട കനപ്പിച്ച്, തന്നെ അലട്ടുന്നവനെന്നമാതിരി, അധികം ജോലിയെടുത്തു ക്ഷീണിച്ച ഒരുസ്കൂൾമാസ്റ്ററർ തനേറ ശിഷ്യനെ നോക്കുന്നപോലെ എന്നെ ഒന്നു നോക്കി. അദ്ദേഹം പറഞ്ഞതിൽ ''നിങ്ങളുടെ ഗ്രന്ഥങ്ങളെ ബഹുമാനിക്കുന്നവനാണു് ഞാൻ'' എന്ന ഒരു ചെറുവാചകമൊഴിച്ചു് ഒന്നും തന്നെ എനേറ ഓർമ്മയിൽ ബാക്കിയില്ല. പിന്നെ, കോൺഗ്രസ്സു കഴിയുന്നതുവരെ, പരസ്പരം ഹൃദയംതുറന്ന ഒരു സംഭാഷണത്തിനും ഞങ്ങൾ രണ്ടാൾക്കും ഒരവസരം ജനിച്ചതുമില്ല.

ഇപ്പോൾ എനേറ മുമ്പിലിതാ, കഷണ്ടിത്തലയോടുകൂടി കല്ലുപോലുറച്ച ഒരു കരുത്തൻ തനേറ ''ർ'' ശബ്ദങ്ങളെ ഉരുട്ടിപ്പുറപ്പെടുവിച്ചുകൊണ്ട് എനേറ കൈ തനേറ കയ്യിൽ എടുത്തുപിടിച്ച് നീട്ടുന്നു. അദ്ദേഹം മേറെ കൈകൊണ്ടു നെറ്റി തുടയ്ക്കുന്നുണ്ട്; ആ നെറ്റിത്തടം സോക്രട്ടീസിനേറതായിരിക്കണം. അദ്ദേഹം തനേറ അസാധാരണമാംവിധം പ്രകാശമാനങ്ങളായ കണ്ണുകളെ എനേറമേൽ സ്നേഹപൂർവ്വം വ്യാപരിപ്പിക്കുകയാണു്.

ഉടനെ അദ്ദേഹം എന്റെ ''അമ്മ'' എന്ന പുസ്തകത്തിന്റെ 'കാറൽമുള്ളും കൂർവ്വകളും' ചൂണ്ടിക്കാണിക്കാൻ തുടങ്ങി—എസ്. പി. ലാഡിഷ്നിക്കോവിന്റെ കയ്യിലുണ്ടായിരുന്ന കയ്യെഴുത്തു കോപ്പി അദ്ദേഹം വായിച്ചിട്ടുണ്ടെന്നു സ്പഷ്ടമായിരുന്നു. ഞാൻ ആ പുസ്തകം മുഴുമിക്കാൻ ശ്രമിക്കയാണെന്നും സൂചിപ്പിച്ചു. പക്ഷേ എന്തുകൊണ്ടെന്നു് വിവരിക്കാൻ ശ്രമിച്ചതു പരാജയത്തിൽ പര്യവസാനിച്ചു. ലെനിൻ അനുകൂലഭാവത്തിൽ തലകുലുക്കി, കാരണം സ്വയം വിവരിച്ചു. ശരി, അതു വേഗം മുഴുമിക്കണം. അങ്ങിനെ ഒരു പുസ്തകത്തിന്റെ ആവശ്യമുണ്ടു്. എന്തുകൊണ്ടെന്നാൽ, വിപ്ലവപ്രസ്ഥാനത്തിൽ പങ്കെടുക്കുന്ന മിക്ക തൊഴിലാളികളും അങ്ങിനെ ചെയ്യുന്നതു ബോധപൂർവ്വമല്ല; നിബന്ധനകളോടെയല്ല. അവർ ''അമ്മ'' വായിക്കുന്നതു് നന്നായിരിക്കും. ''ഈ സമയത്തിനു് പറ്റിയ പുസ്തകം.'' ഇതൊന്നു മാത്രമായിരുന്ന അദ്ദേഹം എനിക്കു തന്ന അഭിനന്ദനം; പക്ഷേ അതെനിക്കു് ഏറ്റവും വിലപ്പെട്ടതായിരുന്നു.

പിന്നെ അദ്ദേഹം കായ്ങ്ങളിൽ പ്രവേശിച്ചു—''അമ്മ'' ഭാഷാന്തരപ്പെടുത്തുന്നുണ്ടോ, റഷ്യയിലേയും അമേരിക്കയിലേയും സെൻസർമാർ അതെത്രത്തോളം വൈകൃതപ്പെടുത്തിയിട്ടുണ്ടു് എന്നും മറ്റും. ഞാൻ അദ്ദേഹത്തോടു്, ''ഗ്രന്ഥകാരനെ പ്രോസിക്യൂട്ടുചെയ്യാൻ തീരുമാനിച്ചിരിക്കുന്നു''വെന്നു് പറഞ്ഞപ്പോൾ ആദ്യം അദ്ദേഹം മുഖം കറപ്പിച്ചു; പിന്നീടു തല പിന്നോക്കം പിടിച്ചുകൊണ്ടു്, കണ്ണുകളെ അടച്ചു്, അസാധാരണമായ ഒരു ചിരി ചിരിച്ചു. ഈ ചിരി പ്രവർത്തകന്മാരിൽ ചിലരെ ആകർഷിച്ചു; എഫ്. യൂറൽസ്കിയാണെന്നു തോന്നുന്നു, മൂന്നുനാലുപേരോടൊപ്പം അവിടെ വന്നു.

എനിക്കു് ആഹ്ലാദം കേറിയിരുന്നു. തിരഞ്ഞെടുത്ത മുന്നൂറു് പാർട്ടിഅംഗങ്ങളുടെ നടക്കായി ഞാൻ. ഇവർ ഒന്നരലക്ഷം സംഘടിതരായ തൊഴിലാളികളെ തിരഞ്ഞെടുത്തയയ്ക്കപ്പെട്ടവരാണെന്നാണു് ഞാൻ മനസ്സിലാക്കിയതു്. എന്റെ കണ്ണിൻമുമ്പിൽ ഇതാ എല്ലാ പാർട്ടിനേതാക്കന്മാരും—പഴയ വിപ്ലവകാരികളും, പ്ലെഖാനോവു്, ആക്സൽറോഡു്, ഡ്യൂച്ചു്. സ്വന്തം നാട്ടിൽനിന്നു

അകലെ, തികച്ചും മനസ്സിടിഞ്ഞ തരത്തിലാണ് രണ്ടുകൊല്ലക്കാലം ഞാൻ കഴിച്ചുകൂട്ടിയതെന്നുകൂടി പറയുമ്പോൾ എന്റെ ഈ ആഹ്ലാദം കേവലം സ്വാഭാവികമാണെന്നു മനസ്സിലാവും.

ജർമ്മനിയിൽ

എന്റെ ഈ മനസ്സിടിച്ചിൽ ബർലിനിൽവെച്ചു ആരംഭിച്ചു. അവിടെവെച്ചു പ്രധാനികളായ സോഷ്യൽഡെമോക്രാറ്റുകാരെ മിക്കപേരെയും ഞാൻ കാണുകയുണ്ടായി. ആഗസ്റ്റ് ബേബെൽ, ആ തടിച്ച സിംഗർ എന്നീ രണ്ടുപേർ തൊട്ടരികിലും മറ്റു ചില പ്രമാണികൾ പുറത്തിലുമിരുന്നു ഞാൻ അന്നു ഭക്ഷണം കഴിക്കുകയുണ്ടായി—അന്നു തുടങ്ങി എന്റെ മനസ്സിടിയുവാൻ.

ജർമ്മൻ സോഷ്യൽ ഡെമോക്രാറ്റുകളുടെകൂടെ നല്ല സൌകര്യമുള്ള ഒരു വിശാലമായ മുറിയിൽ ഇരുന്നാണ് ഞങ്ങൾ ഭക്ഷണം കഴിച്ചതു്. വാസനാവൈഭവം കാണിക്കുന്ന തുന്നൽപ്പണികളോടുകൂടിയ തുണികൾ പക്ഷികളുടെ കൂടുകളിന്മേൽ ഇട്ടിട്ടുണ്ടു്. ചിത്രവേലകളോടുകൂടിയ ശീലകളാൽ കസേരകളുടെ ചാരുന്ന ഭാഗം മൂടിയിട്ടിരുന്നു, അവയിൽ ഇരിക്കുന്നവരുടെ തലയിൽനിന്നു ചളിപറ്റാതിരിക്കാൻ. എല്ലാം ഉറപ്പുള്ളതും വിലപ്പെട്ടതുമായിരുന്നു. കാരോരുത്തരും കുത്തുങ്ങിയാണ് ഭക്ഷണംകഴിച്ചതു്. അവർ അന്യോന്യം ''മാൽസീറേ'' എന്നുച്ചരിച്ചു. ഈ വാക്കു് എനിക്കു പുത്തനായിരുന്നു. പക്ഷേ ഫ്രഞ്ചുഭാഷയിൽ 'മാൽ' എന്നതിനു 'ചീത്ത' എന്നും ജർമ്മൻഭാഷയിൽ 'സീറേ' എന്നതിനു കാലമെന്നും അർത്ഥമാണെന്നു് എനിക്കറിയാമായിരുന്നു—''ചീത്തകാലം.''

സിംഗർ രണ്ടുപ്രാവശ്യം കൈയ്ത്സ്ഹീയെപ്പറ്റി ''എന്റെ റൊമാൻറിസിസ്റ്റേ'' എന്നു പറയുകയുണ്ടായി. നീണ്ടു മൂക്കുള്ള ബേബെൽ ഏതാണ്ടു് ആത്മസംതൃപ്തനാണെന്നു് എനിക്കു തോന്നി. ഞങ്ങൾ റെനീഷ് വീഞ്ഞും ബീറും കുടിച്ചു. വീഞ്ഞു പുളിയുന്നതും ഇളംചൂടുള്ളതുമായിരുന്നു; ബീറു നന്നായിരുന്നു. ഈ ജർമ്മൻ സോഷ്യൽഡെമോക്രാറ്റുകാർ റഷ്യൻ വിപ്ലവത്തെ

പ്പററിയും പാർട്ടിയെപ്പററിയും കൊച്ച രക്ഷാധികാരസ്ഥരത്തിൽ സംസാരിച്ചു. എന്നാൽ അവരുടെ സ്ഥാനം പാർട്ടിയിലെ, ജർമ്മൻ പാർട്ടിയിലെ, കാരോന്നും ഒന്നാന്തരമായിരുന്നു! ഒരാത്മസംതൃപ്തിയുടെ ഒരന്തരീക്ഷമാണു് അവിടെ കാണപ്പെട്ടതു്. നേതാക്കന്മാരുടെ ബഹുമാനാർഹങ്ങളായ ആസനങ്ങളെ വഹിക്കുന്നതിൽ കസാലകൊണ്ടുകൂടി സന്തോഷമുണ്ടോ എന്നു തോന്നി.

ജർമ്മൻപാർട്ടിയായി എനിക്കുള്ള ബന്ധം കൊച്ച തകരാറു പിടിച്ച ഒന്നായിരുന്നു. അതിലെ ഒരു പ്രധാന അംഗത്തെ—പിന്നീടു പ്രസിദ്ധനായിത്തീർന്ന പാർവസിനെ—എന്റെ നാടകം (Lower Depths) കളിപ്പിച്ചിരുന്ന നാടകശാലകളിൽനിന്നു ഗ്രന്ഥകാരന്റെ അവകാശം പുരിക്കുവാൻ 'സ്റ്റാനിയേ' ഉടമസ്ഥന്മാർ അധികാരപ്പെടുത്തിയിരുന്നു. (ഈ 'സ്റ്റാനിയേ' ബോംഷെവിക്കുകാരുടെ നിയമവിധേയമായ ഒരു പ്രസിദ്ധീകരണശാലയായിരുന്നു—പരിഭാഷകൻ) 1902-ൽ, സെബാസ്റ്റാപൂളിൽവെച്ചാണു് അയാൾക്കു് ഈ അധികാരം നല്കപ്പെട്ടതു്; അന്നു രഹസ്യമായി അയാളുടെ വന്നപ്പോൾ സ്റ്റേഷനിൽവെച്ചാണു് കൊടുത്തതും. അയാൾ പിരിച്ചെടുക്കുന്ന പണം താഴെ പറയുംപ്രകാരം വീതിക്കേണ്ടിയിരുന്നു: ആകെത്തുകയുടെ 20 ശതമാനം അയാൾക്കു്; ബാക്കിയിൽ നാലിലൊന്നു് എനിക്കു്; ബാക്കിയുള്ളതു് സോഷ്യൽഡെമോക്രാററിക്കു് പാർട്ടിയുടെ ഫണ്ടിലേയ്ക്കു്. ഈ വ്യവസ്ഥയെപ്പററി പാർവസ്സിന്നറിയാം. അയാൾ സന്തുഷ്ടനുമായിരുന്ന ഈ വ്യവസ്ഥയിൽ. നാലുകൊല്ലമായി ഈ നാടകം ജർമ്മനിയിലെ എല്ലാ നാടകശാലകളിലും കളിച്ചപോരികയായിരുന്നു; ബെർളിനിൽത്തന്നെ അതു് അഞ്ഞൂറിലധികം പ്രാവശ്യം കളിച്ചിട്ടുണ്ടു്. പാർവസ്സു് ഒരു ലക്ഷത്തിലധികം മാർക്കു് (ജർമ്മൻനാണ്യം) പിരിച്ചിരിക്കണം. എങ്കിലും പണത്തിന്നുപകരം അയാൾ സ്റ്റാനിയേയ്ക്കു്, കെ. പി. പിയാട്നിസ്സ്കിയ്ക്കു് ഒരു കത്താണയച്ചതു്. ഒരു ചെറുപ്പക്കാരിയേയും കൂട്ടി ഇറാലിക്കു് ഒരു യാത്രപോയതിന്നു ചെലവായിപ്പോയി ആ സംഖ്യ മുഴുവനും, എന്നു സരസമായി വിവരിച്ചിരുന്ന ഒരു കത്തു്! നിസ്സംശയമായും രസംപിടിച്ച ഈ സക്കീട്ടിന്റെ ചെലവിൽ നാലിലൊന്നിനു് മാത്രം ബാദ്ധ്യതയുണ്ടായിരുന്ന എ

നിക്കു ശേഷിച്ച മുക്കാൽഭാഗത്തെപ്പറ്റി ജർമ്മൻപാർട്ടിയുടെ കേന്ദ്രക്കമ്മറ്റിക്കു് എഴുതുന്നതു് ന്യായമാണെന്നു തോന്നി. ഞാൻ അവരുമായി, എസ്. പി. ലാഡിഷ്യാക്കോമുഖാന്തരം, എഴുത്തുകുത്തു നടത്തി. പാർവസ്സിന്റെ യാത്രകൊണ്ടു് കേന്ദ്രക്കമ്മറ്റി കൂലുങ്ങിയില്ല. പിന്നീടു ഞാൻ അറിഞ്ഞു, പാട്ടി അയാളെ തരം താഴ്ത്തിയെന്നു്. തുറന്നുപറയുകയാണെങ്കിൽ, അയാളുടെ ചെവി പിടിച്ചു കാണണമെന്നുണ്ടായിരുന്നു എനിക്കു്. കുറച്ചു കാലം കഴിഞ്ഞു ഞാൻ പാരീസിൽ ചെന്നപ്പോൾ വളരെ സുന്ദരിയായ ഒരു യുവതിയെ പാർവസ്സിന്റെ ഇറാലിയാത്രയിലെ കൂട്ടുകാരിയെന്ന നിലയ്ക്കു് എനിക്കു പരിചയപ്പെടുത്തിക്കൊണ്ടുതരികയുണ്ടായി; ആരാണെന്നോർമ്മയില്ല. ''പ്രിയപ്പെട്ട ഒരു യുവതി'' എന്നു ഞാൻ വിചാരിച്ചു. (ഇംഗ്ലീഷിൽ ''very dear'' എന്ന വാക്കുകൊണ്ടു് പ്രിയപ്പെട്ട എന്നും വിലകൂടിയ എന്നും ശ്ലേഷാർത്ഥങ്ങളുണ്ടു്.)

ഞാൻ ബെർലിനിൽ വളരെ ആളുകളെ കണ്ടു—എഴുത്തുകാർ, കലാകാരന്മാർ, കലയുടേയും സാഹിത്യത്തിന്റെയും രക്ഷാധികാരികൾ, മറ്റു പലരും. അവരുടെ ആത്മസംതൃപ്തിക്കും തന്നത്താൻ മതിപ്പിനും അല്പാല്പം ഏറക്കുറച്ചലുണ്ടായിരുന്നുവെന്നു മാത്രം.

അമേരിക്കയിലേയ്ക്കു് ഒരു യാത്ര

ന്യൂയോർക്കിലെ ഗവണ്മെന്റോ മേജറോ ആകണമെന്ന ജീവിതോദ്ദേശം ഉണ്ടായിരുന്ന മോറിസ്സ് ഹിൽക്വിറ്റിനെ ഞാൻ അമേരിക്കയിൽവെച്ചു ധാരാളം അറിയും. പല ആളുകളേയും പല സാധനങ്ങളേയും ഞാൻ കണ്ടിട്ടുണ്ടു്; എന്നാൽ റഷ്യൻ വിപ്ലവത്തിന്റെ മുഴുവൻ പ്രാധാന്യം മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ള ഒരൊറ്റ ആളെ ഞാൻ കണ്ടിട്ടില്ല. എല്ലായിടത്തും, അതു ''യൂറോപ്യൻജീവിതത്തിലെ ഒരു സാധാരണസംഭവം'' മാത്രമായിട്ടാണു് കണക്കാക്കപ്പെട്ടിട്ടുള്ളതു്. 'സോഷ്യലിസത്തോടനുഭാവമുള്ള' ഒരു സുന്ദരിയായ മാന്യസ്ത്രീയുടെ വാക്കുകളിൽ പറയുകയാണെങ്കിൽ—'എന്നും കോളറയോ വിപ്ലവമോ ഉള്ള ഒരു രാജ്യത്തിലെ ഒരു സംഭവം.'

ബോൾഷെവിക്കുഫണ്ടിലേയ്ക്കു പണം പിരിക്കുവാൻ അമേരിക്കയിലേയ്ക്ക് ഒരു യാത്രപോകണമെന്ന അഭിപ്രായം ആദ്യം പുറപ്പെട്ടതു് എൻ. ബി. ക്രാസ്സിനിൽനിന്നാണു്. സിക്കുട്ടറിയും പൊതുയോഗങ്ങളും വിളിച്ചുകൂട്ടുവാനുള്ള ആളും എന്ന നിലയ്ക്കു വി. വി. വൊറൊവ്സ്കി എന്നെക്കൂടെ പോരണമെന്നറിച്ചു. അയാൾക്കു് ഇംഗ്ലീഷു് നല്ലപോലെ അറിയാമായിരുന്നു. പക്ഷേ പാട്ടി അയാൾക്കു മറെറന്തോ ജോലി ഏല്പിച്ചുകൊടുത്തു. എൻ. ഇ. ബുഖെനിൻ അു സ്ഥാനംപിടിച്ചു. അയാൾക്കു ഭാഷ അറിഞ്ഞുകൂടായിരുന്നു; അയാൾ വഴിക്കുവെച്ചും അു രാജ്യത്തെത്തിയതിനു ശേഷവും അതു പഠിക്കുവാൻ ശ്രമിച്ചു.

എന്റെ യാത്രയുടെ ഉദ്ദേശം അറിഞ്ഞപ്പോൾ സോഷ്യലിസ്റ്റ്—റെവലൂഷനറികക്ഷിക്കാർക്കു് അതിൽ ബാലിശമായ ഒരു താല്പര്യം ജനിച്ചു. ഞാൻ ഫിൻലണ്ടിലായിരുന്ന സമയത്തു് ചെയ്ക്കോവ്സ്കിയും ബിറ്റ്ലോവ്സ്കിയും എന്നെ സമീപിച്ചു്, ഞാൻ പിരിക്കുന്ന പണം ബോൾഷെവിക്കുകാർക്കാവരുതു്, "വിപ്ലവത്തിനു പൊതുവായിട്ടാവണം" എന്നുപറഞ്ഞു. വിപ്ലവത്തിനു പൊതുവായിട്ടു പണംപിരിക്കാൻ ഞാൻ തയ്യാറല്ലെന്നു പറഞ്ഞു. അപ്പോൾ അവർ (1) "ബാബുഷ്കാ"യേയും പറഞ്ഞയച്ചു. അങ്ങിനെ രണ്ടുപേർ ഒരേസമയത്തു് അമേരിക്കയിൽ എത്തി, സ്വതന്ത്രരായി, അന്യോന്യം കാണുകപോലും ചെയ്യാതെ, പുറമേ രണ്ടു ഭിന്നവിപ്ലവങ്ങൾക്കാണെന്നു തോന്നും—പണം പിരിക്കാൻതുടങ്ങി. അമേരിക്കക്കാർക്കു് എന്താണു് അധികം നല്ലതെന്നോ അധികം കായ്മയിട്ടുള്ളതെന്നോ ആലോചിക്കാൻപോലും സമയമുണ്ടായിരുന്നില്ല. കാഴ്ചയിൽ അവർ ആദ്യംതന്നെ "ബാബുഷ്കാ"യെ അറിയും—തന്റെ അമേരിക്കൻ സ്നേഹിതന്മാർ

---

(1) "ബാബുഷ്കാ"—കാതറൈൻ ബ്രെഷ്കോവ്സ്കായാ—അവരുടെ അനുയായികൾ "വിപ്ലവത്തിന്റെ മുത്തശ്ശി"യെന്നാണവരെ വിളിക്കാറു്. 1914–1918–ലെ യുദ്ധകാലത്തു് അവർ അതിനെ അനുകൂലിച്ചു. കെറൻസ്കിയുടെ ഒരു സഹായിയായിരുന്നു. ഒക്ടോബർവിപ്ലവത്തിനുശേഷം അതിന്റെ ഏററവും വിഷമുള്ള ഒരു ശത്രുവായിത്തീർന്നു.

അവരെ സുപ്രസിദ്ധമാക്കിയിട്ടുണ്ട്. സാറിന്റെ തന്ത്രകേന്ദ്രം എന്നെപ്പറ്റി ഒരു ചീത്തപ്പേരും (2) പരത്തിവെച്ചിരുന്നു.

അമേരിക്കയിലെ സഖാക്കളുടെ വിചാരം റഷ്യൻ വിപ്ലവം റഷ്യക്കാരുടെ മാത്രം കുത്തകയിൽപ്പെട്ടതാണെന്നായിരുന്നു. അതു് അലസിപ്പോകുമെന്നാണവർ കരുതിയതും. ഞാൻ പൊതുയോഗങ്ങളിൽവെച്ചു പിരിച്ച പണം അവർ വാരിച്ചെലവിട്ടു. അതുകൊണ്ടു ഞാൻ വളരെ കുറച്ചു പണമേ പിരിച്ചുള്ളൂ—കഷ്ടിച്ചു് 10,000 ഡോളർ, പത്രങ്ങളിലേയ്ക്കു് എഴുതി കുറെ പണമുണ്ടാക്കാൻ ഞാൻ തീർച്ചയാക്കി. പക്ഷേ അമേരിക്കയിലും ഒരു പാർവസ്സു് ഉണ്ടായിരുന്നു. അങ്ങിനെ അമേരിക്കൻയാത്ര ഒരു പരാജയത്തിൽ കലാശിച്ചു. ഏതായാലും ഞാൻ അവിടെവെച്ചു് "അമ്മ" എഴുതിത്തീർത്തു—ഒരുവേള അതിന്റെ കുറഞ്ഞുകുറഞ്ഞുവരുകയും ഉത്തരവാദി ഈ സംഗതിയായേക്കാം.

അതിനുശേഷം ഞാൻ ഇറാലിയിലെ കാപ്രിദ്വീപിലേയ്ക്കു പോയി. റഷ്യൻപുസ്തകങ്ങളും പത്രങ്ങളും വായിക്കുന്നതിൽ മുഴുകി.—ഇതും എന്റെ മനസ്സിനെ അധികം ഇടിച്ചതേയുള്ളൂ. അടിച്ചു കൊഴിക്കപ്പെട്ട ഒരു വല്ലിനു് എന്തെങ്കിലും തോന്നുവാൻ കഴിയുമെങ്കിൽ എനിക്കു് അനുഭവപ്പെട്ട നിരാശ്രയത അതിനനുഭവിക്കാൻ കഴിയും. ഒരു രാഷ്ട്രീയപരിപാടിയിൽനിന്നു മറ്റൊന്നിലേയ്ക്കു ചാടിയിരുന്ന പേർകേട്ട ചിലരുടെ ഞാണിന്മേൽക്കളിക്കാരന്റെ കൈശലവും വേഗവും എന്നെ അന്നു് അദ്ഭുതപ്പെടുത്തിയിരുന്നു. റഷ്യയിൽനിന്നു തങ്ങളോടും തങ്ങളെ ആശ്ലേഷിക്കാശമില്ലാത്ത ഒരു പരിപാടിയിലേയ്ക്കു വലിച്ചുവരോടും ശണ്ഠകൂടിയ മദ്ധ്യതരും സംഭീതരും ക്ഷീണിതരുമായ വിപ്ലവകാരികളും എത്തിച്ചേർന്നിരുന്നു. "എല്ലാം നശിച്ചു." അവർ പറയുക

---

(2) 'ചീത്തപ്പേരു്' ഗോർക്കിയുടെ യാത്രയുടെ ഉദ്ദേശം മനസ്സിലായപ്പോൾ സാമൂഹികമായ ഒരു ഒഴിച്ചുനിർത്തൽ—ഗോർക്കിയുടെ വിവാഹബന്ധത്തെക്കുറിച്ചു് — റഷ്യൻ തന്ത്രവകുപ്പു് ഏർപ്പാടുചെയ്തു. തന്റെ ഹോട്ടൽവിട്ടു് ഒരു സ്നേഹിതന്റെ ആതിഥ്യം സ്വീകരിക്കുവാൻ ഗോർക്കി നിർബ്ബന്ധിക്കപ്പെട്ടു.

യാണു്, ''അവർ എല്ലാവരേയും അടിച്ചമർത്തി, നശിപ്പിച്ചു, ജയിക്കിലിട്ടു; നാടുകടത്തി.''

ഇതിൽ മിക്കതും പരിഹാസ്യമായിരുന്നു; പക്ഷേ ഉന്മേഷത്തിന്റെ ഒരു രശ്മിപോലുമുണ്ടായിരുന്നില്ല. റഷ്യയിൽനിന്നു വന്ന ഒരു സന്ദർശകൻ—ഒരു വിദഗ്ദ്ധനായ എഴുത്തുകാരൻ—ഞാൻ (Lower Depths) ലെ ലൂക്കിന്റെ ഭാഗമാണു് അന്നു് അഭിനയിക്കുന്നതെന്നു പറയുകയുണ്ടായി—ഞാൻ ചെറുപ്പക്കാരെ നല്ല വാക്കു പറഞ്ഞു മയക്കി; അവരെന്നെ വിശ്വസിച്ചു, അവക്കു് തല്ലുകൊള്ളി ചില കൊട്ടകയ്ക്കു കിട്ടി; ഞാൻ ഓടിപ്പോവുകയും ചെയ്തു. മറ്റൊരുത്തൻ പ്രഖ്യാപിച്ചു. ''ഞാൻ ചില അഭിപ്രായഗതികളുടെ ഒഴുക്കിൽപ്പെട്ടിരിക്കയാണെന്നു''; എന്റെ പെട്ടിവെച്ചുകളി ആയിരിക്കുന്നുവെന്നു്; 'ബാലറൂ'ന്നു് ഒരു പ്രാധാന്യവുമില്ലെന്നു ഞാൻ പറയാൻ കാരണം അതു് ചക്രവർത്തിയുടെയായതുകൊണ്ടാണെന്നു്.'' ആസകലമാൽക്കൂടി, അവർ ഒരുപാടു വിദ്വിത്തും പറഞ്ഞു. റഷ്യയിൽനിന്നു പകർച്ചവ്യാധികൊണ്ടുവരുന്ന ഒരു പൊടി പറന്നടിച്ചുവരുന്നുണ്ടെന്നു് എനിക്കു തോന്നി.

അങ്ങിനെയിരിക്കുമ്പോൾ, പെട്ടെന്നു് ഒരു യക്ഷികഥയിലെന്നോണം, ഞാൻ ഇതാ റഷ്യൻ സോഷ്യൽ—ഡെമോക്രാറ്റിക്കു് കക്ഷിയുടെ കോൺഗ്രസ്സിൽ, നിശ്ചയമായും അതു് ഒരു വലിയ ദിവസംതന്നെയായിരുന്നു എനിയ്ക്കു്.

ലണ്ടൻകോൺഗ്രസ്സിൽ

എന്നാൽ എന്റെ ആഹ്ലാദം അവർ, ഇന്നത്തെ കായ്ത്തെക്കുറിച്ചു പിടിയും വലിയും തുടങ്ങുന്ന ആ ആദ്യത്തെ യോഗംവരെ മാത്രമേ നിലനിന്നുള്ള. ഈ വാദപ്രതിവാദങ്ങൾ. എന്റെ ആവേശത്തെ മരവിപ്പിച്ചു; അതു് പാട്ടി, വിപ്ലവകാരികളും, ഭരണപരിഷ്കാരവാദികളും എന്നു രണ്ടായി പിരിഞ്ഞതുകൊണ്ടല്ല—അതു് ഞാൻ 1903—ൽ തന്നെ മനസ്സിലാക്കിയിരുന്നു—ഈ ഭരണപരിഷ്കാരവാദികൾക്കു ലെനിനോടുള്ള വിരോധം കണ്ടിട്ടു്. ഒരു പഴയ റഞ്ചർക്കുഴലിൽനിന്നു് അമിതമായ സമ്മർദ്ദംകൊണ്ടു

പുറത്തേയ്ക്കു ചാടുന്ന വെള്ളംപോലെ ആ വിരോധം അവരുടെ പ്രസംഗങ്ങളിൽ അങ്ങിങ്ങായി പുറത്തേയ്ക്കു തുറിച്ചും പൊട്ടിപ്പുറപ്പെട്ടും ഇരുന്നിരുന്നു.

എന്താണു് പറഞ്ഞതെന്നല്ല എല്ലായിപ്പോഴും പ്രധാനമായിട്ടുള്ളതു്; എങ്ങിനെയാണു് പറഞ്ഞതെന്നാണു്. പ്ലെഖാനോവു് ഒരു പുത്തൻക്ലാറകാരൻ പാതിരിയെപ്പോലെ, കഴുത്തുവരെ ഖട്ടനിട്ടിട്ടുള്ള ഒരു ഉടുപ്പിട്ടു് സമ്മേളനം ഉൽഘാടനംചെയ്ത പ്രസംഗിച്ചതു്, തന്റെ അഭിപ്രായങ്ങൾ അഭേദ്യങ്ങളാണെന്നുറപ്പുള്ള ഒരു മതപ്രാസംഗികനെപ്പോലെയാണു്. ഓരോ വാക്കും ഓരോ നിത്തലും അത്രയും വില പ്പെട്ടതായിരുന്നു. അയാൾ ജനങ്ങൾക്കു പരിയായി നിന്നു്, തന്റെ ചന്തത്തിൽ വാത്തെടുത്ത വാചകങ്ങൾ നിപുണമാംവണ്ണം കനംനോക്കിയിരുന്നു. ബോൾഷെവിക്കുകാരുടെ ബഞ്ചിൽനിന്നു് ആരെങ്കിലും ഒരു ശബ്ദം ഉണ്ടാക്കുകയോ, അടുത്തിരുന്ന സഖാവിനോടു് എന്തെങ്കിലും മന്ത്രിക്കുകയോ ചെയ്താൽ ബഹുമാന്യനായ പ്രാസംഗികൻ, ഒന്നു നിറുത്തി അയാളുടെ നേക്കു് ഒരു സൂചിപോലെ തന്റെ നോട്ടം പായിക്കും. പ്ലെഖാനോവിനു് തന്റെ ഉടുപ്പിലെ ഒരു ഖട്ടൺ വളരെ പ്രിയപ്പെട്ടതായിരുന്നു. അയാൾ ഇളവില്ലാതെ അതിനെ ഓമനിച്ചുതലോടി; ഇടയ്ക്കു നിത്തുമ്പോൾ ഒരു ഇലകുടിക്കുബെല്ലെന്നപോലെ പിടിച്ചമർത്തി—ഈ അമർത്തലാണു് തന്റെ പ്രസംഗത്തിന്റെ ഒഴുക്കിനെ തടഞ്ഞിരുന്നതെന്നു തോന്നും.

ഒരിക്കൽ ഒരു യോഗത്തിൽവെച്ചു് ആരുടെയോ ചോദ്യത്തിനു മറുപടിപറയാൻവേണ്ടി എഴുന്നേറ്റ പ്ലെഖാനോവു് കൈകെട്ടി, ഹാ എന്നുറക്കെ ഉച്ചരിച്ചു. ഇതു ബോൾഷെവിക്കുപ്രവർത്തകന്മാരുടെ ഇടയിൽ ഒരു പൊട്ടിച്ചിരിയുണ്ടാക്കി. പ്ലെഖാനോവു് തന്റെ പുരികങ്ങൾ ഉയർത്തി; കവിൾത്തടം വിളർത്തുപോയി. 'കവിൾത്തടം' എന്നു പറയാൻ കാരണം, ഞാൻ ഇരുന്നിരുന്നതു പ്രസംഗപീഠത്തിന്റെ ഒരു ഭാഗത്തായിരുന്നുവെന്നതാണു്. ഒരു ഭാഗത്തുനിന്നേ പ്രാസംഗികനെ എനിക്കു കാണാൻ കഴിഞ്ഞിരുന്നുള്ളൂ.

ട്രെഖാനോവ് ആദ്യത്തെ സമ്മേളനത്തിൽ പ്രസംഗിക്കുമ്പോൾ, ബോൾഷെവിക്കുബഞ്ചുകളിൽ ഏറ്റവുമധികം അസ്വസ്ഥനായി കാണപ്പെട്ടതു ലെനിനെയാണു്. ഒരിക്കൽ കരുകളിരുന്നതോന്നിയപോലെ അദ്ദേഹം ചൂളിപ്പിടിച്ചിരുന്നു; പിന്നെ ഉച്ഛ്വസിക്കുന്നമാതിരി കൈകാലുകൾ പരത്തി, തന്റെ വിരലുകൾതമ്മിൽ കോർത്തുപിടിച്ചു; താടി തിരുമ്മി; തല കുലുക്കി-എം. പി. ടോംസ്കിയോടു് എന്തോ പിറുപിറുത്തു. ട്രെഖാനോവ് പാർട്ടിയിൽ 'റിവിഷണിസ്റ്റുകൾ' (തത്ത്വശാസ്ത്രം തിരുത്തണമെന്നു വാദിക്കുന്നവർ) ഇല്ലെന്നു പ്രഖ്യാപിച്ചപ്പോൾ ലെനിൻ കുനിഞ്ഞിരുന്നു. തലയിൽ കഷണ്ടിയുള്ള ഭാഗം ചുവന്നു. അമർത്തപ്പെട്ട ചിരികൊണ്ടു ചുമലുകൾ കുലുങ്ങി. അദ്ദേഹത്തിന്നടുത്തും പിന്നിലും ഉണ്ടായിരുന്ന പ്രവർത്തകന്മാരും മന്ദഹസിച്ചു; ഹാളിന്റെ പിന്നിൽനിന്നു് ഒരു ശബ്ദം ഉറക്കെ, നിരുന്മേഷമായി വിളിച്ചുചോദിച്ചു: "അവിടെ ഇരിക്കുന്ന അവരോ?"

മുറിയവനായ തിയോ ഡോർ, സത്യത്തിനോടു തനിക്കുള്ള ബന്ധം അച്ഛനും മകളും തമ്മിലുള്ള ബന്ധമാണെന്നമട്ടിലാണു് സംസാരിച്ചതു്—അയാളാണു് അതിനെ സൃഷ്ടിച്ചതും വളർത്തിക്കൊണ്ടുവന്നതും, ഇന്നും വളർത്തിക്കൊണ്ടുവരുന്നതും. അയാൾ കാൾമാർക്സിന്റെ അവതാരമായിരുന്നു! ബോൾഷെവിക്കുകാർ അജ്ഞാനികളും ഒസ്സഭാവികളുമായ പിള്ളർ! ഇതു് അവർക്കു മെൻഷെവിക്കുകാരുമായുള്ള ബന്ധത്തിൽനിന്നു വ്യക്തമായിരുന്നു. മെൻഷെവിക്കുകാരുടെ ഇടയിലല്ലേ "ഏറ്റവും യോഗ്യന്മാരായ മാർക്സിസ്റ്റുകൾ!"

"നിങ്ങൾ മാർക്സിസ്റ്റുകാരല്ല." അയാൾ നിർദ്ദാക്ഷിണ്യം പറഞ്ഞു. "അല്ല, മാർക്സിസ്റ്റുകാരല്ല നിങ്ങൾ!" ഇതും പറഞ്ഞു് അയാൾ തന്റെ മഞ്ഞനിറത്തിലുള്ള മുഷ്ടി പുറത്തുകാട്ടി. ഒരു പ്രവർത്തകൻ അയാളോടു ചോദിച്ചു: "നിങ്ങൾ വീണ്ടും ലീബറൽകാരുടെ കൂടെ ചായ കുടിയ്ക്കാൻ പോകുന്നതെപ്പോഴാണു്?"

ആദ്യത്തെ സമ്മേളനത്തിലാണോ മാട്ടോവ് പ്രസംഗിച്ചതെന്നു്, എനിക്കോർമ്മയില്ല. അത്യുത്കടമായ ആകർഷകത്വമുള്ള

ഈ മനുഷ്യൻ കരുണയുടെ അവേശത്തോടുകൂടി പ്രസംഗിച്ചു. വഴക്കിനേയും ഭിന്നിപ്പിനേയും പൊല്ലാ വല്ലാതെ വേണ്ടപ്പെട്ടന്നവിധത്തിലായിരുന്നു അയാളുടെ പ്രസംഗം. അയാളുടെ ദേഹമാസകലം വിറകൊണ്ടു; അയാൾ മുമ്പോട്ടും പിമ്പോട്ടും കിടന്നാടി: തന്റെ തേച്ച കോളർ കെട്ടഴിച്ചും, ആംഗ്യംകാണിച്ചും നിന്നു അയാൾ. കുപ്പായക്കയ്യിന്റെ ഭാഗം കോട്ടിന്റെ അടിയിൽനിന്നു പുറത്തു വന്നപ്പോൾ, അതു സ്ഥാനത്തേയ്ക്കിടുക്കാൻ വേണ്ടി അയാൾ കൈപൊക്കി കുലുക്കു കുലുക്കി. മാട്ടോവ് വാദിക്കുകയാണെന്നല്ല തോന്നിയതു്. അഭ്യർത്ഥിക്കുകയും യാചിക്കുകയും ആണു് ചെയ്തതു്. ''ഈ വിടവു നികത്തണം; കക്ഷികളായി പിരിയുവാൻ പാട്ടില്ല; മറെല്ലാറ്റിനും മുമ്പായി തൊഴിലാളികൾക്കു സ്വാതന്ത്ര്യം കിട്ടണം; അവരെ നൈരാശ്യപ്പെടുത്തിക്കൂടാ.'' ചിലപ്പോൾ. പ്രസംഗത്തിന്റെ ആദ്യഭാഗത്തു്, അയാൾക്കു മനസ്സിളകിയിരുന്നപോലെ തോന്നി. വാക്കുകളുടെ ആധിക്യത്തിൽ പ്രാസംഗികൻ തന്നെത്തന്നെ കാണാതായി. കാണികളിൽ അയാൾ സ്വയം ഒരു വേദനയുടെ പ്രതീതിയുളവാക്കി. പ്രസംഗത്തിന്റെ അവസാനത്തിൽ, അതായിട്ടു വളരെ ബന്ധമൊന്നുമുണ്ടായിട്ടല്ല, അയാൾ അതേ ''സമര''ശബ്ദത്തിൽത്തന്നെ പ്രവർത്തിക്കണമെന്നു വാദിക്കുന്ന കക്ഷിക്കാരുടെ നേരെ തട്ടിക്കേറാനും ആയുധമെടുത്ത സമരത്തിനു തയ്യാറാകുന്ന പ്രവർത്തനങ്ങളെ എതിർക്കാനും തുടങ്ങി. ബോൾഷെവിക്ക്'ബഞ്ചിൽനിന്നു് ഒരു പ്രതിനിധി ഇങ്ങിനെ വിളിച്ചു പറഞ്ഞതു് എനിക്കോർമ്മയുണ്ടു്: ''അതാ അവിടെയാണു് കായ്യം കിടക്കുന്നതു്''. ''ട്രോസ്കിയാണെന്നു തോന്നുന്നു ഇങ്ങിനെ വിളിച്ചുപറഞ്ഞു. ''സഖാവു് മാട്ടോവിന്റെ മനസ്സുമാധാനത്തിനു ഞങ്ങടെ കൈകൊണ്ടു മുറിവുകളയണോ?''

വീണ്ടും പറയട്ടെ, മാട്ടോവ് ആദ്യത്തെ യോഗത്തിലാണോ സംസാരിച്ചതെന്നു് എനിക്കോർമ്മയില്ല. ഞാനിതൊക്കെ പറഞ്ഞതു് ഓരോരുത്തരും ഇന്നിന്ന തരത്തിലാണു് സംസാരിച്ചതെന്നു് വിവരിക്കാൻവേണ്ടിയാണു്.

അദ്ദേഹത്തിന്റെ പ്രസംഗത്തിനുശേഷം ഹാളിന്നടുത്തുള്ള ഒരു മുറിയിലുണ്ടായിരുന്ന തൊഴിലാളികൾ നിരുന്മേഷകരമായ ഒരു

വാദപ്രതിവാദം നടത്തി: ''നിങ്ങൾക്കിതാ, മോട്ടോവ്° ഉണ്ട്°. അയാൾ 'ഇസ്ക്ര' സംഘത്തിലെ ഒരംഗമാണ°! നമ്മുടെ ബുദ്ധിമാന്മാരായ സ്നേഹിതന്മാർ നിറംമാറുന്നു.'' റോസാലക്സംബുർഗ്° തുലോം ഫലപ്രദമായ ആക്ഷേപാലങ്കാരത്തോടെ ആവേശജനകമായ ഒരു സജീവപ്രസംഗം ചെയ്തു.

ലെനിൻ പ്രസംഗിക്കുന്നു

എന്നാൽ ഇതാ ലാഡിമീർ ഇലിഷ്° പ്രസംഗമണ്ഡലത്തിലേയ്ക്കു ക്ഷണിക്കപ്പെട്ട കയറിവന്നു തന്റെ പരുക്കൻമട്ടിൽ ''സഖാക്കളേ'' എന്നു സമാരംഭിക്കുകയായി. അദ്ദേഹം മോശമായിട്ടാണ° പ്രസംഗിക്കുന്നതെന്നു° എനിക്കു തോന്നി. പക്ഷേ, ഒരു നിമിഷമേ കഴിഞ്ഞുള്ളൂ, ഞാനും മറെറല്ലാവരും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ആണ്ടുമുഴുകാൻ. വളരെ കുഴപ്പങ്ങളുള്ള രാഷ്ട്രീയപ്രശ്നങ്ങളും ഇത്ര സരളമായി പ്രതിപാദിക്കുന്നതു ഞാനന്നാണ° ആദ്യമായി കേട്ടതു°. അദ്ദേഹം ശക്തിയുള്ള വാക്കുകളുപയോഗിച്ചിരുന്നില്ല; ഓരോ വാക്കും വ്യക്തമായി ഉച്ചരിച്ചു; ഓരോ വാക്കിന്റെയും അർത്ഥം അത്ഭുതകരമാംവണ്ണം വ്യക്തമായിരുന്നു. അദ്ദേഹം മനസ്സിലുണ്ടാക്കിയ ആ അസാധാരണമായ അഭിപ്രായത്തെ വായനക്കാരനു° പകർത്തിത്തരുവാൻ വളരെ പ്രയാസമാണു°.

കൈ നീട്ടി കൈപ്പടം തെല്ലൊന്നു പൊന്തിച്ചുള്ള ആ മട്ടു കണ്ടാൽ ഓരോ വാക്കും തൂക്കിനോക്കിയിരുന്നതുപോലെ തോന്നും. തൊഴിലാളിവർഗ്ഗത്തിനു° മുന്നോട്ടുപോകുവാനുള്ള അവകാശവും ചുമതലയും വ്യക്തമാക്കിക്കൊണ്ടും അതു മുതലാളിവർഗ്ഗത്തോടൊപ്പമോ അവരുടെ കൂടേയോ പോയിട്ടില്ല എന്നു വിശദമായി എടുത്തു കാണിച്ചും അദ്ദേഹം തന്റെ എതിരാളികളുടെ വാദമുഖങ്ങളെ ആ കയ്യിലിട്ടു തെള്ളി. ഇതെല്ലാം അസാധാരണമായിരുന്നു. സ്വന്തം പ്രചോദനംകൊണ്ടല്ല, ചരിത്രത്തിന്റെ പ്രചോദനംകൊണ്ടാണ° ലെനിൻ ഇതൊക്കെ പറഞ്ഞിരുന്നതെന്നു തോന്നി.

പ്രസംഗത്തിന്റെ ദൃഢബന്ധം, സംവൃത്തത, ഋജുസ്വഭാവം,

ഉത്തേജസ്വലത, പ്രസംഗപീഠത്തിലുള്ള തന്റെ ആ നില—ഇവയൊരോന്നും ഒരു തനി സാങ്കേതികകലാവ്യുഷ്ടിയായിരുന്നു; അവിടെ എല്ലാമുണ്ട്, ഒന്നും അധികമില്ലതാനും. വല്ല കുറവുകളുമുണ്ടെങ്കിൽ ആരും അതു കണ്ടെടുത്തില്ല. അവയെല്ലാം മുഖത്തു രണ്ടു കണ്ണുകളെപ്പോലെയും കയ്യിന്മേൽ അഞ്ചു വിരലുകളെപ്പോലെയും അതു സാധാരണങ്ങളും അപരിഹാര്യങ്ങളുമായിരുന്നു.

തന്റെ മുമ്പു പ്രസംഗിച്ചവരുടേതിനേക്കാൾ ചെറുതായിരുന്ന അദ്ദേഹത്തിന്റെ പ്രസംഗം. എന്നാൽ അവയേക്കാൾ ബലവത്തരമായ ഒരനുഭൂതിയാണ് അതുണ്ടാക്കിയതു്. ഇതു് എന്റെ മാത്രമുള്ള ഒരു തോന്നലായിരുന്നില്ല; എന്റെ പിന്നിൽ ആവേശം പിടിച്ച ഒരു മന്ത്രിക്കലുണ്ടായി: ''ഇപ്പോൾ അദ്ദേഹത്തിനു ചിലതു് പറയാനുണ്ട്.'' അതു യഥാർത്ഥമുമായിരുന്നു. അദ്ദേഹത്തിന്റെ തീപ്പുകൾ കൃത്രിമമായി എത്തിച്ചേർന്നവയല്ല; അനിഷേധ്യമായി സ്വയം വളർത്തിയെടുത്തവയാണ്. പ്രസംഗത്തോടു് ലെനിനോടുതന്നെയും ഉള്ള അപ്രീതിയെ മറച്ചുവെയ്ക്കാൻ മെൻഷെവിക്കുകാർ ഒരു ശ്രമവും ചെയ്തില്ല. വിപ്ലവപരമായ ശാസ്ത്രം അങ്ങേ അറ്റംവരെ വളർത്തിക്കൊണ്ടു വരേണ്ടുന്ന ആവശ്യകതയെ എത്രകണ്ടു പാർട്ടിക്കു ബോധപ്പെടുംവണ്ണം അദ്ദേഹം വ്യക്തമാക്കിയോ, അങ്ങിനെ പ്രവർത്തനങ്ങളെ അതിന്റെ വെളിച്ചത്തിൽവെച്ചു പരിശോധിയ്ക്കേണ്ടതാണെന്നു് എത്രകണ്ടു വിശദമാക്കിയോ, അത്രകണ്ടു് അവരധികം ഞെണ്ണിയെടുത്തു് ഇടയിൽ കയറി പറഞ്ഞുതുടങ്ങി. ''കോൺഗ്രസ്സല്ല തത്വശാസ്ത്രപ്രസംഗത്തിനുള്ള സ്ഥലം! മാസ്റ്ററെപ്പോലെ അഭിനയിക്കാതിരിക്കൂ. സ്കൂൾക്കുട്ടികളല്ല, ഞങ്ങൾ.''

ഒരു ഷാപ്പുടമസ്ഥനെപ്പോലെയിരുന്ന തടിച്ചുകുംകുടിയ ഒരു താടിക്കാരൻ പ്രതിനിധിയാണ് വിശേഷിച്ചും തട്ടിക്കേറിയിരുന്നതു്. അയാൾ തന്റെ ഇരിപ്പിടത്തുനിന്നു ചാടി എഴുന്നേറ്റുനിന്നു വിക്കി വിക്കി പറഞ്ഞു: ''ചെറിയ ഗ്രൂ—ഡാ—ലോചനകർ! ചെറിയ ഗ്രൂപ്പു—തന്ത്രങ്ങളെക്കൊണ്ടു കളിയ്ക്കുകയാണ്! ബ്ലാങ്കിസ്റ്റുകൾ!''—

റോസാ ലുക്സംബുർഗ് ലെനിൻ പറയുന്നതെല്ലാം ശരിവെയ്ക്കു

ന്ന മട്ടിൽ തല കുലുക്കിയിരുന്നു. അവസാനമുണ്ടായ കരുസമ്മേളനത്തിൽവെച്ച് അവർ മെൻഷെവിക്കുകാരെപ്പറ്റി കരുവൃത്തിയായ അഭിപ്രായം പറഞ്ഞു: ''നിങ്ങൾ മാർക്സിസത്തിന്മേൽ നില്ക്കുകയല്ല. അതിന്മേൽ ഇരിക്കുകയാണു് നിങ്ങൾ; അഥവാ, അതിന്മേൽ കിടക്കുകതന്നെയാണു്!''

അഹിതകാംക്ഷിയായ, ശുണ്ഠിപിടിപ്പിയ്ക്കുന്ന കരെരിയുന്ന ജ്വാല,—നിന്ദാപരിഹാസങ്ങൾ, അവജ്ഞ ഇവ ആ ഹാളിലാകെ പടർന്നുവീശി. ലെനിനെ പ്രതിബിംബിപ്പിച്ചിരുന്ന കണ്ണാടി കരുനൂറതരം സ്ഫോടങ്ങളെ പ്രകടിപ്പിച്ചു. എതിരാളികളുടെ ഇരുനിരസജന്യങ്ങളായ കുത്തുകളൊന്നും അദ്ദേഹത്തിന്റെ മേൽ അത്രയൊന്നും ഏശിയതായി കണ്ടില്ല. അദ്ദേഹം ആവേശരേതാടുകൂടി,—എന്നാൽ ദൃഢതയോടും സൌമ്യതയോടും കൂടി,—സംസാരിച്ചുപോയി—ഇരു ശാന്തതയ്ക്കുവേണ്ടി എത്രമാത്രം ക്ലേശമനുഭവിച്ചിരിയ്ക്കുന്നെന്നു കുറച്ചുദിവസങ്ങൾ കഴിഞ്ഞപ്പോഴാണു് എനിക്കു മനസ്സിലായതു്. ''തികച്ചും വളർന്നുവന്ന കരു തത്ത്വശാസ്ത്രത്തിന്റെ സഹായംകൊണ്ടേ പാർട്ടിയ്ക്കുള്ളിലുള്ള ഭിന്നിപ്പുകളുടെ കാരണങ്ങൾ കാണാൻ കഴിയൂ'' എന്ന വെറും സാധാരണമായ വിചാരംകൊണ്ടു് അദ്ദേഹത്തിന്റെ നേരെ ഇരുമ്പും ശക്തിയായ എതിപ്പുണ്ടായതു് അത്ഭുതകരവും ദുസ്സഹകരവുമായിരുന്നു.

കോൺഗ്രസ്സ് കുറേ ദിവസം നീണ്ടുനിന്നതോടെ ലാഡിമീർ ഇലിഷിനു ശക്തി കൂടിവരുന്നുണ്ടെന്നുള്ള ഒരഭിപ്രായം എന്റെ മനസ്സിൽ സ്വയം രൂപമെടുത്തു; അതു് അദ്ദേഹത്തിനു് അധികം ധൈര്യവും വിശ്വാസവും ഉളവാക്കി. കുറേ ദിവസം ചെല്ലുന്തോറും അദ്ദേഹത്തിന്റെ പ്രസംഗങ്ങൾക്കു് അധികം ദാർഢ്യം വെച്ചുതുടങ്ങി; കോൺഗ്രസ്സിലെ ബോൾഷെവിക്കു് കക്ഷി പിന്നെപ്പിന്നെ വളയാത്തവരും വിട്ടുവീഴ്ച ചെയ്യാത്തവരുമായിത്തീർന്നു. ഈ പ്രസംഗം നിർത്തിയാൽ, പിന്നെ എന്നെ ഏറ്റവുമധികം പിടിച്ചുലയ്ക്കിവിട്ടതു്, റോസാലക്സംബുർഗ്ഗിന്റെ മെൻഷെവിക്കുകാക്കെതിരായ ആ ചുവപ്പൊക്കുള്ള ഗംഭീരപ്രസംഗമാണു്. പിന്നെത്തെ, ലേബർകോൺഗ്രസ്സു് വേണമെന്ന അഭിപ്രായത്തിനെ

തകർത്തുകൊണ്ടു പി. ടോംസ്കി ചെയ്ത പ്രസംഗത്തിലെ കുടംകൊണ്ടുള്ള ഭയങ്കരമേട്ടങ്ങളും.

ലെനിനും തൊഴിലാളികളും.

തനിയ്ക്കുഴിവുള്ള നിമിഷങ്ങളോ മണിക്കൂറുകളോ, ലെനിൻ തൊഴിലാളികൾക്കിടയിൽ, അവരുടെ ജീവിതങ്ങളിലെ ഏറ്റവും നിസ്സാരങ്ങളായ വിവരങ്ങൾപോലും ചോദിച്ചുകൊണ്ടു ചെലവഴിച്ചുപോന്നു.

''അവരുടെ ഭാര്യമാരോ? മക്കൾ? കുടുംബജോലിയിലാണോ? അവൾക്കു വല്ലതും വായിക്കാനോ, പഠിക്കാനോ, തരപ്പെട്ടുന്നുണ്ടോ?''

ലണ്ടൻകോൺഗ്രസ്സിൽവെച്ചു ലെനിനെ ആദ്യമായി കാണാനിടയായ ഒരു കൂട്ടം തൊഴിലാളികൾ ഒരിയ്ക്കൽ ഹൈഡ്പാർക്കിൽവെച്ചു് അദ്ദേഹത്തിന്റെ സ്വഭാവത്തെപ്പറ്റി സംസാരിയ്ക്കുന്നതു കേട്ടു. അവരിൽ ഒരാൾ ഒരു പ്രസ്താവാർഹമായ അഭിപ്രായം പുറപ്പെടുവിച്ചു. ''എനിയ്ക്കറിയാവുന്നേടത്തോളം പറയുകയാണെങ്കിൽ, അയാളെപ്പോലെ മിടുക്കന്മാരായവർ യൂറോപ്പിൽ തൊഴിലാളികളുടെ കൂട്ടത്തിലുണ്ടാവാം; എന്നാൽ അയാളെപ്പോലെ കാര്യം കൃത്യമായി മനസ്സിലാക്കുന്ന ഒരൊറ്റ ആളെ നിങ്ങൾ കണ്ടെത്തുമെന്നു് എനിയ്ക്കു തോന്നുന്നില്ല.''

മറ്റൊരുത്തൻ സന്ദിഗ്ധം ഇങ്ങിനെ കൂട്ടിച്ചേർത്തു: ''അയാൾ തീച്ചയായും നമ്മളിൽ ഒരാളാണു്.'' ''പ്രൊഫാനോവും നമ്മളിൽ ഒരാളല്ലേ?'' ഒരാൾ തിരിച്ചടിച്ചു. അതിനു ഞാൻ കേട്ട മറുപടി കുറിയ്ക്കുകൊണ്ടു: ''പ്രൊഫാനോവു് എപ്പോഴും നിന്നെ പഠിപ്പിയ്ക്കുന്നതിരിയാണു്. നിന്റെ മീതേ കാരോന്നും ശാസിച്ചുവെയ്ക്കുകയാണു്. ലെനിൻ യഥാർത്ഥമായ ഒരു നേതാവും ഒരു സഖാവുമാണു്''. ഒരു ചെറുപ്പക്കാരൻ നേരമ്പോക്കിൽ പറഞ്ഞു: ''പ്രൊഫാനോവിന്റെ കോട്ടു കുറച്ചു കൂടുതലാണു് അയാൾക്കു്.''

കുറവുസമയത്തിൽ ഞങ്ങൾ ഒരു ഹോട്ടലിലേയ്ക്കു പോകുമ്പോൾ

വഴിക്കുവെച്ച് ഒരു തൊഴിലാളി, ഒരു മെൻഷെവിക്ക്, ഒരു ചോദ്യം ചോദിയ്ക്കാൻ ലെനിനെ ഇടയ്ക്കു നിത്തി—ഇലിഷ് പിന്നിൽപ്പെട്ടു; ബാക്കിയുള്ളവർ നടന്നു. അഞ്ചു മിനിട്ടു കഴിഞ്ഞപ്പോഴേക്കും മുഖം കറുപ്പിച്ചുകൊണ്ട് അദ്ദേഹം ഹോട്ടലിൽ വന്നു പറഞ്ഞു: ''ഇത്തരത്തിൽ ഒന്നും മനസ്സിലാകാത്ത ഒരു വങ്കൻ പാട്ടി കോൺഗ്രസ്സിനു വന്നതു് ആശ്ചര്യകരംതന്നെ, അയാളെന്നോടു് ചോദിക്കുകയാണു്, ഈ വാദപ്രതിവാദത്തിനുള്ള കാരണമെന്താണെന്നു്! ഞാനയാളോടു് പറഞ്ഞു. 'ഇതാണു് കാരണം: നിങ്ങളുടെ സ്നേഹിതന്മാക്ക് പാർല്ലിമെണ്ടിൽ പോകണമെന്നുണ്ടു്; ഞങ്ങടെ തൊഴിലാളിവർഗ്ഗം ഒരു സമരത്തിനു തെയ്യാറാവണമെന്നു വിശ്വസിയ്ക്കുന്നവരാണു്.' അയാൾക്കു മനസ്സിലായെന്നാണു തോന്നുന്നതു്.''

ആ ചെലവു കുറഞ്ഞ ചെറിയ ഹോട്ടലിൽത്തന്നെയാണു് ഞങ്ങൾ പലരും ഒരുമിച്ചു ഭക്ഷണം കഴിയ്ക്കുക പതിവു്. ലാഡിമീർ ഇലിഷ് വളരെ കുറച്ചേ തിന്നാറുള്ളുവെന്നു ഞാൻ കണ്ടു—രണ്ടുമൂന്നു പൊരിച്ച മുട്ട, ഒരു കഷണം പന്നിയിറച്ചി, ഒരു പാത്രം കറുത്ത ബീർ. അദ്ദേഹം അവനവനെക്കുറിച്ചു വളരെ കുറച്ചേ ശ്രദ്ധിച്ചിരുന്നുള്ളു. തൊഴിലാളികളെക്കുറിച്ചു് അദ്ദേഹത്തിനുണ്ടായിരുന്ന ശ്രദ്ധയോ ആശ്ചര്യകരമായിരുന്നു.

എം. 'എഫ്'. ആൽഡ്രെയ്വായായിരുന്നു ഹോട്ടൽ നടത്തിയിരുന്നതു്. അദ്ദേഹം ആ സ്ത്രീയോടു ചോദിയ്ക്കും, ''നിങ്ങളെന്താണു് കരുതുന്നതു്? തൊഴിലാളികൾക്കു വേണ്ടുന്നതു ഭക്ഷണം കിട്ടാനുണ്ടോ? ഇല്ലേ? ആ, ഹും, ഹും, നമുക്കു കുറച്ചുകൂടി റൊട്ടിയും മാംസവും തയ്യാറാക്കണം.''

ഒരിയ്ക്കൽ ഞാൻ താമസിച്ചിരുന്ന ഹോട്ടലിൽ വന്നപ്പോൾ അദ്ദേഹം കിടക്കയുടെ തൊട്ടുതലോടിനോക്കുന്നതു ഞാൻ കണ്ടു.

''എന്താ നോക്കുന്നതു്?'' ഞാൻ ചോദിച്ചു. ''തുണികൊണ്ടു നല്ലപോലെ കാറത്തിട്ടിട്ടുണ്ടോ എന്നു നോക്കുകയാണു്.'' അദ്ദേഹം മറുപടി പറഞ്ഞു.

ആദ്യം എനിയ്ക്കു മനസ്സിലായില്ല. ലണ്ടനിലെ കിടയ്ക്കുവിരിപ്പുകളെപ്പറ്റി അറിഞ്ഞിട്ട് അദ്ദേഹത്തിനു കായ്മെന്തു? എന്റെ അമ്പരപ്പു കണ്ടിട്ട് അദ്ദേഹം പറഞ്ഞു: ''നിങ്ങൾ സ്വന്തം കായ്ത്തിൽ മനസ്സുവെയ്ക്കണം.''

1918-ലെ ഹേമന്തകാലത്തു്, ഡ്മിട്രിപാവ്ലോവിലെ ഒരു തൊഴിലിളിയോടു ഞാൻ ചോദിച്ചു, ലെനിന്റെ ഏറ്റവും ഉള്ളിൽത്തട്ടുന്ന സ്വഭാവവിശേഷമെന്താണെന്നു്. അയാൾ മറുപടി പറഞ്ഞു, ''ആഡംബരമില്ലായ്മ. അദ്ദേഹം സത്യംപോലെ ലളിതമാണു്.'' വളരെ കാലം മുമ്പാലോചിച്ചു തീരുമാനിച്ചിട്ടുള്ള ഒരു കായ്മംപോലെയാണു് അയാൾ ഇതു പറഞ്ഞതു്.

ഒരാളുടെ കീഴിൽ ജോലി ചെയ്യുന്നവരാണു് അയാളുടെ ഏറ്റവും കക്ഷിന്മാരായ വിമർശകന്മാർ എന്നതു സുവിദിതമായ ഒരു വാസ്തവമാണു്. ലെനിന്റെ മോട്ടോർഡ്രൈവർ ജിൽ, വളരെ പരിചയം പെന്നവനാണയാൾ, ഒരിയ്ക്കൽ പറഞ്ഞു, ''ലെനിൻ തികച്ചും ഒറ്റപ്പെട്ടനില്ക്കുന്ന ഒരു വ്യക്തിയാണു്. അദ്ദേഹത്തെപ്പോലെ മറ്റൊരാളില്ല. ഞാനൊരിയ്ക്കൽ അദ്ദേഹത്തെ മ്യാസ്നിട്സ്കയാതെരുവിലൂടെ കൊണ്ടുപോവുകയായിരുന്നു. അപ്പോൾ വളരെ തിങ്ങിയ ഗതാഗതമുണ്ടായിരുന്നതാനും. ഞാൻ കാർ മുമ്പോട്ടു് ഓടിച്ചില്ല; അതു കൂട്ടത്തിൽ പെട്ട ചതഞ്ഞെങ്കിലോ എന്നു ഭയപ്പെട്ടു് എപ്പോഴും 'ഹോൺ' ഞ്ഞുചിച്ചുകൊണ്ടേയിരുന്നു. അദ്ദേഹം വാതിൽ തുറന്നു, ചവിട്ടുപടിയിന്മേൽ നിന്നു—അതിലെ പായുന്ന മറ്റു വണ്ടികളെ തട്ടിയിട്ടേയ്ക്കും—എന്റെ പുറത്തു തൊട്ടു മുന്നോക്കം പോകുവാൻ പറഞ്ഞു. 'പരിഭ്രമിയ്ക്കരുതു്', ജിൽ, മറ്റെല്ലാവരെപ്പോലെ മുന്നോട്ടു പോവുക.' ഞാനൊരു പഴയ ഡ്രൈവറാണു്. മറ്റൊരാളും അതു ചെയ്യില്ലെന്നു് എനിയ്ക്കറിയാം.''

അദ്ദേഹത്തിന്റെ അഭിപ്രായങ്ങളും ഇതേവഴിക്കു സരളമായും സാധാരണമായും കഴുകിയിരുന്നതെങ്ങിനെയെന്നു വായനക്കാരനെ മനസ്സിലാക്കാൻ പ്രയാസമാണു്. ഒരു അയസ്കാന്തസൂചിയുടെ മാതിരി, അദ്ദേഹത്തിന്റെ ചിന്തകളും എപ്പോഴും തൊഴിലാളികളുടെ വഴ്ത്താൽപര്യങ്ങളുടെ നേർക്കു തിരിഞ്ഞുനിന്നു.

ലണ്ടനിൽവെച്ച് ഒരൊഴിവുള്ള സായാഹ്നവേളയിൽ ഞങ്ങൾ ചുരുക്കംപേർകൂടി അവിടെയുള്ള വിനോദശാലയിലേയ്ക്കു പോയി.

ലാഡിമീർ ഇലിഷ് വിദ്വാന്മാരേയും ഫലിതക്കാരേയും കണ്ട് ഉറക്കെ ചിരിച്ചിരുന്നു. മറവുള്ളവരെ അദ്ദേഹം ശ്രദ്ധിച്ചിരുന്നതേയില്ല. ബ്രിട്ടീഷ് കൊളംബിയയിലെ തൊഴിലാളികൾ മരം വീഴ്ത്തുന്നതിനെ അദ്ദേഹം വിശേഷിച്ചും ശ്രദ്ധിച്ചു കണ്ടു. പിൻഭാഗത്തു് ഒരു കാട്ടുണ്ടായിരുന്നു; മുമ്പിൽ രണ്ടു മെരുപ്പുക്കാർ ഒരു വാരയിലധികം വണ്ണമുള്ള ഒരു തടി വെട്ടി മുറിയ്ക്കുന്നുണ്ടായിരുന്നു; ഇതു് ഒരു നിമിഷത്തിനകം!

''അതു് ഇവിടത്തെ കാഴ്ചക്കാക്ക് കാണാനാണ്'' ഇലിഷ് പറഞ്ഞു: ''അവക്ക് അതു വേഗം വെട്ടി മുറിയ്ക്കാൻ കഴികയില്ല. എന്നാൽ അവർ അവിടേയും മഴു ഉപയോഗിയ്ക്കുന്നുണ്ട്. വെറുതേ കുറേ മരം നശിപ്പിയ്ക്കുന്നുമുണ്ട്. ഇതാ, ഇതാണ് ബ്രിട്ടീഷ് പരിഷ്കാരം!''

മൂലധനത്തിന്റെ കീഴിലുള്ള ഉൽപാദനത്തിലെ അരാജകത്വത്തെപ്പറ്റിയും അസംസ്കൃതപദാർത്ഥങ്ങളുടെ ഒരു വമ്പിച്ച ഭാഗം നശിപ്പിച്ചുകളയുന്നതിനെപ്പറ്റിയും അദ്ദേഹം സംസാരിച്ചുതുടങ്ങി. ആരും ഇതുവരെ അതിനെപ്പറ്റി ഒരു പുസ്തകം എഴുതിയിട്ടില്ലല്ലോ എന്നദ്ദേഹം പരിതപിച്ചു.

ഈ ആശയം എനിക്കു തികച്ചും വ്യക്തമായിരുന്നില്ലെങ്കിലും ലാഡിമീർ ഇലിഷിനോടു് ഇതിനെപ്പറ്റി ചോദിയ്ക്കുവാൻ ഞാനാളായില്ല. അദ്ദേഹം ഈ വിദ്വാൻകല നാടകലോകത്തിലെ ഒരു സവിശേഷകലാവിഭാഗമാണെന്നതിനെപ്പറ്റി ചില രസപിടിച്ച അഭിപ്രായങ്ങൾ പറയുകയായിരുന്നു. ''പൊതുവെ അംഗീകരിയ്ക്കപ്പെട്ട ആശയങ്ങളുടെ നേർക്കുള്ള ഒരു സവിശേഷപരിഹാസമനോഭാവമാണ് ഈ കല, അതിനെ അകംപുറം മറിച്ചുനോക്കാനുള്ള ഒരു ശ്രമം; ഒരു വളച്ചുപിരിക്കൽ; സാധാരണ കാണുന്നതു് സൈകയ്യത്തിനെ അടിസ്ഥാനപ്പെടുത്തി മാത്രമാണെന്നു തെളിയിയ്ക്കാൻ. അതു കുറച്ചു കുഴഞ്ഞുമറിഞ്ഞതാണ്. എങ്കിലും രസമുണ്ട്.''

രണ്ടു കൊല്ലത്തിനുശേഷം, കാപ്രിച്ചിപ്പിൽ അദ്ദേഹം എ. എ. ബോഗ്ഡാനോവിനോട് ആദ്യത്തെ നോവലിനെപ്പറ്റി സംഭാഷണം ചെയ്യുമ്പോൾ പറയുകണ്ടായി: (1) ''സിനേർ മാക്കിസ്സ്, നിങ്ങൾ തൊഴിലാളികൾക്കു വേണ്ടി, മുതലാളിത്തത്തിന്റെ സ്രാവുകൾ ഭൂമിയെ എങ്ങിനെ കവർന്നു, എണ്ണയും ഇരുമ്പും, കരിയും, മരവും എങ്ങിനെ നശിപ്പിച്ചു എന്നതിനെപ്പറ്റി ഒരു നോവലെഴുതുന്നതായാൽ അതു പ്രയോജനമുള്ള പുസ്തകമായിരിയ്ക്കും.''

പാരിസ്സിലെ ഒരു യോഗം

അദ്ദേഹം ലണ്ടനിൽവെച്ച് എന്നോട് യാത്ര പറഞ്ഞപ്പോൾ ഒരു വിശ്രമത്തിന്നായി കാപ്രിയിലേയ്ക്കു വരാമെന്നു വാഗ്ദാനം ചെയ്തിരുന്നു. പക്ഷേ, അദ്ദേഹം വരുവാൻ തീരുമാനിയ്ക്കുന്നതിനു മുമ്പു പാരിസ്സിൽ വിദ്യാർത്ഥികളുടെ രണ്ടു മുറിയുള്ള ഒരു താമസസ്ഥലത്തുവെച്ച് എനിയ്ക്കു അദ്ദേഹത്തെ കാണുവാനിടയായി. (അതു് ആകൃതികൊണ്ടു മാത്രമാണ് വിദ്യാർത്ഥികൾ താമസിയ്ക്കുന്ന ഒരു സ്ഥലമായതു്; അവിടെ കാണപ്പെട്ട വൃത്തികൊണ്ടും അച്ചടക്കം കൊണ്ടുമല്ല.) നാദേഷ്ദാ കോൺസ്റ്റൻറിനോവാ ഞങ്ങൾക്കു പായതന്നു് എവിടേയ്ക്കോ പോയി; ഞങ്ങൾ രണ്ടുപേരും മാത്രം ശേഷിച്ചു.

'സ്ഥാനിയേ' തകർന്നുകഴിഞ്ഞിരുന്നു. ലാഡിമീർ ഇലിഷുമായി, കഴിയുന്നത്ര എല്ലാ സാഹിത്യകാരന്മാരേയും ഉൾക്കൊള്ളുന്ന ഒരു പ്രസിദ്ധീകരണശാലയെ സംഘടിപ്പിയ്ക്കുന്നതിനെക്കുറിച്ചാലോചിയ്ക്കുകയാണു് ഞാനവിടെ എത്തിച്ചേർന്നതു്. റഷ്യയിലെ പുറത്തുള്ള പ്രസാധകസമിതിയായി ഞാൻ വി. വോറോ

---

(1) 'മാക്കിസം' എന്നു പറഞ്ഞിരുന്നതു് അക്കാലത്തു മാർക്സിസം പരിഷ്കരിക്കാൻ നടന്നിരുന്ന ഒരു ശ്രമത്തെയാണു്. മാർക്സിസത്തെ ആസ്പായിയിലെ പ്രകൃതിശാസ്ത്രജ്ഞനായിരുന്ന ഏണസ്റ്റ് മാക്കിന്റെ യാന്ത്രികവാദങ്ങളുടിസ്ഥാനപ്പെടുത്തിയ (Machanist theories) താത്വികാദർശപരത്വം (Philosophical idealism) കൊണ്ടു കൂട്ടിക്കുഴയ്ക്കുവാനാണു്.

വ്സ്കിയേയും മറ്റാരേയോ ഒരാളേയും അഭിപ്രായപ്പെട്ടു. അവരുടെ പ്രതിനിധിയെന്ന നിലയ്ക്കു റഷ്യയിൽ വി. എ. ഡെമ്സ്കിറ്റ്സ്കിയേയും. പാശ്ചാത്യരാജ്യങ്ങളിലേയും റഷ്യയിലേയും സാഹിത്യങ്ങളുടെ ചരിത്രത്തെപ്പറ്റി ഒരു ഗ്രന്ഥാവലി പ്രസിദ്ധീകരിയ്ക്കപ്പെടുമെന്നു് ഞാൻ വിചാരിച്ചിരുന്നു. പരിഷ്കാരചരിത്രത്തെപ്പറ്റിയുള്ള പുസ്തകങ്ങളും തൊഴിലാളികൾക്കു സ്വയം വിദ്യാഭ്യാസം നേടാനും പ്രചാരണവേലയ്ക്കും ഉതകുന്ന വിജ്ഞാനഖനികളായിത്തീരുമെന്നും ഞാൻ കരുതി. പക്ഷേ ലാഡിമീർ ഇലിഷ് സെൻസർഷിപ്പിനെ ചുണ്ടിക്കാണിച്ചു. ജനങ്ങളെ സംഘടിപ്പിയ്ക്കാനുള്ള ബുദ്ധിമുട്ടിനെ വ്യക്തമാക്കിയും ഈ പ്ലാൻ വേണ്ടെന്നു വെപ്പിച്ചു. സഖാക്കളിൽ അധികംപേരും പാട്ടിപ്രവർത്തനത്തിലായിരുന്നു; അവക്കെഴുതാൻ സമയമുണ്ടായിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ പ്രധാനമായതും ഏറ്റവും ശക്തിയുള്ളതുമായ വാദം ഏതാണ്ടിങ്ങിനെയായിരുന്നു: ''കനത്ത പുസ്തകങ്ങളെഴുതാൻ സമയമില്ല. കനത്ത ഒരു പുസ്തകം ബുദ്ധിജീവികൾ മാത്രമാണു് വായിയ്ക്കുക; അവരാകട്ടെ സോഷ്യലിസത്തെ ലിബറലിസത്തിനുവേണ്ടി ബലി കഴിയ്ക്കുകയാണെന്നു വ്യക്തമാണു്; അവർ സ്വീകരിച്ചിരിയ്ക്കുന്ന മാർഗ്ഗത്തിൽനിന്നവരെ പിന്തിരിപ്പിയ്ക്കൽ നമ്മുടെ പ്രവൃത്തിയല്ല. നമുക്കു വേണ്ടതു പതുങ്ങിയും ലഘുലേഖകളുമാണു്. സ്റ്റാനിയെ ലൈബ്രറി തുടങ്ങാൻകൊണ്ടുപോകുന്നതു നല്ലതുതന്നെ. പക്ഷേ, അതു റഷ്യയിലെ സെൻസർഷിപ്പുകാരണം അസാദ്ധ്യമാണു്; ഇവിടെയാണെങ്കിൽ ഗതാഗതത്തിനുള്ള അസൌകര്യംകൊണ്ടു നൂറായിരക്കണക്കിനു ലഘുലേഖകൾ ജനങ്ങളുടെ ഇടയിലെയ്ക്കറിയുകയാണു് നാം വേണ്ടതു്. അതുവളരെ സാഹിത്യം ചുമന്നുകൊണ്ടുപോകുന്നതും അസാദ്ധ്യമാണു്. നല്ലകാലം വരുന്നവരെ നമുക്കു കാക്കുക.''

തനിയ്ക്കു സഹജമായ ആ ഉള്ളിൽത്തട്ടുന്ന വ്യക്തതയോടും ആശയസ്ഫുടതയോടുംകൂടി അദ്ദേഹം ഡൂമാ(ക) യെപ്പറ്റിയും (ഖ) കാഡറുകാരെപ്പറ്റിയും സംസാരിയ്ക്കാൻ തുടങ്ങി. അവക്കു്

(ക) റഷ്യൻ പാർല്ലിമെന്റു്. (ഖ) റഷ്യയിലെ യാഥാസ്ഥിക—ലിബറൽകക്ഷി.

ക്ലോബറിസ്റ്റ(൮)കളാവാൻ ലജ്ജയുണ്ടായിരുന്നുവെന്നദ്ദേഹം പറഞ്ഞു. അവരുടെ മുമ്പിൽ ഒരൊറ്റ വഴിയേ തുറന്നുകിടക്കുന്നുള്ളു: വലത്തു ഭാഗത്തേയ്ക്കുള്ള വഴി. യുദ്ധം അടുത്തിരിക്കുന്നുവെന്നു തെളിയിയ്ക്കാൻ അദ്ദേഹം വളരെ വാദങ്ങൾ കൊണ്ടുവന്നു. ''ഒന്നല്ല, ഒരു യുദ്ധപരമ്പരതന്നെ ഉണ്ടായേയ്ക്കും.'' എന്നദ്ദേഹം പ്രസ്താവിച്ചു. ഈ ശകലത്തിനു വളരെ വേഗത്തിൽ ബാഡ്ക്കൻരാജ്യങ്ങളിൽ വാസ്തവമായിത്തീർന്നു.

അദ്ദേഹം എഴുന്നേറ്റുനിന്നു; തന്റെ സ്വഭാവമായ ഒരാംഗ്യത്തോടുകൂടി വേസ്റ്റ്കോട്ടിന്നുള്ളിലേയ്ക്കു തള്ളവിരൽ ഇട്ടുകൊണ്ട് ഒരു കൊച്ചുമുറിയിൽ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തിക്കൊണ്ടു തന്റെ പ്രകാശമാനങ്ങളായ കണ്ണുകൾ തെല്ലൊന്നു ചിമ്മി അദ്ദേഹം പറഞ്ഞു:

''യുദ്ധം വരുന്നുണ്ട്. അതനിവാര്യമാണ്. പുളിച്ചുനാറുന്ന സ്ഥിതിയിലെത്തിക്കഴിഞ്ഞു മുതലാളിത്തലോകം. അവസരവാദംകൊണ്ടും ദേശീയതപംകൊണ്ടും ജനങ്ങൾ അവരവർക്കു വിഷമേല്പിക്കാൻ തുടങ്ങിയിരിക്കുന്നു. നമുക്ക് ഒരു യൂറോപ്യൻ യുദ്ധം കാണാൻ കഴിയുമെന്നു തോന്നുന്നു.

''തൊഴിലാളിവർഗ്ഗമോ? ഈ കൂട്ടക്കൊലയെ തടയാനുള്ള ശക്തി തൊഴിലാളിവർഗ്ഗത്തിനുണ്ടായിക്കഴിഞ്ഞിട്ടില്ല. അതെങ്ങിനെ സാധിക്കും? യൂറോപ്പിലുള്ള എല്ലാ തൊഴിലാളികളുടേയും ഒരു പൊതുപണിമുടക്കമോ? അതിനു തക്ക സംഘടനയോ വർഗ്ഗബോധമോ ഇന്നവക്കില്ല. അത്തരത്തിലുള്ള ഒരു പണിമുടക്ക് ആഭ്യന്തരയുദ്ധത്തിനുള്ള അടയാളമായിത്തീരും. എന്നാൽ പ്രായോഗികപ്രവർത്തകന്മാരായ നാം അതു കാര്യമായെടുത്തുകൂടാ.''

അദ്ദേഹം കുറച്ചു നിർത്തി. തന്റെ ഷൂസ് നിലത്തു് ഉരച്ചുകൊണ്ടു മാനവനനായിപ്പറഞ്ഞു: ''തൊഴിലാളിവർഗ്ഗത്തിനു തീച്ചയായും ഭയങ്കരമായ കഷ്ടപ്പാട് സഹിയ്ക്കേണ്ടിവരും. കുറച്ചുകാലത്തേയ്ക്കുകൂടി ഇതിന്റെ തലയിലെഴുത്താണിതു്. എന്നാൽ

---

(൮) മുതലാളിമാരുടേയും ഭൂമിയുടമസ്ഥന്മാരുടേയും കക്ഷി.

ഇതിന്റെ ശത്രുക്കളും പരസ്പരം ക്ഷീണിപ്പിച്ചുകൊള്ളും; ഇതും കഴിച്ചുകൂടാത്തതാണു്. അദ്ദേഹം എന്റെ അടുത്തുവന്ന ശക്തിയോടുകൂടി, എന്നാലുച്ചത്തിലല്ല, അല്ലതപ്പെട്ടാലെന്നപോലെ പറഞ്ഞു: ''അല്ല. അതിനെപ്പറ്റി ആലോചിച്ചുനോക്കൂ. നല്ലവണ്ണം ക്ഷണം കഴിയുന്നവർ വിശപ്പുള്ളവരെ എന്തിനു തമ്മിൽ തല്ലിയുന്നു? ഇതിലും മരമണ്ടത്തം നിറഞ്ഞ, ഇതിനേക്കാൾ കലികേറുന്ന ഒരു കുറ്റം നിങ്ങളെക്കൊണ്ടു പറയാനാവുമോ? തൊഴിലാളികൾ ഇതിനു് ഒരു വല്ലാത്ത പാരിച്ച വില കൊടുക്കേണ്ടിവരും; പക്ഷേ ഒടുവിൽ അവക്കിതുകൊണ്ടു ലാഭമുണ്ടാവും; ചരിത്രത്തിന്റെ തീർപ്പു് ഇങ്ങിനെയാണു്.''

അദ്ദേഹം പലപ്പോഴും ചരിത്രത്തെപ്പറ്റി പറയും. എന്നാൽ വിശ്വാസമോ ആരാധനയോപോലെ അതിൽ എനിയ്ക്കു വിശ്വാസം തോന്നിയിട്ടില്ല.

അദ്ദേഹത്തിന്റെ വാക്കുകൾ അദ്ദേഹത്തെ ഇളക്കിവിട്ടു. അദ്ദേഹം ഇരുന്നു. തന്റെ നെറ്റിയിന്മേൽനിന്നു വിയർപ്പുതുള്ളികൾ തുടച്ചുകൊണ്ടു സല്ലും തണുത്ത ചായ കുടിച്ചു് അദ്ദേഹം പോടിച്ചു: ''നിങ്ങളെസ്സംബന്ധിച്ചു് അമേരിക്കയിൽവെച്ചുണ്ടായ ആ സംഗതി എന്തായിരുന്നു? അതെന്തിനെക്കുറിച്ചാണെന്നു പത്രങ്ങളിൽനിന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. പക്ഷേ അതെങ്ങിനെയാണവസാനിച്ചതു്?''

എന്റെ അന്നത്തെ അനുഭവങ്ങളെ ഞാൻ ചുരുക്കിപ്പറഞ്ഞു. ലെനിനെപ്പോലെ ഇങ്ങിനെ 'സാംക്രമികച്ചിരി' ചിരിക്കുന്ന ഒരാളെ ഞാൻ കണ്ടിട്ടില്ല. അത്തരത്തിൽ നിഷ്കൃഷ്ടനായ ഒരു യഥാസ്ഥിതവാദി, സാമൂഹ്യമായ ആപത്തിനെ ഇത്രയും നന്നായി കാണുകയും ഇത്രയും അഗാധമായി അനുഭവപ്പെടുകയും ചെയ്തിരുന്ന ഒരു വിപ്ലവകാരി, മുതലാളിത്തലോകത്തോടുള്ള വെറുപ്പിൽ ഒരെള്ളിടയ്ക്കുകിലും വിട്ടുവീഴ്ച ചെയ്യാത്ത ഒരാൾ—ഒരു കുട്ടിയെപ്പോലെ ചിരിക്കുക! തന്റെ കണ്ണുകളിൽനിന്നു വെള്ളം ചാടുന്നവരെ അദ്ദേഹം ചിരിച്ചു. ചിരിച്ചു ചിരിച്ചു വീർപ്പുമുട്ടി. അങ്ങിനെ ചിരിക്കണമെങ്കിൽ, ഏറ്റവും ആരോഗ്യപൂർണ്ണമായ ഒരു കരുത്തേറിയ

മനസ്സുവേണം, ഒരാൾക്കു്. ''ഓ, നിങ്ങളും ഒരു ഫലിതക്കാരനാണല്ലോ!'' എന്നദ്ദേഹം ചിരിക്കുന്നതിനിടയിൽ പറഞ്ഞു: ''ഇതു നേരമ്പോക്കുള്ള കുന്നാവാമെന്നു ഞാൻ ആലോചിച്ചിട്ടേ ഇല്ല.'' കണ്ണുകളം തുടച്ചുകൊണ്ടു് അദ്ദേഹം ഉടനെ ഗൌരവമവലംബിച്ചു്, സഭയമായ ഒരു മുഴുപുഞ്ചിരിയോടുകൂടി പറഞ്ഞു: ''നിങ്ങൾക്കു പരാജയത്തെ ഒരു നമ്മബുദ്ധിയോടുകൂടി സ്വീകരിപ്പാൻ കഴിയുന്നതു വളരെ നല്ലതാണു്. നമ്മബുദ്ധി ഒരൊന്നാന്തരം ഗുണമാണു്. ജീവിതം എത്രകണ്ടു വ്യസനമയമാണോ അത്രകണ്ടു നേരമ്പോക്കുള്ളതുമാണു്.'' ഒരു ദിവസം കഴിഞ്ഞു് അദ്ദേഹത്തെ ചെന്നുകണ്ടുകൊള്ളാമെന്നു സമ്മതിച്ചുകൊണ്ടാണു് ഞങ്ങളം പിരിഞ്ഞതു്. പക്ഷേ കാലാവസ്ഥ ചീത്തയായിരുന്നതിനാൽ ഞാൻ വല്ലാതെ ചോര തുപ്പാൻ തുടങ്ങി. അതിനാൽ പിറേന്നു ഞാൻ മടങ്ങി.

ലെനിൻ ഇറാലിയിൽ

പാരിസ്സിൽവെച്ചു കണ്ടതിനുശേഷം, ഞങ്ങളം പിന്നെ തമ്മിൽ കണ്ടതു കാപ്രിയിൽവെച്ചാണു്. അന്നെനിയ്ക്കു് അസാധാരണമായ ഒരനുഭവം ഉണ്ടായി. ലാഡിമീർ ഇലിഷു് കാപ്രിയിൽ വന്നതു്, അത്യന്തഭിന്നമായ രണ്ടു മനോഭാവത്തോടുകൂടിയാണെന്നപോലെ തോന്നി എനിയ്ക്കു്. ഇലിഷു്, ഞാനദ്ദേഹത്തെ കപ്പലിറങ്ങുന്നിടത്തുവെച്ചു കണ്ടപ്പോളം എന്നോടു ശക്തിയായി പറഞ്ഞു: ''എ. എം., എനിയ്ക്കറിയാം, എന്നെ മാക്കിസ്റ്റുകാരായി യോജിപ്പിയ്ക്കാൻ കഴിയുമെന്നു്, ഇതിന്റെ നിഷ്പ്രയോജനതയെപ്പറ്റി ഒരു കത്തിൽ ഞാൻ തനിയ്ക്കു താക്കീതു തന്നിട്ടും, താനിപ്പോഴും ആശിയ്ക്കുന്നുണ്ടെന്നു്. എന്നാൽ ഇനി അതിനുള്ള ശ്രമങ്ങളൊന്നും വേണ്ട.''

എന്റെ താമസസ്ഥലത്തേയ്ക്കു പോകുംവഴിയ്ക്കും പിന്നിട്ടും, അദ്ദേഹം പറയുന്നതു തികച്ചും ശരിയല്ലെന്നു ഞാൻ വിവരിയ്ക്കാൻ ശ്രമിച്ചു. എനിയ്ക്കുതന്നെ മനസ്സിലാക്കാൻ സാധിക്കാത്ത ഭിന്നങ്ങളായ രണ്ടു തത്ത്വശാസ്ത്രസിദ്ധാന്തങ്ങളം നമ്മിൽ യോജിപ്പിയ്ക്കാനുള്ള ഉദ്ദേശ്യം എനിക്കൊരിക്കലും ഉണ്ടായിട്ടില്ല. എന്നല്ല, ചെ

രപ്പുംമുതല്ക്കേ എല്ലാ തത്ത്വശാസ്ത്രങ്ങളേയും കുറിച്ചുള്ള ഒരവിശ്വാസത്തോടുകൂടിയാണു് ഞാൻ നോക്കിപ്പോന്നതു്. ഈ അവിശ്വാസത്തിനു കാരണം തത്ത്വശാസ്ത്രവും എന്റെ അനുഭവവും തമ്മിൽ എന്നുമുണ്ടായിട്ടുള്ള പൊരുത്തമില്ലായ്മയാണു്. എന്നെ സംബന്ധിച്ചിടത്തോളം ലോകം ആരംഭിച്ചിട്ടേ ഉണ്ടായിരുന്നുള്ളു. എന്നാൽ തത്ത്വശാസ്ത്രം അതിന്റെ തലയ്ക്കു് ഒരു കിഴുക്കുകൊടുത്തു്, അസ്ഥാനസ്ഥമായ ഒരു നിരർത്ഥകപ്രാധ്യം ചോദിച്ചു: ''നീ എവിടെയ്ക്കാണു് പോകുന്നതു്? എന്തിനാണു് പോകുന്നതു്? എന്തിനാണു്?—നീ യാലോചിച്ചുനോക്കുന്നുണ്ടോ?'' ചില തത്ത്വശാസ്ത്രജ്ഞന്മാർ സരളവും സുദൃഢവുമായി കല്പിച്ചുകൂട്ടുന്നു: ''നിർത്തുക.'' കൂട്ടത്തിൽപ്പറയട്ടെ, തത്ത്വശാസ്ത്രത്തിനും, ഒരു സ്ത്രീയെപ്പോലെ സരളവും കൃത്രിതവും ആകാൻ കഴിയും; പക്ഷേ നല്ല മനസ്സുവെച്ചു നിപുണമായി ചന്തം ചാർത്തിച്ചാൽ ഒരു സുന്ദരിയാക്കാനും കഴിയും എന്നു് എനിയ്ക്കുറിയാം.

ഇതു ലെനിനെ ചിരിപ്പിച്ചു. ''കൊള്ളാം. അതു് അതിനെ കളിയാക്കുകയാണു്. ലോകം തുടങ്ങുന്നതേയുള്ളു; വളരുന്നതേയുള്ളു—ഇതിനെപ്പറ്റി കൂടുതൽ ആലോചിച്ചുനോക്കുക. അവിടെനിന്നു താൻ ഇതിനെത്രയോ മുമ്പു് എത്തേണ്ടിയിരുന്ന സ്ഥാനത്തെത്തിച്ചേരും.''

പിന്നീടു്, ഞാനദ്ദേഹത്തോടു്, എന്റെ കണ്ണിൽ എ. എ. ബോഗ്ദനോവു്, എ. ലൂണാചർസ്കി, വി. എ. ബസാറോ എന്നിവർ വളരെ വിദ്യാഭ്യാസം സിദ്ധിച്ച പ്രമാണികളാണെന്നും പാർട്ടിയിൽ അവർക്കു തുല്യന്മാരില്ലെന്നും പറഞ്ഞു.

''സമ്മതിച്ചു. അതുകൊണ്ടു്?''

''നമ്മെപ്പോലെതന്നെ അവരും ഒരേ ലക്ഷ്യത്തെ ലാക്കാക്കിയാണു് യാത്ര ചെയ്യുന്നതു്. ഇതു നല്ലപോലെ മനസ്സിലാക്കിയെങ്കിൽ അതു ലക്ഷ്യത്തെസ്സംബന്ധിച്ചേടത്തോളം അവരുമായുള്ള തത്ത്വശാസ്ത്രസംബന്ധിയായ പൊരുത്തമില്ലായ്മയെ നശിപ്പിക്കും.''

''അതിന്റെ അർത്ഥം യോജിപ്പിക്കാമെന്ന ആശ ഇപ്പോഴും ശേഷിപ്പുണ്ടെന്നാണ്. ഇതു തികച്ചും നിഷ്ഫലമാണ്.'' അദ്ദേഹം പറഞ്ഞു: ''അതു നിങ്ങളുടെ തലയിൽനിന്നൊട്ടുത്തു കളഞ്ഞേയ്ക്കുക. ഒരു സ്നേഹിതന്റെ നിലയ്ക്കു ഞാൻ നിങ്ങളെ ഉപദേശിയ്ക്കുന്നു. നിങ്ങൾ പറയുംപോലെ, പ്രൈമനോവിന്റെ ഉദ്ദേശ്യവും ഒന്നല്ലേ? പക്ഷേ, നാം തമ്മിൽ പറയുകയാണ്, അയാൾക്കു മറ്റൊരുന്നമാണുള്ളതു്. ഒരു തത്ത്വശാസ്ത്രജ്ഞനല്ല, ഒരു ഭൗതികവാദിയാണ് അയാളെന്നിരുന്നാൽക്കൂടി.''

ഞങ്ങളുടെ സംഭാഷണം അവിടെ അവസാനിച്ചു. അതു് അന്നു് ഉപയോഗിച്ച വാക്കുകളിലല്ല് ഇവിടെ എഴുതിയിരിയ്ക്കുന്നതെന്നു് എടുത്തുപറയേണ്ടുന്നതുണ്ടെന്നു ഞാൻ വിചാരിയ്ക്കുന്നില്ല. എങ്കിലും ആശയങ്ങളുടെ കാര്യത്തിൽ എനിക്കു തികച്ചും ഉറപ്പുണ്ടു്.

അങ്ങിനെ ലണ്ടൻ കോൺസ്റ്റാസ്സിലെന്നതിലുമധികം സുസ്ഥിരനും അചഞ്ചലനുമായാണ് ലെനിൻ എന്റെ മുമ്പിൽ നിന്നിരുന്നതു്. എന്നാൽ അതിൽപ്പിന്നീടു് അദ്ദേഹം വല്ലാതെ പിടിച്ചിളക്കപ്പെട്ടിട്ടുണ്ടു്. പാർട്ടിയിലുണ്ടായ വിടവു് അദ്ദേഹത്തെ ചില വേദനനിറഞ്ഞ സന്ദർഭങ്ങളിലൂടെയെല്ലാം കടത്തിക്കൊണ്ടുപോന്നിട്ടുണ്ടു്. എന്നാൽ അപ്പോളദ്ദേഹം താത്ത്വികവിഷയങ്ങളെല്ലാം ട്ടേ നീക്കിവെച്ചു് ഒരിടമറിയാത്ത ഉത്സാഹംനിറഞ്ഞ, ശാന്തതയും ഏതാണ്ടു ക്ഷോഭ്യതയും കലർന്ന ഒരു നേരമ്പോക്കുമട്ടിലായിരുന്നു.

ഒരുതിരിച്ചുത്ത ആകർഷണീയതയുള്ള എ. എ. ബോഗ്ദനോവും് അതിശാന്തനും ലെനിനെ വളരെ ഇഷ്ടമുള്ളവനുമാണ്. തന്നെപ്പറ്റി വളരെ ഉയർന്ന ഒരഭിപ്രായമുള്ള ആളാണ് അദ്ദേഹം. അയാൾക്കു് വേദനിപ്പിയ്ക്കുന്ന ഈ മുള്ളുവാക്കുകൾ കേൾക്കേണ്ടിവന്നു: ''ഷോപ്പൻ ഹോയർ പറഞ്ഞിട്ടുണ്ടു്, വ്യക്തമായി ആലോചിയ്ക്കുക എന്നുള്ളതു വ്യക്തമായി സംസാരിയ്ക്കലാണ്. അതിലും വാസ്തവമായ ഒരു സംഗതി അദ്ദേഹം പറഞ്ഞിട്ടില്ലെന്നാണ്'' എനിയ്ക്കു തോന്നുന്നതു്. നിങ്ങൾ വ്യക്തമായി സംസാരിയ്ക്കുന്നില്ലല്ലോ, സഖാവു ബോഗ്ദനോവു്. നിങ്ങളുടെ ഈ ഭേദ

പ്പെടുത്തൽ തൊഴിലാളിവർഗ്ഗത്തിനു് എന്തു കൊടുക്കുമെന്നു ചുരുക്കം വാക്കുകളിൽ എനിയ്ക്കു വിവരിച്ചുതരിക; എന്തുകൊണ്ടാണു് 'മാക്കിസം' 'മാർക്സിസ'ത്തേക്കാൾ വിപ്ലവപരമാകുന്നതെന്നും.''

ബോഗ്ഡനോവു് വിവരിയ്ക്കുവാൻ ശ്രമിച്ചു; പക്ഷേ വളരെ കുഴച്ചുമറിച്ചും വേണ്ടതിലധികം വാക്കുകളുപയോഗിച്ചും.

''നിൽത്തിക്കളയുക. ആരോ ഒരാൾ, ജ്ഞാനസ് ആണെന്നു തോന്നുന്നു, പറഞ്ഞിട്ടുണ്ടു്, 'ഒരു സത്യം പറയുന്നതാണു് ഭേദം പാതിരിയായിരിയ്ക്കുന്നതിനേക്കാൾ.' അഥവാ ഒരു മാക്കിസ്റ്റാകുന്നതിനേക്കാൾ എന്നു് ഞാൻ കൂട്ടിച്ചേർക്കും'' എന്നിട്ടു് അദ്ദേഹം ബോഗ്ഡനോവൊരുമിച്ചു് ഒരു വര ചതുരംഗം വെയ്ക്കാനിരുന്നു. തോറപ്പോലും അദ്ദേഹത്തിനു ദ്വേഷ്യം പിടിച്ചു. ഒരു കുട്ടിയെപ്പോലെ അദ്ദേഹത്തിന്റെ മനസ്സിടിഞ്ഞു. ഈ ബാലിശമായ മനസ്സിടിച്ചിലും അദ്ദേഹത്തിന്റെ ചിരിയെപ്പോലെതന്നെ തന്റെ സ്വഭാവത്തിന്റെ പൂർണ്ണതയ്ക്കോ ഐകരൂപ്യത്തിനോ മാറ്റം വരുത്തിയിരുന്നില്ലെന്നുള്ളതു പ്രസ്താവയോഗ്യമാണു്.

കാപ്രിയിൽ മറ്റൊരു ലെനിനുണ്ടായിരുന്നു. ഒരൊന്നാന്തരം സഖാവു്. ആഹ്ലാദശീലനും ലോകത്തിലുള്ള എന്തിലും സജീവവും അക്ഷീണവുമായ താൽപര്യം പ്രദർശിപ്പിയ്ക്കുന്നവനുമായ ഒരുള്ളിൽത്തട്ടുന്ന ശാന്തൻ. ഒരു ദിവസം വൈകുന്നേരം വൈകിയിട്ടു് ബാക്കി എല്ലാവരും നടക്കാൻ പോയിരുന്നപ്പോൾ അദ്ദേഹം എന്നോടും എം. എഫ്. ആൻഡ്രേയേവയോടും പറയുകയാണു്: ''ഇത്ര സമർത്ഥന്മാരും ബുദ്ധിശക്തിയുള്ളവരും—അവർ പാട്ടിയ്ക്കുവേണ്ടി വളരെ പ്രവർത്തിച്ചിട്ടുണ്ടു്, ഇനിയും ഇതിന്റെ പത്തിരട്ടി പ്രവർത്തിയ്ക്കാൻ കഴിയുകയും ചെയ്യും—ആയ ആളുകൾ നമ്മുടെ കൂട്ടത്തിൽ നില്ക്കാത്തതു കഷ്ടമാണു്. അവക്കു ചെയ്യാൻ കഴിയുന്നില്ല; ഇത്തരത്തിൽപ്പെട്ടവർ നൂറുകണക്കിനു് ഈ ദുഷിച്ച ഭരണംകൊണ്ടു് ഒറ്റപ്പെട്ടു നശിച്ചുപോകുന്നുണ്ടു്.'' അദ്ദേഹത്തിന്റെ മനസ്സിൽ യഥാർത്ഥമായ ഒരു സങ്കടം ഉണ്ടായിരുന്നു.

മറ്റൊരവസരത്തിൽ അദ്ദേഹം പറഞ്ഞു: ''ലൂണാചർസ്കി പാട്ടിയിലേയ്ക്കു തിരിച്ചുവരും; അയാളും മറ്റുള്ളവരേപോലെതന്നെ

അത്ര വ്യക്തിവാദിയല്ല. അയാൾക്കു് അനുഗ്രഹീതമായ ഒരു സ്വഭാവം ഉണ്ടു്; അത്തരം സ്വഭാവം അപൂർവ്വമായേ കണ്ടെത്തൂ. എന്നിട്ടു് അയാളുടെ നേരെ ''ഒരു ദൌർബ്ബല്യ''മുണ്ടു്. എത്ര വിസ്മിതം! ''ഒരു ദൌർബ്ബല്യമുണ്ടാവുകയോ?'' എന്നിട്ടു് അയാളെ അത്ര കാര്യമാണു്. അയാളൊരു അസ്സൽ സ്വഭാവാണു്. അയാളിൽ ഹ്രസ്വസംസ്കാരത്തിന്റെ ചിലതുണ്ടു്. സൌന്ദര്യദർശനശക്തിയാണു് അയാളുടെ സ്വഭാവത്തിനു് ഈ മാറ്റമുണ്ടാക്കുന്നതു്.''

കാപ്രിയിലെ മീൻപിടുത്തക്കാരുടെ ജീവിതത്തിന്റെ രീതി, ചെറുവിവരങ്ങൾ, അവരുടെ സമ്പാദ്യം, മതപുരോഹിതന്മാർക്കു് അവരുടെ മേലുള്ള സ്വാധീനശക്തി, അവരുടെ വിദ്യാലയങ്ങൾ—ഇവയെല്ലാത്തിനെക്കുറിച്ചും അദ്ദേഹം വിസ്തരിച്ചു ചോദിച്ചു. അദ്ദേഹത്തിന്റെ താൽപര്യങ്ങളുടെ വൈപുല്യം കണ്ടു് എനിക്കു് അത്ഭുതപ്പെടാതിരിക്കാൻ കഴിഞ്ഞില്ല. അവിടത്തെ ഒരു സാധുകൃഷിക്കാരന്റെ മകനായ പുരോഹിതനെ ചൂണ്ടിക്കാണിച്ചുകൊടുത്തപ്പോൾ അദ്ദേഹം ഉടനെ ചോദിച്ചു, കൃഷിക്കാർ സാധാരണയായി കുട്ടികളെ മതവിദ്യാലയങ്ങളിലേയ്ക്കയയ്ക്കുക പതിവുണ്ടോ എന്നും ആ കുട്ടികൾ സ്വതന്ത്രം ഗ്രാമത്തിലേയ്ക്കു പുരോഹിതന്മാരായിത്തന്നെയാണോ മടങ്ങിവരാറു് എന്നും.

''മനസ്സിലായോ? ഇതു് ഒരു യാദൃച്ഛികമായ ഉദാഹരണമല്ലെങ്കിൽ, അതിന്റെ അർത്ഥം ഇതു വത്തിക്കന്റെ ഒരു നയമാണെന്നാണു്—ഒരു കപടനയം!''

മറ്റുള്ളവരെ ഇതുമേൽ കവിച്ചുവെയ്ക്കുന്ന ഒരാൾ, വലിയ മേഖലകളില്ലാതെ സാധാരണക്കാരുടെ ജീവിതത്തിൽ ഇത്ര താൽപര്യം വെച്ചുകൊണ്ടിരിയ്ക്കുന്നതിനു മറ്റൊരുദാഹരണം എനിക്കോർമ്മവരുന്നില്ല.

തൊഴിലാളികളുടെ അനുഭവത്തേയും ഹൃദയത്തേയും തന്നിലേയ്ക്കടുപ്പിയ്ക്കുന്ന ഒരാകർഷകശക്തിയുണ്ടായിരുന്നു അദ്ദേഹത്തിനു്. ഇറാലിയൻ ഭാഷ അദ്ദേഹത്തിന്നറിയില്ല. എന്നാൽ * പാലിയാപ്പിൻ ഇടങ്ങിയ പ്രമാണികളായ റഷ്യക്കാരെ കണ്ടി

---

* ഒരു റഷ്യൻ സംഗീതവിദ്വാൻ

ട്ടുള്ള ആ മീൻപിടുത്തക്കാർ കരു ജന്മവാസനകൊണ്ടെന്നപോലെ ലെനിനെ ഒരു സവിശേഷസ്ഥാനത്തു നിത്തി. അദ്ദേഹത്തിന്റെ ചിരി മയക്കുന്ന കണ്ണായിരുന്നു — അതു്, മിടുക്കന്മാരുടെ ബുദ്ധികൊണ്ടുള്ള ഞാണിന്മേൽ കളിയും, മനുഷ്യരുടെ പമ്പരവിഡ്ഢിത്തവും കണ്ടിട്ടു മടുത്തമ്പി, സാധാരണക്കാരുടെ ബാലസഹജമായ ലാളിത്യത്തിൽ സന്തോഷിയ്ക്കുന്ന കരാളടെ ഹൃദയംഗമമായ ചിരിയായിരുന്നു. കരു വയസ്സനായ മീൻപിടുത്തക്കാരൻ, ജിയോവന്നി സ്സഡാറോ അദ്ദേഹത്തെപ്പറ്റി പറഞ്ഞു: ''കരു ശുദ്ധനായ മനുഷ്യനേ ഇങ്ങിനെ ചിരിയ്ക്കാൻ കഴിയൂ.''

ഞങ്ങൾ ചിലപ്പോൾ വഞ്ചി കളിക്കാൻ പോകും. വെള്ളം ആകാശത്തെപ്പോലെ നീലവും സച്ഛവുമായിരുന്നു. 'ചിരലുകൊണ്ടു്'' അതായതു് ചരടു മാത്രം ഉപയോഗിച്ചു മത്സ്യം പിടിക്കുകയെങ്ങിനെയെന്നു ലെനിൻ പഠിച്ചു. ചരടിളകുന്നുണ്ടെന്നു വിരലിനു തോന്നുമ്പോൾ മത്സ്യം ചൂണ്ടലിൽ കുടുങ്ങിയിട്ടുണ്ടാവണമെന്നു മീൻപിടുത്തക്കാർ പറഞ്ഞു മനസ്സിലാക്കി. ''cosi : drin drin capisce?''

കരു ഞൊടിയിടകഴിഞ്ഞപ്പോഴെയ്ക്കും അദ്ദേഹം ചൂണ്ടലിൽ കരു മത്സ്യം പിടിച്ചു; കൂട്ടികൾക്കൊത്ത ആഹ്ലാദശീലത്തോടും കരു നായാട്ടുകാരന്റെ ആവേശത്തോടുംകൂടി അദ്ദേഹം അതു വലിച്ചെടുത്തു വിളിച്ചുപറഞ്ഞു. ''Drin, Drin'' മീൻപിടുത്തക്കാർ ചിരിച്ചു മണ്ണുകപ്പി. അവർ ആഹ്ലാദഭരിതരായി ലെനിനു ''സിണോർ ഡ്രിൻ ഡ്രിൻ'' എന്നു പേരിട്ടു. അദ്ദേഹം മടങ്ങിപ്പോയശേഷം അവർ ഇടവിടാതെ അനേഷിച്ചുകൊണ്ടിരുന്നു. ''Drin, Drin'' എങ്ങിനെയിരിയ്ക്കുന്നു? സാർ അയാളെ ഇനിയും പിടിച്ചിട്ടില്ലല്ലോ?''

ലെനിൻ വന്നതിനു് മുമ്പോ പിമ്പോ പ്ലെഖാനോവു് കാപ്രിയിൽ വന്നതെന്നു് എനിയ്ക്കുമ്മയില്ല. കാപ്രിയിലെ കോളനിയിൽ താമസിച്ചിരുന്ന ചില റഷ്യക്കാർക്കു് — എഴുത്തുകാരനായിരുന്ന കളിഗർ, സോടു്ചിയിലെ പ്രക്ഷോഭത്തെ സംഘടിപ്പിച്ചതിനു വധശിക്ഷയ്ക്കു വിധിയ്ക്കപ്പെട്ടിരുന്ന ലോറൻടു്സു് മെറു് നർ, പോംവിഗു് ഡോർച്ചിക്കു്, വേറെ രണ്ടുപേർക്കുടിയുണ്ടെന്നു

തോന്നുന്നു — അദ്ദേഹത്തോട് സംസാരിയ്ക്കണമെന്നുണ്ടായിരുന്നു. അദ്ദേഹം കൂട്ടാക്കിയില്ല. അങ്ങിനെ ചെയ്യാൻ അദ്ദേഹത്തിന്നു അവകാശവുമുണ്ടായിരുന്നു. അദ്ദേഹം സുഖക്കേടായി വിശ്രമിക്കാൻ വന്നതാണു് അവിടെ. പക്ഷേ, കളിഗർ ലോറൻട്സും എന്നോടു പറഞ്ഞതു് അദ്ദേഹം തീരെ അപമര്യാദയോടുകൂടിയാണു് അതു കൂട്ടാക്കാതിരുന്നതെന്നാണു്. കളിഗർ ഒരു മൻകോപക്കാരനായിരുന്നു. ''ഒരുപാടു സംസാരിച്ചു് ഒന്നും ചെയ്യാൻ കഴിവില്ലാതെ നടക്കുന്ന ആളുകളെക്കൊണ്ടു തനിയ്ക്കു മടുത്തു'' വെന്നു് — പ്ലെഖാനോവു പറഞ്ഞുവെന്നാണു് കളിഗർ പ്രസ്താവിച്ചതു്. എൻെറകൂടെ താമസിച്ചിരുന്നപ്പോഴും ആ കോളനിയിലുള്ള ഒരാളേയും വാസ്തവത്തിൽ അദ്ദേഹത്തിന്നു കാണണമെന്നുണ്ടായിരുന്നില്ല. ഇലിഷു് എല്ലാവരേയും കണ്ടു, പ്ലെഖാനോവു് യാതൊന്നും ചോദിച്ചില്ല, അദ്ദേഹത്തിന്നു മറവുള്ളവരിൽനിന്നു മനസ്സിലാക്കേണ്ടതായി ഒന്നും ഇല്ല; എല്ലാം അദ്ദേഹം മറവുള്ളവർക്കു് ഉപദേശിച്ചുകൊടുക്കും. വിപുലമായ റഷ്യൻ സമ്പ്രദായത്തിൽ വളരെ ബുദ്ധിമാനും യൂറോപ്യൻ വിദ്യാഭ്യാസം സിദ്ധിച്ചവനും, തൻെറ ഫലിതം വെച്ചു വീക്കുവാൻ ഇഷ്ടപ്പെടുന്നവനും ആയ പ്ലെഖാനോവു് വേദനപ്പെടുത്തുന്ന ഒരു ഫലിതത്തിനുവേണ്ടി വിദേശീയരോ റഷ്യക്കാരോ ആയ സഖാക്കളുടെ തെറ്റുകുറ്റങ്ങളെ ക്രൂരമായി എടുത്തു പറഞ്ഞിരുന്നു. എന്നിരുന്നാലും, അദ്ദേഹത്തിൻെറ ഫലിതങ്ങളും പലപ്പോഴും നിരർത്ഥകങ്ങളായിട്ടാണു് തോന്നിയതു്. ''അമിതമായ മിതവാദിമൈഹറിങ്ങ്; എൻറിക്കോ ഫെറി ഒരു അഭിനയമാണു്. അയാളിൽ സച്ചുമില്ല, ഇരുമ്പുമില്ല.''

ഈ ഫലിതം 'ഫെറി' എന്ന വാക്കിൻെറ ശ്ലേഷാർത്ഥത്തിന്മേലാണു് സ്ഥിതിചെയ്യുന്നതു്. (ഫെറി:=ഇരുമ്പു്) അദ്ദേഹത്തിൻെറ ഫലിതങ്ങളും മിക്കവയും ഈ തരത്തിലുള്ളവയാണു്. പൊതുവിൽ ജനങ്ങളും തൻെറ കണ്ണിനു ചെറുപ്പമാണു്. താൻ ഒരീശ്വരനാണെന്നാലത്തെപ്പോലെ. ഒരു പ്രതിഭാശാലിയായ എഴുത്തുകാരനെന്ന നിലയ്ക്കും പാർട്ടിയുടെ താത്ത്വികോൽബോധകനെന്ന നിലയ്ക്കും എനിയ്ക്കു് അദ്ദേഹത്തോടു് അഗാധമായ ബഹുമാനമുണ്ടു്. പക്ഷേ അദ്ദേഹത്തോടു് സഹതാപം തോന്നിയിട്ടില്ല. അദ്ദേഹത്തിൻെറ ആ 'പ്രൗഢത്വം' ആവശ്യത്തിലധികം ഉണ്ടായിരുന്നു.

എന്റെ വിധിയിൽ എനിയ്ക്കു തെറ്റിപ്പോയിരിയ്ക്കാം. തെറ്റുകൾ പറ്റുന്നതു് എനിയ്ക്കു ഇഷ്ടമല്ല; എന്നാലും മറ്റെല്ലാവരേയും പോലെതന്നെ അവയെ കഴിച്ചുവിടാനുള്ള കഴിവു് എനിക്കുമില്ല.

എന്തായാലും പ്രൈമനോവിലും, ലെനിനിലും എന്നപോലെ ഇത്രത്തോളം പരസ്പരം സാമ്യമില്ലാത്ത രണ്ടുപേരെ ഞാൻ കണ്ടിട്ടില്ല എന്ന വാസ്തവം ശ്രേഷ്ഠിക്കുന്നു. ഇതു സ്വാഭാവികവുമായിരുന്നു. ഒരാൾ പഴയ ലോകം നശിപ്പിയ്ക്കുന്ന ജോലി മുഴുമിക്കുകയായിരുന്നു; മറ്റെയാൾ പുതിയതൊന്നു സൃഷ്ടിയ്ക്കുവാൻ ആരംഭിക്കുകയായിരുന്നു.

ജീവിതം നമ്മുടെമേൽ ഇത്തരം അഹിതകാരികളായ വിദ്യകൾ പ്രയോഗിക്കുന്നു; യഥാർത്ഥമായി വെറുക്കുവാൻ സാധിക്കാത്തവർക്കു് യഥാർത്ഥമായി സ്നേഹിയ്ക്കുവാനും കഴികയില്ല. മനുഷ്യസ്വഭാവത്തെ മുരടിൽത്തന്നെ വളച്ചുപിരിയ്ക്കുന്ന ഈ ഒരൊറ്റ വാസ്തവം—വെറുപ്പിൽക്കൂടിയുള്ള സ്നേഹം—ഇന്നത്തെ ജീവിതസമ്പ്രദായങ്ങളെ നശിപ്പിയ്ക്കാൻ പര്യാപ്തമാകുന്നതാണു്.

മോക്ഷത്തിലേയ്ക്കുള്ള മാർഗ്ഗം അനിവാര്യങ്ങളായ കഷ്ടപ്പാടുകളാൽ സമാകീർണ്ണമാണെന്നു് പഠിപ്പിച്ചപോരുന്ന റഷ്യയിലെന്നല്ല മറ്റൊരിടത്തും ലെനിനെപ്പോലെ അത്രമേൽ അഗാധമായി വീറോടുകൂടി എല്ലാത്തരം ദൈർഭാഗ്യങ്ങളേയും സങ്കടങ്ങളേയും കഷ്ടപ്പാടുകളേയും വെറുക്കുന്ന ഒരാളെ ഞാൻ ഇതുവരെ കണ്ടിട്ടില്ല. ജീവിതത്തിലെ ഈ നാടകങ്ങളോടും ദുരന്തകഥകളോടും ഉള്ള വെറുപ്പു്, ലെനിനെ മറ്റെല്ലാറ്റിലുമധികം എന്റെ കണ്ണിൽ ഉയർത്തിക്കാട്ടി. അദ്ദേഹം ജനിച്ചതോ, ദുഃഖം സഹിയ്ക്കുന്നതിനെ പ്രശംസിയ്ക്കുകയും പൂജിയ്ക്കുകയും ചെയ്യുന്ന മഹാഗ്രന്ഥങ്ങൾ ഉണ്ടായിട്ടുള്ള ഒരു നാട്ടിൽ; അവിടത്തെ യുവജനങ്ങൾ ജീവിതം ആരംഭിയ്ക്കുന്നതു് വൈചിത്ര്യഹീനങ്ങളും അർത്ഥരഹിതങ്ങളുമായ നാടകങ്ങളുടേയും പുസ്തകങ്ങളുടേയും സ്വാധീനശക്തിയിലാണു്. റഷ്യയിലെ സാഹിത്യമാണു് യൂറോപ്പിൽ സാഹിത്യങ്ങളിൽവെച്ചു് ഏറ്റവും അത്യുഭാശംസിയായിട്ടുള്ളതു്. നമ്മുടെ പുസ്തകങ്ങളെല്ലാം ഏതാണ്ടു് ഒരേ വിഷയത്തെപ്പറ്റിയാണു് എഴുതപ്പെട്ടിട്ടുള്ളതു്.—നാം വെറുപ്പത്തിൽ എങ്ങിനെ ദുഃഖവും കഷ്ടപ്പാടും സഹിയ്ക്കുന്നു; മ

ദ്ധ്യവയസ്സിൽ നമ്മുടെതന്നെ വിസ്മിത്തംകൊണ്ടും, സ്ത്രീകളെക്കൊണ്ടും, അയൽപക്കക്കാരനെ സ്നേഹിയ്ക്കുന്നതുകൊണ്ടും, ലോകസംഘടനയുടെ പരാജയംകൊണ്ടും എങ്ങിനെ കഷ്ടപ്പെടുന്നു; വയസ്സുകാലത്തു് ജീവിതത്തിൽനാം ചെയ്ത തെറ്റുകളെ കാത്തും, പല്ലില്ലാതേയും ദഹനശക്തി പോരാതേയും മരണത്തിന്റെ സാന്നിദ്ധ്യംകൊണ്ടും എങ്ങിനെ കഷ്ടപ്പെടുന്നു. എന്തെങ്കിലും രാഷ്ട്രീയക്കുറ്റത്തിനു് ഒരു മാസം കാരാഗൃഹത്തിലോ നാടുകടത്തപ്പെട്ടോ കഴിച്ചിട്ടുള്ള ഒരോ റഷ്യക്കാരനും തന്റെ പീഡാനുഭവങ്ങളെപ്പറ്റി റഷ്യക്കു് ഒരു പുസ്തകം സമ്മാനിക്കേണ്ടതു് ഒരു പരിശുദ്ധധർമ്മമായി കണക്കാക്കുന്നു. എന്നാൽ സൌഭാഗ്യവത്തായ ഒരു ജീവിതം ഇത്തരം 'സ്മരണ'കളുടെ രൂപത്തിൽ അവതരിപ്പിക്കുന്നതിനെപ്പറ്റി ആരും ചിന്തിച്ചിട്ടേയില്ല. റഷ്യക്കാർ തങ്ങളുടെ ജീവിതം എങ്ങിനെയായിരിയ്ക്കണമെന്നു് ആലോചിക്കുന്നുണ്ടെങ്കിലും, അതിനെ അത്തരത്തിൽ രൂപവൽക്കരിയ്ക്കാൻ സാധിക്കാത്തവരാകകൊണ്ടു്, അത്തരത്തിലുള്ള ഒരു പുസ്തകം അവരെ ഒരു സുഖകരമായ ജീവിതം രൂപവൽക്കരിയ്ക്കാൻ പഠിപ്പിക്കുമായിരിക്കാം.

ലെനിൻ, എന്റെ അഭിപ്രായത്തിൽ, മനുഷ്യസമുദായത്തിന്റെ ഈ കഷ്ടപ്പാടുകളോടുള്ള വിട്ടുവീഴ്ചയില്ലാത്തതും അടങ്ങാത്തതുമായ അസഹ്യതകൊണ്ടും, കഷ്ടപ്പാടുകൾ ജീവിതത്തിന്റെ അത്യന്താപേക്ഷിതവും അപരിഹരണീയവുമായ ഒരു ഭാഗമല്ലെന്നുള്ള കത്തിജ്ജ്വലിയ്ക്കുന്ന വിശ്വാസംകൊണ്ടും, നേരെ മറിച്ചു് ഈ കഷ്ടപ്പാടുകളെ ജനങ്ങൾ മായ്ച്ചുകളയേണ്ടതും അവക്കു് മായ്ച്ചുകളയാൻ കഴിയുന്നതുമായ ഒരു കൃത്രിതവസ്തുവാണെന്നുള്ള വിശ്വാസംകൊണ്ടും, അസാധാരണനായ ഒരു മഹാനായിരുന്നു.

1917-ൽ ലെനിനുമായി അഭിപ്രായവ്യത്യാസങ്ങൾ

1917—18 കാലത്തു ലെനിനും ഞാനുമായുള്ള ബന്ധം, അതു് ഏതു തരത്തിലാവണമെന്നു ഞാനാഗ്രഹിച്ചുവോ, ആ തരത്തിലായിരുന്നില്ല; പക്ഷേ മറിച്ചാകുവാൻ നിവൃത്തിയും ഉണ്ടായിരുന്നില്ല. അദ്ദേഹം ഒരു രാജ്യതന്ത്രജ്ഞനായിരുന്നു (Politician). ബഹുലക്ഷം കൃഷിക്കാരാൽ വൈരംകനമിട്ട റഷ്യയെപ്പോലെയുള്ള

ഒരു ഭാരിച്ച കുറ്റൻ കപ്പലിനു് അമരം പിടിയ്ക്കുന്ന ഒരാൾക്കു അത്യന്താപേക്ഷിതമായ ദീർഘദൃഷ്ടി തികച്ചും അദ്ദേഹത്തിനുണ്ടായിരുന്നു. എന്നിയ്ക്കോ രാഷ്ട്രീയകാര്യങ്ങളിൽ സ്വതേ ഒരു വെറുപ്പും ഉണ്ടായിരുന്നു. അതുമല്ല, ബഹുജനങ്ങളുടെ, വിശേഷിച്ചു കൃഷിക്കാരുടെ, ആലോചനാശക്തിയിൽ വിശ്വാസമില്ലായ്മയും ഉണ്ടായിരുന്നു. ശരിയ്ക്കു ശ്രമപ്പെടുക്കരിച്ചു ആശയങ്ങൾ കൂടാതെയുള്ള വിവേകശക്തി സൃഷ്ടിപരമായ പ്രവർത്തനത്തിനുതകുന്ന ഒരു ശക്തിയായിത്തീരുന്നില്ല. ജനസമൂഹത്തിന്റെ മനസ്സിൽ, എല്ലാ വ്യക്തികളുടെയും താൽപര്യങ്ങൾ സാധിയ്ക്കുന്നതുവരെ, ആശയങ്ങളുണ്ടായിരിയ്ക്കാൻ വഴിയില്ല.

ജനസമൂഹം സഹസ്രാബ്ദങ്ങളായി നമ്മയ്ക്കുവേണ്ടി പരിശ്രമിച്ചുവരികയാണു്. ഈ പരിശ്രമം ജനങ്ങളെ അടിമപ്പെടുത്തുകയും അവരുടെ രക്തത്തിന്മേൽ ജീവിച്ചുപോരികയും ചെയ്യുന്ന ദുരാഗ്രഹികളുടെ സമുദായശരീരത്തിൽനിന്നു വേർവിട്ടു വളരാൻ വിടുന്നു. ലെനിൻ പഠിപ്പിച്ച സത്യത്തിന്റെ കരുത്തോന്നു മാത്രമാണു് തങ്ങളെ ഈ മൃഗങ്ങളുടെ പിടിയിൽനിന്നു വിടുവിയ്ക്കുവാൻ മതിയായ ശക്തിയെന്നു ജനങ്ങൾക്കു ബോധപ്പെടുന്നവരെ ഇങ്ങിനെത്തന്നെ തുടർന്നുപോയ്കയും ചെയ്യും.

1917-ൽ ലെനിൻ റഷ്യയിൽ എത്തിയ ഉടനെ തന്റെ * 'തീസിസ്' പ്രസിദ്ധപ്പെടുത്തിയപ്പോൾ ഞാൻ വിചാരിച്ചു. ചെറുതെങ്കിലും രാഷ്ട്രീയവിദ്യാഭ്യാസം നേടിയ തൊഴിലാളികളുടെ ധീരസംഘത്തെയും, തനിവിപ്ലവകാരികളായ എല്ലാ ബുദ്ധിജീവികളേയും ഈ റഷ്യൻ കഷ്കജനതയ്ക്കുവേണ്ടി ബലികഴിയ്ക്കുകയാണെന്നു്. ഗ്രാമജീവിതത്തിന്റെ വറുതിപ്പോകുന്ന ബല

---

* ഫെബ്രുവരിവിപ്ലവത്തിന്റെ സ്വഭാവത്തിന്റെ അപഗ്രഥനവും തൊഴിലാളികളും കൃഷിക്കാരോടു ചേർന്നു മുതലാളിവർഗ്ഗത്തിനോടു് അധികാരം കൈവശപ്പെടുത്തുന്നതുവരെ വിപ്ലവം തുടർന്നുകൊണ്ടുപോവണമെന്ന ബോൾഷെവിക്കു കാര്യപരിപാടിയും അടങ്ങിയ തീസിസ്സാണു് ഗോക്കി ഇവിടെ സൂചിപ്പിയ്ക്കുന്നതു്—പരിഭാഷകൻ.

ഹീനതയിൽ ഒരു പിടി ഉപ്പുപോലെ റഷ്യയിലെ പ്രവർത്തനശക്തിയുള്ള ഏകസംഘം എറിയപ്പെടുകയാണെന്നു ഞാൻ വിചാരിച്ചു. റഷ്യൻ ചരിത്രത്തെയോ ജീവിതത്തെയോ മനസ്സിനെയോ മാറാൻ സാധിയ്ക്കാതെ അവരിൽ അലിഞ്ഞുപോകുമെന്നും എനിയ്ക്കു തോന്നി. പൊതുവേ ബുദ്ധിജീവികളും, ശാസ്ത്രജ്ഞന്മാരും സാങ്കേതികതൊഴിൽ അഭ്യസിച്ചിട്ടുള്ളവരും എല്ലാം, എന്റെ നോട്ടത്തിൽ സ്വഭാവേന വിപ്ലവകാരികളായിരുന്നു. ഇവരും തൊഴിലാളികളുമായിരുന്നു, എന്നെസ്സംബന്ധിച്ചിടത്തോളം റഷ്യയിലെ ഏറ്റവും വിലപ്പെട്ട ശക്തി. ഇവ രണ്ടെണ്ണമല്ലാതെ അധികാരം കൈവശപ്പെടുത്തുന്നതിനോ, ഗ്രാമങ്ങളെ സംഘടിപ്പിയ്ക്കുന്നതിനോ സമർത്ഥമായ മറ്റൊരു ശക്തിയേയും 1917-ൽ എനിയ്ക്കു കാണാൻ കഴിഞ്ഞില്ല. പക്ഷേ, ആഭ്യന്തരമായ യോജിപ്പുണ്ടായാൽ മാത്രമേ, എണ്ണത്തിൽ കുറഞ്ഞതും പരസ്പരവൈരുദ്ധ്യങ്ങളെക്കൊണ്ടു് പിരിഞ്ഞതും ആയ ഈ കക്ഷിയ്ക്കു് അതിന്റെ ചുമതല നിവ്വഹിയ്ക്കാൻ കഴികയുള്ളു. അവരുടെ മുൻപിൽ ഭീമമായ ഒരു ജോലിയുണ്ടു്—ഗ്രാമത്തിലെ അരാജകതത്ത്വത്തിൽ ഒരു നിയമം കൊണ്ടുവരിക, കൃഷിക്കാരന്റെ മനസ്സിനെ അച്ചടക്കം ശീലിപ്പിയ്ക്കുക, യുക്തിപൂർവ്വം പ്രവർത്തിക്കാൻ അവനെ പഠിപ്പിയ്ക്കുക, അവന്റെ സാമ്പത്തികജീവിതം പുനസ്സംഘടിപ്പിയ്ക്കുക, അങ്ങനെ രാജ്യത്തെ മുന്നോട്ടു കൊണ്ടുപോവുക. ഇതെല്ലാം സാധിയ്ക്കണമെങ്കിൽ ഗ്രാമീണരുടെ ജന്മവാസനയെ പട്ടണത്തിന്റെ യുക്തിയ്ക്കു് അധീനമാക്കിത്തീർക്കണം താനും.

വിപ്ലവത്തിന്റെ പ്രാഥമികമായ ചുമതല രാജ്യത്തിലെ സാംസ്കാരികശക്തികളുടെ വളച്ചുകെട്ടുന്ന സ്ഥിതികളെ സൃഷ്ടിയ്ക്കലാണെന്നാണു് ഞാൻ വിശ്വസിച്ചിരുന്നതു്. ഈ ഉദ്ദേശ്യസാദ്ധ്യത്തിനു കമ്പനിയിൽ തൊഴിലാളികൾക്കു് ഒരു വിദ്യാലയം തുറക്കാമെന്നു് ഞാൻ ഏറ്റു. 1907 മുതൽ 1913 വരെ തൊഴിലാളികളുടെ ഉത്സാഹം വർദ്ധിപ്പിയ്ക്കുവാൻ എല്ലാ മാർഗ്ഗങ്ങളിലൂടേയും ശ്രമിച്ചു. ഫെബ്രുവരിവിപ്ലവത്തിനുശേഷം, ഈ ഉദ്ദേശ്യം വെച്ചുകൊണ്ടു് Free Association for the Development and spread of Positive science എന്ന സംഘടന സ്ഥാപിതമായി. ഈ സംഘടന ഒരു ഭാഗത്തു റഷ്യയിൽ ശാസ്ത്രഗവേഷണസ്ഥാപനങ്ങൾ തുറക്കു

വാനും, മറുഭാഗത്തു വിസ്തൃതവും അനുസന്ധതവുമായ പ്രചാരണ വേലകൊണ്ടു തൊഴിലാളികൾക്കിടയിൽ ശാസ്ത്രീയവും സാങ്കേതികവുമായ അറിവിനെ വിതരണം ചെയ്യുവാനും ശ്രമിച്ചു. ഈ സംഘടനയുടെ നായകന്മാരിൽ വി. എ. സ്റ്റെക്ക്ലോവ്, എൽ. എ. ചുഗയേവ് ഫേർസ്മാൻ, എസ്. പി. കോസ്റ്റിചെവ്, എ. എ. പെട്രോവ്സ്കി തുടങ്ങിയ പ്രധാനികളായ ശാസ്ത്രജ്ഞന്മാരുമുണ്ടായിരുന്നു. വളരെ ഉത്സാഹത്തോടും ശക്തിയോടുംകൂടിയാണ് പ്രവർത്തനം ആരംഭിച്ചതു്. എസ്. പി. കോസ്റ്റിചേവ് Institute of Zoological and Botanical Research നു കരുതൽ സ്ഥലം അന്വേഷിച്ചു തുടങ്ങിക്കഴിഞ്ഞിരുന്നു.

എന്റെ നില വ്യക്തമാക്കുവാൻ ഒന്നുകൂടി പറയട്ടെ: ഗ്രാമത്തിന്റെ നിരക്ഷരത പട്ടണത്തിന്റെ മേൽ ചുമത്തിയിരുന്ന ഭാരം, കൃഷിക്കാരുടെ വ്യക്തിവാദം, അവരുടെ സാമൂഹ്യമനോഭാവത്തിന്റെ അഭാവം എന്നിവ എന്റെ ജീവിതകാലം മുഴുവൻ എന്നതന്നെ പറയട്ടെ, എന്റെ ഉത്സാഹത്തെ അമർത്തിയിട്ടിരുന്നു. അതുകൊണ്ടു് എന്റെ അഭിപ്രായത്തിൽ രാഷ്ട്രീയമായ പ്രബുദ്ധതനേടിയ തൊഴിലാളികളുടെ ശാസ്ത്രജ്ഞന്മാരും സാങ്കേതികവിദ്യാസമ്പന്നരുമായ ബുദ്ധിജീവികളുടെ അടുത്ത സഹകരണത്തോടുകൂടിയ സർവ്വാധിപത്യത്തിനുമാത്രമേ യുദ്ധംമൂലം പൂർവ്വാധികം അരാജകത്വത്തിലേയ്ക്കു തള്ളിവിട്ട ഗ്രാമത്തിന്റെ വിശേഷിച്ചും കഴപ്പുനിറഞ്ഞ വിഷമസ്ഥിതിയ്ക്കു് ഒരു പരിഹാരം കാണാൻ സാധിച്ചിരുന്നുള്ളു. ബുദ്ധിജീവികൾക്കു റഷ്യൻവിപ്ലവത്തിലുള്ള സ്ഥാനത്തിന്റെ പ്രാധാന്യത്തെസ്സംബന്ധിച്ച കാര്യത്തിൽ എനിയ്ക്കു ബോൾഷെവിക്കുകാരുമായി അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. ഈ വിപ്ലവത്തിന്നൊരുങ്ങിയതു് ഈ ബുദ്ധിവർഗ്ഗമാണു്. സാമൂഹ്യമായ പരിവർത്തനധീരതയുടേയും തെളിഞ്ഞ ബുദ്ധിയുടേയും പ്രകാശത്തിൽ ആയിരക്കണക്കിനു തൊഴിലാളികളെ അഭ്യസ്തവിദ്യരാക്കിയ ബോൾഷെവിക്കുകാരൊക്കെത്തന്നെയും ആ വർഗ്ഗത്തിൽപ്പെട്ടവരുമാണു്. റഷ്യയിലെ ബുദ്ധിവർഗ്ഗം, ശാസ്ത്രജ്ഞന്മാരുടേയും സാങ്കേതികവിദ്യാസമ്പന്നരുടെയും വർഗ്ഗം, മാത്രമേ നാളതുവരേയും ഞാൻ വിശ്വസിച്ചിരുന്നപോലെ ഭാവിയിലും റഷ്യൻചരിത്രത്തിന്റെ ചുവട്ടടിസ്തംഭമുള്ള കഴുതയായിരിയ്ക്കുമെന്നു ഞാൻ

വാദിച്ചു. അതിനു കിട്ടിയിട്ടുള്ള ഇടികളും ആവേശങ്ങളും പ്രോ ദനങ്ങളുമെല്ലാമുണ്ടെന്നിരുന്നാലും, ജനങ്ങളുടെ മനസ്സിനു പുറമേ നിന്നു നേതൃത്വം കിട്ടിയേ കഴിയൂ എന്നായിരുന്നു എന്റെ അഭി പ്രായം.

അങ്ങിനെയായിരുന്നു 13 കൊല്ലം മുമ്പിലത്തെ എന്റെ വി ചാരം—എന്നാൽ എനിയ്ക്കു തെറ്റിപ്പോയി. എന്റെ സ്മരണക ളുടെ ഇരുഭാഗം കീറിക്കളയേണ്ടതാണു്. പക്ഷേ ''തൂവൽകൊ ണ്ടു് എഴുതിയതിനെ മഴകൊണ്ടു വെട്ടിക്കളയാൻ കഴിയുകയില്ല''. ''നാം ചെയ്ത തെറ്റുകളിൽനിന്നു നാം പഠിയ്ക്കുന്നു'' എന്നു് ലാ ഡിമിർ ഇലിഷ് എപ്പോഴും പറയാറുണ്ടു്. വായനക്കാരൻ എനി യ്ക്കു പറഞ്ഞ തെറ്റു മനസ്സിലാക്കിവെയ്ക്കട്ടെ. ബഹുപ്പെട്ട തീരു മാനങ്ങളിൽ എത്തിച്ചേരുന്നവർക്കു് ഇതൊരു താക്കീതായിത്തീരു മെങ്കിൽ ഇതുകൊണ്ടു ഫലമുണ്ടാവും. പ്രത്യേകതൊഴിൽവിഭാഗ ന്മാരായ ഏതാനുംപേർ നിർവ്വഹിച്ച ജീവസ്സാവഹങ്ങളായ നശീക രണപ്രവൃത്തികൾക്കുശേഷം, സംശയമില്ല, ശാസ്ത്രജ്ഞന്മാരോടും സാങ്കേതികവിദ്യാസമ്പന്നരോടും എനിയ്ക്കുണ്ടായിരുന്ന മനോഭാ വം മാറുകയല്ലാതെ മാറു നിവൃത്തിയില്ലെന്നുവന്ന അത്തരത്തി ലുള്ള മനസ്സുമാറ്റം ഒട്ടൊക്കെ വേദനപ്പെടുത്തുന്നതാണു്—വാങ്മ യത്തിൽ വിശദീകരിച്ചും.

യഥാർത്ഥമായി ജനങ്ങളെ സ്നേഹിയ്ക്കുന്ന നേതാക്കന്മാരുടെ ചുമതല വളരെ പ്രയാസമേറിയ ഒന്നാണു്. ഒരു നിലയ്ക്കുമില്ലെങ്കിൽ മറ്റൊരു നിലയ്ക്കു കുറച്ചൊക്കെ അക്രമമായി ഭരിക്കാത്ത ഒരു നേ താവുണ്ടാകുവാൻവയ്യ. ലെനിന്റെ കീഴിൽ, ഒരുപക്ഷേ, തോമ സു് മുൻസറുടെ കീഴിലേതിനേക്കാൾ അധികം ആളുകൾ വധി യ്ക്കപ്പെട്ടിട്ടുണ്ടാവാം; പക്ഷേ ഇതില്ലാതിരുന്നുവെങ്കിൽ, ലെനിൻ നേതൃത്വം വഹിച്ച ആ വിപ്ലവത്തിനോടുള്ള എതിർപ്പു് ഇതിലുമേ റെ വിപുലവും പ്രബലവും സംഘടിതവുമാകുമായിരുന്നു. സർവ്വോ പരി പരിഷ്ക്കാരത്തിന്റെ വളർച്ചയോടൊപ്പം മനുഷ്യന്റെ ജീവ നു വില വളരെ കുറഞ്ഞുപോയിട്ടുണ്ടെന്നു നാമോർക്കണമേ. യൂറോ പ്പിൽ മനുഷ്യനെ നശിപ്പിയ്ക്കുവാനുള്ള പുതിയ വഴികളെ കണ്ടു പിടിക്കുന്നതിൽനിന്നും അതിൽ താൽപര്യം പ്രദർശിപ്പിക്കുന്നതിൽ നിന്നും ഈ വാസ്തവം വെളിപ്പെടുന്നുണ്ടു്.

കുപ്രസിദ്ധമായ നാലു കൊല്ലക്കാലത്തെ ലോകമഹായുദ്ധ (I)ത്തിൽ കൊല്ലപ്പെട്ട മനുഷ്യരോട് അനുകമ്പയുടെ ഒരു കണികയും കാണിച്ചില്ലെന്നു മാത്രമല്ല, യുദ്ധത്തിന്റെ ''വിജയപര്യവസാനത്തിനായി ഈ കുത്സിതയുദ്ധത്തെ എല്ലാ കഴിവുകളും എടുത്ത് ആളിക്കത്തിച്ച ആരേയും ഇതു തുറന്നു പറയാൻ ഞാൻ വെല്ലുവിളിക്കുന്നു; റഷ്യൻ വിപ്ലവത്തിന്റെ രക്തച്ചൊരിച്ചിലിനെപ്പറ്റി സംസാരിക്കുന്ന സമാധാനോപദേഷ്ടാക്കളുടെ കള്ള നാട്യം എത്ര കണ്ടു ശരിവെയ്ക്കുന്നുണ്ട്, അയാളം? എത്രകണ്ട വെറുപ്പുളവാക്കിയിട്ടുണ്ട്, അയാളിൽ? ഇന്നു ''പരിഷ്കൃത'' രാഷ്ട്രങ്ങളും തകർന്ന ക്ഷീണിച്ച്, അധഃപതിച്ചുവരികയാണ്; എല്ലാ ജാതികളും സാധാരണമായ ഇടത്തരക്കാരുടെ തത്വശാസ്ത്രാഭ്യാസം അവയ്ക്കുമേൽ അധികാരവാഴ്ച നടത്തുന്നു; അവ തുടച്ചുമാറ്റുവാൻ കയറെടുത്തു നിൽക്കുന്നു. ജനങ്ങളെ ശ്വാസം മുട്ടിച്ചു കൊന്നുകൊണ്ടിരിയ്ക്കുന്നു.

ലെനിന്റെ ക്രൂരസ്വഭാവത്തെപ്പറ്റി വളരെ പറഞ്ഞിട്ടും എഴുതിയിട്ടുണ്ട്. അദ്ദേഹത്തെ, ഈ കള്ളങ്ങളേയും അപവാദങ്ങളേയും മല്ലിട്ട അദ്ദേഹത്തെ, ന്യായീകരിയ്ക്കാൻ ശ്രമിയ്ക്കുക—എന്ന പരിഹാസ്യമായ നയവിശേഷം കൈക്കൊള്ളണമെന്ന് എനിയ്ക്കുദ്ദേശമില്ല. പൊളിപറയലും അപവാദങ്ങളും പരത്തലും ഇടത്തരക്കാരുടെ രാജ്യഭരണതന്ത്രത്തിൽ ശത്രുവിനെ എതിർക്കുവാൻ ഉപയോഗിയ്ക്കുന്ന ഒരു സാധാരണായുധമാണ്. തന്റെ നേരെ കുറെ ചളി വാരിയെറിയപ്പെടാത്ത ഒരൊറ്റ മഹാനെയെങ്കിലും ഇന്നു കാണുവാൻ പ്രയാസമാണ്. അതെല്ലാവർക്കും അറിയാവുന്ന ഒരു വാസ്തവവുമത്രേ. കൂടാതെ, അസാധാരണനായ ഒരു വ്യക്തിയെ താന്താങ്ങളുടെ മനസ്സിലേയ്ക്കു താഴ്ത്തുവാൻ മാത്രമല്ല, അദ്ദേഹത്തെ തങ്ങൾ സൃഷ്ടിച്ചതും നിത്യജീവിതമെന്നു വിളിയ്ക്കുന്നതുമായ കശപിശനിറഞ്ഞ ചളിയിൽ കാല്ക്കീഴിലിട്ടു തട്ടിയുരുട്ടാൻ കൂടി ഒരു വാസന എല്ലാവർക്കുമുണ്ട് എന്നു താഴെ പറയുന്ന സംഭവം, ജുഗുപ്സാവഹമാംവണ്ണം എന്നെ അനുസ്മരിപ്പിയ്ക്കുന്നു. 1919-ൽ ഗ്രാമങ്ങളിലെ സാധുക്കളുടെ ഒരു സമ്മേളനം പെട്രോഗ്രാഡിൽവെച്ചു കൂടുകയുണ്ടായി. വടക്കൻ റഷ്യയിലെ ഗ്രാമങ്ങളിൽനിന്നു മായിരക്കണക്കിനു കൃഷിക്കാർ വന്നിരുന്നു. അവരിൽ കുറെപ്പേരെ

റോമനോഫ് രാജവംശക്കാരുടെ 'വിൻടർ പാലസ്സി'ൽ ആണ് താമസിപ്പിച്ചിരുന്നതു്. സമ്മേളനം കഴിഞ്ഞപ്പോൾ ഇവരെല്ലാം മടങ്ങിപ്പോവുകയും ചെയ്തു. അവർ കൊട്ടാരത്തിലെ കളിമുറികളും കക്ഷ്യകളും മാത്രമല്ല വിലമതിയ്ക്കാൻ വയ്യാത്ത സെവ്, സാക്സൺ തുടങ്ങിയ പാത്രങ്ങളും മലമൂത്രവിസർജ്ജനത്തിന്നായി ഉപയോഗപ്പെടുത്തിക്കണ്ടു. ഇതിന്റെ ആവശ്യം ഉണ്ടായിരുന്നില്ല; കൊട്ടാരത്തിലെ കക്ഷ്യകൾ നല്ലവയായിരുന്നു; പൈപ്പിലൂടെ വെള്ളവും കിട്ടിയിരുന്നു. അതല്ല, ഈ നശീകരണബുദ്ധി സുന്ദരപദാർത്ഥങ്ങളെ നശിപ്പിയ്ക്കുവാനും വൈകൃതപ്പെടുത്തുവാനുമുള്ള ആഗ്രഹത്തിന്റെ ഒരു ബഹിസ്സ്ഫുരണമാണു്. രണ്ടു വിപ്ലവങ്ങളും, ഒരു മഹായുദ്ധവും ജനങ്ങളിൽ കുളിഞ്ഞുകിടക്കുന്ന ഒരു ഉന്മാസനയെ—സുന്ദരങ്ങളായവയെ നശിപ്പിയ്ക്കുവാനും വൈകൃതപ്പെടുത്തുവാനും അപഹസിയ്ക്കുവാനും അപകീർത്തിപ്പെടുത്തുവാനുമുള്ള ഒരു വാസനയെ—കാണിയ്ക്കുന്ന നിരവധി ഉദാഹരണങ്ങൾ പ്രദാനം ചെയ്തിട്ടുണ്ടു്. എനിയ്ക്കു കൃഷിക്കാരിലുള്ള അവിശ്വാസംകൊണ്ടാണു് ഞാനിതെടുത്തു പറയുന്നതെന്നു ധരിയ്ക്കരുതു്. അതല്ല കാരണം.

അസാധാരണസൌന്ദര്യമുള്ള സാധനങ്ങളെ നശിപ്പിയ്ക്കുവാനും വിരൂപമാക്കാനുമുള്ള ഈ ചീത്ത ആഗ്രഹംതന്നെയാണു്,—മൌലികമായി നോക്കുമ്പോൾ, അസാധാരണനായ ഒരു മനുഷ്യനെ ചീത്തപ്പെടുത്തുവാനുള്ള ആഗ്രഹവും. അസാധാരണമായ എല്ലാം ജനങ്ങളെ തങ്ങൾക്കിഷ്ടപ്പെട്ട മാതിരി ജീവിക്കുന്നതിൽ നിന്നു തടഞ്ഞുനിർത്തുന്നു. തങ്ങൾക്കെന്തെങ്കിലും ആഗ്രഹമുണ്ടെങ്കിൽ, സ്വന്തം സ്വഭാവങ്ങളെ മൌലികമായി മാറ്റാനല്ല പുതിയ ചില സ്വഭാവങ്ങൾകൂടി ശീലിയ്ക്കുവാനാണു് ജനങ്ങളുടെ ആഗ്രഹം. ഭ്രഷ്ടപക്ഷത്തിന്റെ പ്രതിഷേധത്തിന്റേയും പിന്തിരിക്കലിന്റേയും ചുരുക്കം ഇതാണു്: ''ഞങ്ങൾക്കു പരിചയമായിട്ടുള്ള ജീവിതരീതിയെ അലങ്കോലപ്പെടുത്തരുതേ!'' അവർ ശീലിച്ചുപോന്ന ജീവിതസമ്പ്രദായത്തെ തുടർന്നുകൊണ്ടുപോകുന്നതിനെ തടയാനറിയുന്നവരിൽ അഗ്രഗണ്യനാണു് ലാഡിമീർ ലെനിൻ. ലോകത്തിലെ മുതലാളിവർഗ്ഗത്തിനു് അദ്ദേഹത്തോടുള്ള വെറുപ്പ് പ്രസ്പഷ്ടവും നഗ്നവുമായി കാണാം. അതിന്റെ കാരണം തെറ്റിദ്ധരിയ്ക്കുവാൻ

ഇടയില്ലാത്ത വിധത്തിൽ പുറത്തു കാണാമായിരുന്നു. ജ്ഞപ്സ്യവഹമെങ്കിലും, ഇതു വെറുപ്പുതന്നെ, ലോകത്തിലെ മുതലാളിവർഗ്ഗത്തിന്റെ കണ്ണിൽ ലോകമൊട്ടാകെയുള്ള തൊഴിലാളിവർഗ്ഗത്തിന്റെ നായകനും പ്രചോദകനുമായ ലെനിൻ എത്രത്തോളം മഹാനാണെന്നു വ്യക്തമാക്കുന്നു.

അദ്ദേഹത്തിന്റെ ഭൌതികശരീരം നശിച്ചുകഴിഞ്ഞു; എങ്കിലും അദ്ദേഹത്തിന്റെ ശബ്ദം പൂർവ്വാധികം ഉറക്കേയും വിജയസൂചകമായും ലോകത്തിലെ തൊഴിലാളികളുടെ ചെവികളിൽ ചെന്നലയ്ക്കുന്നു. ഈ ശബ്ദം ജനങ്ങളുടെ തീപ്പിനെ വീണ്ടുവത്തിലേയ്ക്കും കരുപുതിയ ജീവിതത്തിലേയ്ക്കും സമാനരായ ജനങ്ങളുടെ കരുപുലോകത്തിലേയ്ക്കും എത്തിയ്ക്കാത്ത കരുമൂലയും ലോകത്തിൽ ബാക്കിയുമില്ല, അനവരതം വളർന്നുകൊണ്ടിരിയ്ക്കുന്ന ആത്മവിശ്വാസത്തോടും ശക്തിയോടും വിജയത്തോടുംകൂടി അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്നവരും അദ്ദേഹത്തിന്റെ ശക്തിയുടെ അനന്തരാവകാശികളുമായ എല്ലാവരും ആ മഹത്തായ പ്രവർത്തനത്തെ മുന്നോട്ടു കൊണ്ടുപോകുന്നു.

"സത്യത്തിന്റെ പരിപൂർണ്ണരൂപം"

അദ്ദേഹത്തിൽ വ്യക്തമായി കണ്ടിരുന്ന ജീവിയ്ക്കുവാനുള്ള നിശ്ചയം, ജീവിതത്തിലെ വൃത്തികേടുകളോടു തനിയ്ക്കുള്ള ക്രിയാത്മകമായ വെറുപ്പ്, ഇവയാണ് എന്നെ അദ്ദേഹത്തിലേയ്ക്കാകർഷിച്ചതു്. താൻ പ്രവർത്തിച്ച എന്തിലും ചെലുത്തിയിരുന്ന യുവസഹജമായ അത്യാകാംക്ഷ ഞാൻ ഇഷ്ടപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ ചലനങ്ങളും ശ്രമവിഹീനങ്ങളും സാധീനങ്ങളുമാണ്. താൻതന്നെ അപൂർവ്വമായി ഉപയോഗിയ്ക്കാറുള്ളവയെങ്കിലും ശക്തിയേറിയ ആംഗ്യങ്ങളും അദ്ദേഹത്തിന്റെ സംഭാഷണത്തോടു ചേർന്നിണങ്ങിയവയാണ്. മിതമായ വാക്കുകളേയും അമിതമായ വിചാരങ്ങളേയും ഉൾക്കൊള്ളുന്നവയാണ് അവ. സല്പം മകോളിയൻമട്ടുള്ള അദ്ദേഹത്തിന്റെ മുഖത്തു ജീവിതത്തിലെ അസത്യങ്ങളോടും ദുഃഖങ്ങളോടും പോരാടുന്ന കരുക്ഷീണം ബാധിയ്ക്കാത്തയോദ്ധാവിന്റെതായ രണ്ടു സൂക്ഷ്മദൃഷ്ടികളും മിന്നിത്തിളങ്ങുന്നുണ്ടാ

യിരുന്നു — അവ ഇടയ്ക്കു തിളങ്ങിയും ജ്വലിച്ചും, ഇടയ്ക്കു് ഇരുണ്ടും, ഇടയ്ക്കു തുറിച്ചുനോക്കിയും, ഇടയ്ക്കു പരിഹസിച്ചു ചിരിച്ചും, ഇടയ്ക്കു ദ്വേഷ്യംകൊണ്ടു കത്തിക്കാളിയുമിരുന്നു. അദ്ദേഹത്തിന്റെ കണ്ണിലെ തേജസ്സു തന്റെ വാക്കുകളെ വെട്ടിത്തിളങ്ങിച്ചു. അമർത്തുവാൻവയ്യാത്ത അദ്ദേഹത്തിന്റെ ആത്മാവിന്റെ ശക്തി കണ്ണുകളിലൂടെ തീപ്പൊരികളായി പാറിപ്പുറപ്പെടുകയാണോ എന്നു തോന്നും ചിലപ്പോൾ. അവയോടൊപ്പം അദ്ദേഹത്തിന്റെ വാക്കുകളും തീ പൊട്ടിപ്പുറപ്പെട്ടു് ആകാശത്തിൽ മിന്നൽക്കൊണ്ടു തുടങ്ങിനില്ക്കും. അപ്രതിരോധ്യമായ സത്യത്തിന്റെ ഭൌതികമായ ഒരു സമ്മർദ്ദമാണു് എല്ലായ്പ്പോഴും അദ്ദേഹത്തിന്റെ വാക്കുകളിൽനിന്നനുഭവപ്പെടുക. ഒരസാധാരണമായ അപൂർവ്വസംഗതിയാണു് ലെനിനെ * 'ഗോർക്കി'യിലെ പാർക്കിൽ കണ്ടെത്തുകയെന്നതു്. കാരണം ഒരു നീണ്ട മേശയുടെ അറ്റത്തു വൈദഗ്ധ്യത്തോടും സാമർത്ഥ്യത്തോടുംകൂടി സഹപ്രവർത്തകന്മാരെ ഒരമരക്കാരന്റെ സൂക്ഷ്മദൃഷ്ടികളോടെ ആവേശം കൊള്ളിച്ചും നിയന്ത്രിച്ചും മന്ദഹാസം തൂകി അങ്ങിനെ ഇരിയ്ക്കുന്നതോ അല്ലെങ്കിൽ തല പിന്നോക്കം ചരിച്ചുകൊണ്ടു് ഒരു നിശ്ശബ്ദമായ ജനസമൂഹത്തിന്റെ സത്യതൃഷ്ണകളായ ആത്മീയാഹ്ലാദങ്ങളുടെ നേരെ പ്രസ്പഷ്ടങ്ങളായ വാക്കുകളും എറിഞ്ഞുകൊണ്ടു നില്ക്കുന്നതോ ആയ ആ ചിത്രം അത്രമേൽ സുപരിചിതമായിത്തീർന്നിരിയ്ക്കുന്നു.

അദ്ദേഹത്തിന്റെ വാക്കുകളും ഉരുക്കുരാക്കപ്പൊടിയുടെ കൂമ്പാരത്തിലേക്കെന്നപോലെയാണു് എന്റെ മനസ്സിൽ സദാ അനുസ്മരിപ്പിയ്ക്കാറു്. ഈ വാക്കുകളിൽനിന്നും അനുഭവപ്പെടുത്തുന്ന ലാളിത്യത്തോടുകൂടി പരിപൂർണ്ണതയിലേയ്ക്കു ''സംസ്കരിയ്ക്കപ്പെട്ട സത്യത്തിന്റെ രൂപം'' പൊന്തിവരുന്നു.

അദ്ദേഹം സഹജമായ സാഹസിയാണു്. പക്ഷേ അതു് ഒരു ചൂതുകളിക്കാരന്റെ ഭ്രമപിടിച്ച സാഹസമല്ല. തന്റെ ജീവിതധ

---

* മോസ്കോവിന്നടുത്തു് ഉള്ള ഒരു ഗ്രാമം. അവിടെയാണു് ലെനിൻ വിശ്രമിച്ചിരുന്നതു്. തന്റെ രോഗകാലം അദ്ദേഹം അവിടെ കഴിച്ചുകൂട്ടി. 1924 ജനുവരിയിൽ അവിടെവെച്ചാണദ്ദേഹം മരിച്ചതു്.

മ്മത്തിൽ ഉറച്ച വിശ്വാസമുള്ള, ലോകവുമായി തനിയ്ക്കുള്ള ബന്ധത്തെപ്പറ്റി വ്യക്തമായും പൂർണ്ണമായും വിവരമുള്ള, ഈ ലോകത്തിലെ അരാജകത്വത്തിന്റെ ശത്രുവെന്ന നിലയ്ക്കുള്ള തന്റെ ചുമതലയെപ്പറ്റി പരിപൂർണ്ണജ്ഞാനമുള്ള, ഒരാളിൽ മാത്രം കണ്ടെയ്ക്കാവുന്ന ആ അസാധാരണമായ സാന്മാർഗികധൈര്യത്തിന്റെ ബാഹ്യപ്രകടനമാണ് ലെനിനിൽ കണ്ടിരുന്നത്.

കരേനിലയ്ക്കുള്ള ഉത്സാഹത്തള്ളലോടുകൂടി അദ്ദേഹം ചതുരംഗം കളിയ്ക്കും, ''വസ്സങ്ങളുടെ ചരിത്രം'' വായിയ്ക്കും, സഹപ്രവർത്തകന്മാരോട് വളരെ മണിക്കൂറുകളോളം വാദിയ്ക്കും, മീൻ പിടിയ്ക്കും, കാപ്രിയിലെ ചരലിലൂടെ നടക്കാൻപോകും. മീൻപിടുത്തക്കാരുടെ കിടാങ്ങളുടെ കരുവാളിച്ച മുഖത്തു നോക്കിനില്ക്കും. വൈകുന്നേരം റഷ്യയെപ്പറ്റിയും ഉഗ്രനാടകളെപ്പറ്റിയും ഉള്ള കഥകളും കേട്ട് അദ്ദേഹം കുറച്ചസൂയയോടുകൂടി നെടുവീർപ്പിടും. എന്നിട്ട് പറയും, ''എനിയ്ക്കു റഷ്യയെപ്പറ്റി വളരെ കുറച്ചേ അറിയൂ. സിംബിർസ്ക്, കസാൻ, പിറോർസ് ബുഡ്, സൈബീരിയയിലെ വിപ്രവാസം, അതേ, ഏതാണ്ടു മുഴുവനായി.''

അദ്ദേഹത്തിന്നു നേരമ്പോക്കിഷ്ടമായിരുന്നു. തന്റെ ദേഹമാസകലം കലുക്കിക്കൊണ്ടാണ് അദ്ദേഹം ചിരിയ്ക്കുക. ചിലപ്പോൾ ചിരിച്ചു ചിരിച്ച് അദ്ദേഹം ക്ഷീണിയ്ക്കും. ചിലപ്പോൾ കരയുന്നവരെ ചിരിയ്ക്കും. അദ്ദേഹത്തിന്റെ സവിശേഷസ്വഭാവമായ ''ഹ്ം ഹ്ം'' എന്ന ആ ശബ്ദവിശേഷം തുളഞ്ഞുകയറുന്ന കലശൽക്കൂടൽ മുതൽ സ്വഭിപ്രായസൂചനക്കുടാതെയുള്ള സംശയപ്രകടനങ്ങൾവരെയുള്ള പലതിനുമായി ഉപയോഗിച്ചു. എന്നല്ല, മിക്കപ്പോഴും ഈ 'ഹ്ം, ഹ്ം' ശബ്ദത്തിൽ, ജീവിതത്തിലെ വിഡ്ഢിത്തങ്ങൾ സ്പഷ്ടമായിക്കാണുമ്പോൾ തീക്ഷ്ണബുദ്ധിയുള്ള ഒരാൾക്കുളവാകുന്ന ആ നർമ്മസ്വഭാവം കേട്ടറിയാം.

ഉറച്ചതും ബലമുള്ളതുമായ ദേഹം, സോക്രട്ടീസിന്റെതുപോലുള്ള തല, തീക്ഷ്ണബുദ്ധി—അദ്ദേഹം പലപ്പോഴും അസാധാരണവും തമാശയുള്ളതുമായ ഒരു നില കൈക്കൊള്ളും. അദ്ദേഹം തല ചിന്നോക്കം ചരിച്ച് ഒരു തോളിലേയ്ക്കു ചായ്ച്ചുപിടിയ്ക്കും; കൈവിരലുകൾ കക്ഷത്തിലോ തന്റെ വേസ്റ്റ്കോട്ടിന്റെ പോക്കറ്റി

ലോ തിരുകും. ഇവ നിലയ്ക്ക് എന്തോ ആസ്വാദ്യമായ കരുതമാശയുണ്ട്—ജയിച്ച കരു പന്തയക്കോഴിയുടെ നില്പിനെന്നപോലെ അങ്ങിനെയുള്ള സമയങ്ങളിൽ അദ്ദേഹത്തിന്റെ ശപിയ്ക്കപ്പെട്ട ഈ ലോകത്തിൽ അധികം വളച്ചുകെട്ടിയെത്തിയ കരു ബാലന്റെ, കരൊന്നാംതരം മനുഷ്യജീവിയുടെ, സന്തോഷം വഴിഞ്ഞൊഴുകും, സ്നേഹം സംക്ഷാൽക്കരിയ്ക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി എതിർപ്പിനും വെറുപ്പിനും ആത്മാഹുതിവെച്ച കരൊന്നാന്തരം മനുഷ്യജീവി.

ബുദ്ധിജീവികളേയും സവിശേഷതൊഴിൽ വിദഗ്ധന്മാരേയും പററി.

1918-വരെ റഷ്യയിൽവെച്ച ഞാൻ ലെനിനുമായി നേരിട്ടു കണ്ടിട്ടില്ല, ദൂരത്തുനിന്നുപോലും കാണുകയുണ്ടായില്ല; അക്കാലത്താണ് അദ്ദേഹത്തിന്റെ ജീവനെ അപായപ്പെടുത്താനുള്ള അവസാനത്തെ നികൃഷ്ടപരിശ്രമം * നടന്നതു്; ഞാനദ്ദേഹത്തിന്റെ അടുത്തു ചെന്നപ്പോഴേ അദ്ദേഹത്തിന്റെ കയ്യു സ്വാധീനമായിക്കഴിഞ്ഞിരുന്നില്ല. കഴുത്തു കഷ്ടിച്ചു് ഇളക്കാറായിരുന്നു. ആ അധമകൃത്യത്തോടുള്ള എന്റെ രോഷം ഞാൻ പ്രകടിപ്പിച്ചപ്പോൾ അദ്ദേഹം, തന്നെ വളരെ അലട്ടിയിരുന്ന ഒന്നിനെ മാറ്റിവെയ്ക്കുന്നമാതിരി, മറുപടി പറഞ്ഞു: ''ഒരു കശപിശ. ഒന്നുംചെയ്യാനില്ല, കാരോരുത്തരും അവനവന്റെ തോന്നലുകൾക്കനുസരിച്ചു പ്രവർത്തിയ്ക്കുന്നു.''

ഞങ്ങൾ വളരെ സൌഹാർദ്ദഭാവത്തിലാണ് തമ്മിൽ കണ്ടതു്. പക്ഷേ പ്രിയപ്പെട്ട ഇലിഷിന്റെ തീക്ഷ്ണവും തുളഞ്ഞുകയറുന്നതുമായ കണ്ണുകളിൽ അനുകമ്പ പ്രത്യക്ഷമായിരുന്നു; ഞാൻ വഴിപിഴച്ചുപോയ കരുവനായിരുന്നുവല്ലോ.

കുറേ നിമിഷങ്ങൾ കഴിഞ്ഞശേഷം അദ്ദേഹം കുറച്ചാവേശ

---

* ഒരു സോഷ്യൽറെവലൂഷണറിയായിരുന്ന ഡോറാ കപ്ലാൻ 1920-ൽ ലെനിനെ കൊല്ലാൻ ശ്രമിച്ചു. തൊഴിലാളികളുടെ ഒരു യോഗത്തിൽ പ്രസംഗിച്ചു മടങ്ങുമ്പോഴാണ് ഈ ശ്രമം നടന്നതു്.

തോടെ പറഞ്ഞു: ''ഞങ്ങളുടെ കൂടെയല്ലാത്തവൻ ഞങ്ങൾക്കെതിരാണു്. സംഘടനകളുടെ പുരോഗതിയായി യാതൊരു ബന്ധവുമില്ലാത്ത മനുഷ്യർ—അതൊരു സങ്കല്പമാണു്. അത്തരത്തിലുള്ളവർ കുറേകാലത്തുണ്ടായിരുന്നുവെന്നു വകവെച്ചുകൊടുക്കുന്നതായാൽപ്പോലും ഇന്നങ്ങിനെയുള്ളവരില്ല; ഉണ്ടാവാൻ കഴിയില്ലതാനും. അവരെക്കൊണ്ടു് ആർക്കും ഒരു നന്മയും വരാനില്ല. അവസാനത്തെവൻ വരെ, എല്ലാവരും, അഭൂതപൂർവ്വമായ കുഴപ്പം നിറഞ്ഞ ഒരു വാസ്തവത്തിന്റെ പുഴിയിലേയ്ക്കാണു് എറിയപ്പെട്ടിട്ടുള്ളതു്. ഞാൻ ജീവിതത്തെ അധികം വെട്ടിച്ചുരുക്കുന്നുവെന്നാണോ നിങ്ങൾ പറയുന്നതു്? ഈ വെട്ടിച്ചുരുക്കൽ സംസ്കാരത്തെ നശിപ്പിയ്ക്കുമെന്നാണോ ഭയം? ഏ?'' എന്നിട്ടു വ്യംഗ്യമയമായ ആ ഹ്രസ്വം, ഹ്രസ്വം എന്ന സഹജമായ മൂളക്കവും!

അദ്ദേഹത്തിന്റെ സൂക്ഷ്മദൃഷ്ടിയ്ക്കു മുമ്പ്വെച്ചു; ശബ്ദം താഴ്ത്തി അദ്ദേഹം തുടർന്നു: ''ശരി; തങ്ങളുടെ കയ്യിൽ തോക്കുകളേന്തിയ ലക്ഷക്കണക്കിനുള്ള കൃഷിക്കാർ സംസ്കാരത്തിന്റെ നേർക്കൊരു ഭീഷണിയല്ലേ; കോൺസ്റ്റിറ്റവന്റ് അസംബ്ലി ആ അരാജകതത്വത്തോടു പൊരുതാൻ പര്യാപ്തമാകുമായിരുന്നോ? എന്താ തോന്നുന്നതു്?''

രാജ്യത്തിലെ അരാജകത്വത്തെപ്പറ്റി ഇയ്യലഹള കൂട്ടുന്ന നിങ്ങൾക്കു നമ്മുടെ ചുമതലകൾ മറവുള്ളവരെക്കാൾ നന്നായി മനസ്സിലാക്കാൻ കഴിയണം. റഷ്യയിലെ ജനങ്ങൾക്കു്, അവരുടെ മുൻപിൽ മനസ്സിലാകുന്ന എന്തെങ്കിലും വെച്ചുകൊടുക്കണം നമ്മൾ. സോവിയറ്റുകളും കമ്മിറ്റണിസവും അവക്കു മനസ്സിലാകും.

''തൊഴിലാളികളും ബുദ്ധിവർഗ്ഗവും തമ്മിൽ ഐക്യമോ? ശരി, അതു തരക്കേടില്ല. ബുദ്ധിവർഗ്ഗക്കാരോടു പറയൂ. അവർ നമ്മുടെ അടുത്തു് വരട്ടെ; നിങ്ങളുടെ അഭിപ്രായപ്രകാരം അവർ ന്യായത്തിന്റെ യഥാർത്ഥപ്രതിനിധികളാണു്. എന്നാൽ പിന്നെ എന്താണു്? തീർച്ചയായും, അവർ വരട്ടെ. ജനങ്ങളെ അവരുടെ കാലുകളിന്മേൽ നിർത്തുകയെന്ന ആ പട്ടാളറൻജോലി, ലോകത്തിനോടു ജീവിതത്തിനെപ്പറ്റിയുള്ള സത്യം മുഴുവൻ പറയേണ്ടുന്ന ആ വമ്പിച്ച ഉത്തരവാദിത്വം, ഏറ്റെടുത്തിട്ടുള്ളവരാണു്

നാം. നമ്മളാണ് മനുഷ്യോചിതമായ ഒരു ജീവിതത്തിലേയ്ക്കുള്ള നേർവഴി ജനങ്ങൾക്കു ചൂണ്ടിക്കാണിച്ചുകൊടുക്കുന്നത്; അടിമത്തത്തിൽനിന്നും പിച്ചതെണ്ടലിൽനിന്നും അധഃപതനത്തിൽനിന്നും പുറത്തു കടക്കാനുള്ള വഴി,'' അദ്ദേഹം ചിരിച്ചുംകൊണ്ട് ഒരു പകയും കൂടാതെ പറഞ്ഞു, ''അതുകൊണ്ടാണ് ബുദ്ധിവർഗ്ഗക്കാരിൽനിന്ന് എനിയ്ക്കൊരു വെടിയുണ്ട കെട്ടിയത്.''

സംഭാഷണത്തിന്റെ ചൂട് സാധാരണപതനത്തിലെത്തിയപ്പോൾ അദ്ദേഹം കുറച്ചു വല്ലായ്മയോടും സങ്കടത്തോടുംകൂടി പറഞ്ഞു: ''ബുദ്ധിജീവികളെ നമുക്കാവശ്യമാണെന്ന വാദത്തെ ഞാനെതിർക്കുന്നുവെന്നു നിങ്ങൾ വിശ്വസിയ്ക്കുന്നുണ്ടോ? പക്ഷേ എന്തൊരെതിരാണ് അവർക്കു നമ്മോടെന്നു നോക്കൂ; എത്ര മോശമായാണ് അവർ ഇപ്പോഴത്തെ ഈ അടിയന്തരമായ ആവശ്യത്തെ മനസ്സിലാക്കുന്നതെന്നു നോക്കൂ; നാമില്ലെങ്കിൽ അവരെത്ര ദുർബ്ബലരാണെന്നും, തങ്ങൾ ജനങ്ങളെ സമീപിയ്ക്കാൻ എത്രമേൽ അപര്യാപ്തരാണെന്നും അവർ കാണുന്നില്ല. അവരുടെ തല ഉടയ്ക്കുവാൻ ഞങ്ങൾ നിർബ്ബന്ധിയ്ക്കപ്പെടുകയാണെങ്കിൽ അതിനു കുറ്റപ്പെടേണ്ടവർ അവരായിരിയ്ക്കും.''

തമ്മിൽ കണ്ട മിക്ക സമയങ്ങളിലും ഈ വിഷയത്തെക്കുറിച്ചു ഞങ്ങൾ ചർച്ചചെയ്തു. അദ്ദേഹം പറഞ്ഞിരുന്നതിലെല്ലാം ബുദ്ധിവർഗ്ഗത്തോടു തനിയ്ക്കുള്ള അവിശ്വാസവും എതിർപ്പും നിലനിന്നിരുന്നുകൊണ്ടേ ഇരുന്നുവെങ്കിലും, വിപ്ലവപരമായ പ്രവർത്തനത്തിൽ ബുദ്ധിശക്തിയ്ക്കുള്ള പ്രാധാന്യം അദ്ദേഹം ശരിയായി കണക്കാക്കിയിരുന്നു. ശരിയ്ക്കു വികസിപ്പെടാനാവാത്ത ഇടുങ്ങിയ സ്ഥിതികളിൽനിന്നു് അതിവർത്തിച്ച ശക്തിയുടെ പൊട്ടിപ്പുറപ്പെടലാണ് വിപ്ലവം എന്ന ചുരുക്കത്തിൽ അദ്ദേഹം സമ്മതിച്ചപോലെ തോന്നി.

ഞാനും അദ്ദേഹവും മൂന്ന് അക്കാഡമിയംഗങ്ങളും കൂടുമിച്ചുണ്ടായിരുന്ന ഒരവസരം ഞാൻ ഓർമ്മിയ്ക്കുന്നു. പെട്രോഗ്രാഡിലെ ഏറ്റവും ഉയർന്ന ശാസ്ത്രീയസ്ഥാപനങ്ങൾ പുനസ്സംഘടിപ്പിയ്ക്കുന്നതിനെപ്പറ്റിയായിരുന്നു സംഭാഷണം. അവരെ പറഞ്ഞയച്ചുകഴിഞ്ഞശേഷം ലെനിൻ സംതൃപ്തി പ്രദർശിപ്പിച്ചുകൊണ്ടു പറഞ്ഞു:

''അതെല്ലാം ശരിയായി. അവർ മിടുക്കന്മാരാണ്. അവക്ക് എല്ലാം ലളിതമാണ്, എല്ലാം വ്യക്തമായി രൂപവൽക്കരിച്ചതാണ്. അവക്കെന്താണാവശ്യമെന്നും അവക്കറിയുമെന്നും നിങ്ങൾക്കു കാണാം. അങ്ങിനെയുള്ളവരുടെകൂടെ ജോലിയെടുക്കുന്നതുതന്നെ ഒരു രസമാണ്. എനിയ്ക്ക് എസ്സി_നെ വളരെ പിടിച്ചു!'' റഷ്യൻസയൻസിൽ വളരെ പ്രസിദ്ധമായ ഒരു പേരദ്ദേഹം പറഞ്ഞു. പിന്നീടൊരു ദിവസം അദ്ദേഹം എനിയ്ക്ക് ടെലിഫോൺ ചെയ്തു. ''എസ്സി_നോടു നമ്മുടെകൂടെ വന്നു ജോലിയെടുക്കാൻ കഴിയുമോ എന്നു ചോദിയ്ക്കുക'' എസ്സ്. ഇതു അഭിപ്രായം സ്പഷ്ടീകരിച്ചപ്പോൾ അദ്ദേഹം ആത്മാർത്ഥമായ സംതൃപ്തി പ്രദർശിപ്പിച്ചു. തന്റെ കൈകൾ തമ്മിൽ തിരുമ്മി അദ്ദേഹം നേരമ്പോക്കായി പറഞ്ഞു: ''കന്നിന്റെ പിന്നാലെ മറ്റാരന്നായി റഷ്യയിലേയും യൂറോപ്പിലേയും ആർക്കിമിഡസ്സുകളെ നമുക്കു കൊണ്ടുവരാം. അന്നു ലോകം, ഇഷ്ടപ്പെട്ടാലെങ്കിലും ഇല്ലെങ്കിലും, മാറാതെ തരമില്ല.

(1919) പാർട്ടിയുടെ എട്ടാം കോൺഗ്രസ്സിൽ. എൻ. ഐ. ബുഖാറിൻ മറ്റു സംഗതികൾക്കിടയിൽ പറഞ്ഞു: ''രാഷ്ട്രമെന്നാൽ തൊഴിലാളിവർഗ്ഗവും മുതലാളിവർഗ്ഗവും കൂടിയുള്ളതാണ്. വെടിപ്പിനെ അഭിയുന്ന മുതലാളിവർഗ്ഗത്തിനു സ്വയംനിണ്ണയാവകാശം അനുവദിയ്ക്കുന്നതു തികച്ചും അസ്ഥാനത്തിലാണ്.''

''അല്ല, അതു് അസ്ഥാനത്തിലല്ല.'' ലെനിൻ കടന്നുപറഞ്ഞു, ''മുതലാളികളെ തൊഴിലാളികളിൽനിന്നു തരം തിരിയ്ക്കണമെന്നു നിങ്ങൾ വാദിയ്ക്കുന്നു. നമുക്കു കാക്കുക; അതെങ്ങിനെയായിത്തീരുമെന്നു കണ്ടറിയാം.'' എന്നിട്ടു ജർമ്മനിയുടെ ഉദാഹരണത്തിലേയ്ക്കു ചൂണ്ടിക്കാണിച്ചുകൊണ്ട്, ഇതു തരംതിരിക്കൽ എത്ര സാവധാനത്തിലാണെന്നും കമ്മ്യൂണിസം ബലംകൊണ്ടുമാത്രം സ്ഥാപിയ്ക്കാൻ കഴികയില്ലെന്നു വ്യക്തമാക്കിക്കൊണ്ടും, ബുദ്ധിവർഗ്ഗക്കാർക്കു വ്യവസായങ്ങൾ വർദ്ധിപ്പിക്കുന്നതിലുള്ള പങ്കിനെ കാണിച്ചുകൊണ്ടും അവർക്കു സഹകരണത്തിലും പട്ടാളവകുപ്പിലും എന്തു ചെയ്യാൻ കഴിയുമെന്നു വ്യക്തമാക്കിക്കൊണ്ടും പ്രസംഗിച്ചു.

ഞാൻ അന്നത്തെ വാദപ്രതിവാദം ''ഇസ്°വെസ്°റ്റിയ''യിൽ നിന്നും° ഉദ്ധരിയ്ക്കുന്നു.

''ഈ ചോദ്യം വരുന്ന കോൺഫറൻസിൽ പരിപൂർണ്ണമായ സ്ഥൂതയോടുകൂടി തീരുമാനിയ്ക്കണം. മുതലാളിത്തശാസ്ത്രങ്ങളെക്കൊണ്ടും സങ്കേതങ്ങളെക്കൊണ്ടും മാത്രമേ കമ്മ്യൂണിസത്തെ ജനങ്ങൾക്കു° അടുക്കാവുന്ന മട്ടിലാക്കി പണി ചെയ്യാൻ കഴികയുള്ളു. ഈ ആവശ്യത്തിനു°, മുതലാളിത്തവർഗ്ഗക്കാരുടെ ഉപകരണങ്ങൾ പിടിച്ചെടുക്കണം; തൊഴിൽവിദഗ്ധന്മാരെ ആകർഷിയ്ക്കയും വേണം. ഉൽപാദനശക്തികളെ വർദ്ധിപ്പിയ്ക്കുവാൻ മുതലാളിത്തത്തിലെ വിദഗ്ധന്മാർ കൂടാതെ കഴികയില്ല. അവരെ സൌഹാർദ്ദപൂർണ്ണമായ സഹകരണത്തിന്റെ കരവലയത്തിൽ കൊണ്ടും തൊഴിലാളിനേതാക്കന്മാരെക്കൊണ്ടും കമ്മ്യൂണിസ°റുകരെക്കൊണ്ടും വലയംചെയ്യണം. അവർ പിരിഞ്ഞുപോകാത്ത മാതിരിയുള്ള സ്ഥിതികൾ സൃഷ്ടിയ്ക്കണം.

''മുതലാളിത്തത്തിന്റെ കീഴിലുള്ളതിലും കൂടുതൽ സൌകര്യങ്ങൾ അവർക്കു° ഉണ്ടാക്കിക്കൊടുക്കണം. അല്ലെങ്കിൽ മുതലാളിത്തത്തിൻ കീഴിൽ വിദ്യാഭ്യാസം സിദ്ധിച്ച ഈ വർഗ്ഗം ജോലിയെടുക്കുകയില്ല. ഒരു വർഗ്ഗത്തെക്കൊണ്ടു മുഴുവൻ, ബലം പ്രയോഗിച്ചു ജോലിയെടുപ്പിയ്ക്കാൻ കഴികയില്ല.

''മുതലാളിത്തത്തിന്റെ സവിശേഷത്തൊഴിൽവിദഗ°ധന്മാർ സംസ്കാരികപ്രവർത്തനം ചെയ്യാണ്ടു° ശീലിച്ചിട്ടുള്ളതു°. അവർ മുതലാളിത്തഘടനയുടെ നാലതിർത്തിയ്ക്കുള്ളിൽ നിന്നാണ്ടു° അതു ചെയ്തവരുന്നതും; അവർ വളരെ കായ്മായി പണിയെടുത്തു മുതലാളിവർഗ്ഗത്തിനു വളരെ സമ്പത്തുണ്ടാക്കിക്കൊടുത്തു; തൊഴിലാളിവർഗ്ഗത്തിനു അതിയായ്മയുള്ള ഒരു പങ്കും കൊടുത്തു. ഏതായാലും അവർ സംസ്കാരികപ്രവർത്തനം മുന്നോട്ടു കൊണ്ടുപോയിരിക്കുന്നതാണ്ടു° അവരുടെ തൊഴിൽ. തൊഴിലാളികൾ സംസ്കാരത്തെ വിലമതിയ്ക്കുക മാത്രമല്ല, അവരതു ബഹുജനങ്ങളിൽ പ്രചരിപ്പിയ്ക്കുകകൂടി ചെയ്യുന്നുണ്ടെന്നവർ മനസ്സിലാക്കിയാൽ, അവർ നമ്മുടെ നേരെയുള്ള മനോഭാവം മാറും. അങ്ങിനെ മാനസികമാ

യി അവർ നമ്മുടെ ഭാഗത്തു ചേട്ടം; രാഷ്ട്രീയമായി മാത്രമല്ല അവർ മുതലാളിത്തവർഗ്ഗങ്ങളുമായി പിരിയുക.

''നാം നമ്മുടെ ഘടനയിലേയ്ക്ക് അവരെ ആകർഷിയ്ക്കണം. അതിനുവേണ്ടി ത്യാഗങ്ങളും സഹിയ്ക്കാൻ തയ്യാറായിരിയ്ക്കുകയും വേണം. വിദേശന്മാരോടു പെരുമാറുമ്പോൾ നാം അവരെ വേദനിപ്പിക്കരുതു്. അവർക്കു ജീവിതസൌകര്യങ്ങളും ധാരാളം ഉണ്ടാക്കിക്കൊടുക്കണം. അതായിരിയ്ക്കും ഏറ്റവും നല്ല നയം. ഇന്നലെ നാം ഇടത്തരക്കാരുടെ കക്ഷികളെ നിയമസാധുതപോലുള്ളതാക്കി പ്രഖ്യാപിയ്ക്കുകയും, ഇന്നു മെൻഷെവിക്കുകാരേയും സോഷ്യലിസ്റ്റ് റെവലൂഷണറിക്കാരേയും അറസ്റ്റുചെയ്യുകയും ചെയ്യുന്നുണ്ടെങ്കിൽ, ഈ നയത്തിൽക്കൂടി ഒരു നേർവര ഓടുന്നുണ്ടു്— എതിർവിപ്ലവകാരികളെ വേരോടെ നശിപ്പിയ്ക്കുകയും മുതലാളിത്തവർഗ്ഗത്തിന്റെ സാംസ്കാരികോപകരണങ്ങളും പിടിച്ചടക്കുകയും.''

മഹത്തായ ഒരു നയത്തിന്റെ ഈ വിവരണത്തിൽ ഇടത്തരക്കാരുടെ ''ഭൂതദയ''യെക്കുറിച്ചുള്ള ബലഹീനമായ നാട്യത്തിനേക്കാൾ എത്രയോ യഥാർത്ഥമായ ഒരു സജീവബോധമാണുള്ളതു്. ഭൌർഭാഗ്യവശാൽ, മഷ്യാദയോടുകൂടി ജോലിയിൽ തൊഴിലാളിവർഗ്ഗത്തിനോടു സഹകരിയ്ക്കാനുള്ള ഈ അഭ്യർത്ഥന മനസ്സിലാക്കുകയോ അതിനെ അഭിനന്ദിയ്ക്കുകയോ പലരും അന്നു് ചെയ്തിട്ടില്ല. അവർ മുക്കിലും മൂലയിലും നശീകരണപ്രവൃത്തി ചെയ്യാനാണു് ഇഷ്ടപ്പെട്ടതു്. റഷ്യയിൽ അടിയാന്മുസ്സ്യന്മാരോയം പാടില്ലെന്നു പ്രഖ്യാപനംചെയ്യപ്പെട്ടപ്പോൾ, അടിമകളായിമാത്രം ജീവിച്ച പലരും, എജമാനന്മാർ തങ്ങളെ അടിയ്ക്കാറുള്ള ആ തൊഴിത്തുകളിൽ, അടിമകളായിത്തന്നെ ജീവിയ്ക്കാനാണു് ഇഷ്ടപ്പെട്ടതു്.

വിപ്ലവപരമായ നയങ്ങൾ

വിപ്ലവപരമായ നയങ്ങളുടേയും ജീവിതത്തിന്റേയും ക്രെയ്ത്തെപ്പറ്റി ഞാൻ പലപ്പോഴും ലെനിനോടു സംസാരിയ്ക്കാറുണ്ടു്.

അത്ഭുതത്തോടും കോപത്തോടുംകൂടി അദ്ദേഹം ചോദിയ്ക്കും:

''നിങ്ങൾക്കെന്താണു് വേണ്ടതു്? ഇതിനുമുമ്പുണ്ടായിട്ടുള്ള ഭയങ്കരത്വത്തിനെ അതിലംഘിയ്ക്കുന്ന ഒരു ഭയങ്കരസമരത്തിൽ മനുഷ്യത്വത്തോടെ പ്രവർത്തിയ്ക്കുക സാദ്ധ്യമാണോ? വ്യയത്തിന്റെ മാർഗ്ഗത്തിനോ മഹാമനസ്കതയ്ക്കോ സ്ഥലമെവിടെ? യൂറോപ്പിൽനിന്നു് എല്ലാം നമ്മുടെ രാജ്യത്തേയ്ക്കു കടക്കുന്നതു തടയപ്പെട്ടിരിയ്ക്കുന്നു; യൂറോപ്പിൽ തൊഴിലാളിവർഗ്ഗത്തിന്റെ സഹായം നമുക്കു നിഷേധിയ്ക്കപ്പെട്ടിരിയ്ക്കുന്നു. പ്രതിവിപ്ലവം ഒരു കരടിയെപ്പോലെ ഓരോ ഭാഗത്തുനിന്നും നമ്മുടെ മേല്പോട്ടു കേറാൻ മുതിരുന്നു. നിങ്ങൾക്കെന്താണാവശ്യം? നാം ചെയ്യുന്നതു ശരിയല്ലേ? നാം സമരം ചെയ്കയും എതിർക്കയും ചെയ്യേണ്ടതല്ലേ? നാം ഒരുകൂട്ടം വങ്കന്മാരല്ല. നാം സാധിയ്ക്കേണ്ടതു നാം സ്വയം സാധിയ്ക്കേണ്ടതാണെന്നു നമുക്കറിയാം. മറിച്ചാണു് എന്റെ ബോധമെങ്കിൽ ഞാനിന്നു് ഇവിടെ ഇരിയ്ക്കുമെന്നു നിങ്ങൾ വിചാരിയ്ക്കുന്നുണ്ടോ?''

''ഏതു് അടികളാണു് ആവശ്യം, ഏതടികളാണു് ആവശ്യത്തിലധികമായിട്ടുള്ളതെന്നു നിശ്ചയിക്കാൻ നിങ്ങളുടെ കയ്യിലുള്ള അളവുകോൽ എന്താണു്?'' എന്നു് ഒരിയ്ക്കൽ ഒരു ചുട്ട വാദപ്രതിവാദത്തിനുശേഷം അദ്ദേഹം ചോദിച്ചു. ഈ എളുപ്പമേറിയ ചോദ്യത്തിനു കവിയുടെ ഒരവ്യക്തമായ 'ഉത്തരം മാത്രമാണു്' എനിയ്ക്കു കൊടുക്കുവാൻകഴിഞ്ഞതു്. അതിനു മറുതരത്തിൽ മറുപടി കൊടുക്കാൻ അസാദ്ധ്യമാണെന്നു തോന്നുന്നു. ഞാൻ പലപ്പോഴും മറ്റൊരു തരത്തിലുള്ള അപേക്ഷകം കൊണ്ടു് അദ്ദേഹത്തെ ക്ഷീണിപ്പിയ്ക്കാറുണ്ടു്. മറ്റു പലർക്കും വേണ്ടി ഞാൻ ഇങ്ങിനെ ബുദ്ധിമുട്ടുന്നതിൽ അദ്ദേഹം എന്നോടു് അനുകമ്പ പ്രദർശിപ്പിച്ചുവെന്നു് എനിയ്ക്കു തോന്നി. അദ്ദേഹം ചോദിയ്ക്കും: ''നിങ്ങൾ നിങ്ങളുടെ ശക്തിയെ ഒരു വൃത്തികെട്ട വസ്തുവിനുവേണ്ടിയാണു് ചെലവാക്കുന്നതെന്നു നിങ്ങൾക്കു തോന്നുന്നില്ലേ?''

എന്നാൽ ചെയ്യേണ്ടതാണെന്നു് എനിയ്ക്കു തോന്നിയിരുന്നതെല്ലാംതന്നെ ഞാൻ തുടർന്നുകൊണ്ടു ചെയ്തുപോന്നു. തൊഴിലാളിവർഗ്ഗത്തിന്റെ ശത്രുക്കളാരാണെന്നറിഞ്ഞിരുന്ന അദ്ദേഹം എന്നെ നേരെ കോപിച്ചുനോക്കുമ്പോഴും, അദ്ദേഹത്തിനു് എന്നെ അതിൽനിന്നു പിന്തിരിപ്പിയ്ക്കുവാൻ കഴിഞ്ഞില്ല. അദ്ദേഹം വാദ

ത്തിനെ തകർക്കുന്നമട്ടിൽ തലകുലുക്കിപ്പറയും: ''സഹപ്രവർത്തകന്മാരുടേയും തൊഴിലാളികളുടേയും കണ്ണിൽ നിങ്ങൾ പ്രതിയോഗിയ്യുകിഴടങ്ങുകയാണു്.'' വികാരങ്ങൾ തള്ളിക്കയറി തൊണ്ടിമുക്കുമ്പോൾ സഹപ്രവർത്തകന്മാരും തൊഴിലാളികളും വിലപിടിച്ച ആളുകളുടെ ജീവനെ ശരിയായി വിലമതിയ്ക്കാതിരിയ്ക്കുന്ന അവസരങ്ങൾ കുറവല്ലെന്നു ഞാൻ ചൂണ്ടിക്കാണിച്ചു. ഇതു് എന്റെ അഭിപ്രായത്തിൽ, വിപ്ലവത്തിന്റെ കഠിനമായ സത്യപ്രവർത്തനത്തെ ഭീമവും, ചിലപ്പോൾ തന്റേടംകെട്ടതുമായ ക്രൂരകൃത്യത്തിലേയ്യുതരംതാഴ്ത്തുക മാത്രമല്ല ചെയ്യുന്നുള്ളു, ഫലത്തിന്റെയും നയത്തിന്റെയും നിലയിൽനിന്നു നോക്കുമ്പോൾപ്പോലും ദോഷകരമാണു്. കാരണം, പ്രധാനന്മാരായ പലരേയും വിപ്ലവത്തിൽ പങ്കെടുക്കുന്നതിൽനിന്നു് ഇതു പിന്തിരിപ്പിയ്യുന്നു.

''ഹും ഹും'' ലെനിൻ അവിശ്വാസിയുടെ മട്ടിൽ മൂളി, ബുദ്ധിവ്യാമോഹിയായ തൊഴിലാളികളുടെ താൽപര്യത്തെ വഞ്ചിച്ച പല ഏട്ടങ്ങളും ലെനിൻ ചൂണ്ടിക്കാണിച്ചു.

അദ്ദേഹം തുടർന്നു: ''നമ്മുടെ ഇടയിൽ പലരും ഭീരുത്വംകൊണ്ടു മാത്രമല്ല, അവരുടെ ഉദ്ദേശമാനംകൊണ്ടും എതിർപക്ഷത്തിലേയ്യു ചേരുന്നുണ്ടു്; തങ്ങൾ കടുവിഷമസ്ഥിതിയിൽ എത്തിച്ചേരുന്നെങ്കിലോ എന്നു് അവർക്കു ഭയമുണ്ടു്. യാഥാർത്ഥ്യവുമായി ഏറ്റവുമടുപ്പോൾ തങ്ങളുടെ പ്രിയമേറിയ താത്വികവാദങ്ങൾ പൊളിഞ്ഞുപോയ്യുമോ എന്നും അവർ ഭയപ്പെടുന്നു. നാം അതു കണ്ടു പേടിയ്യുന്നവരല്ല. നമ്മുടെ കണ്ണിൽ പരിപാവനമോ ദൈവികമോ ആയ യാതൊന്നുമില്ല തത്വവാദങ്ങളെ പാറിപ്പിടിച്ചുനില്ക്കുന്നതായിട്ടു്. അവ നമുക്കു് ഉപകരണങ്ങൾ മാത്രമാണു്.''

എന്നിട്ടും എന്റെ ഒരൊറ്റ അഭ്യർത്ഥനയേയും ഇലിഷ് തള്ളിക്കളഞ്ഞതായി ഓർമ്മയില്ല. അവ എല്ലാം നിവ്വഹിയ്യപ്പെട്ടിട്ടില്ലെങ്കിൽ അതദ്ദേഹത്തിന്റെ കുറ്റമല്ല. അതു റഷ്യയിലെ ഭരണയന്ത്രത്തിന്റെ അസാധ്യനമായ വലുപ്പംകൊണ്ടായിരുന്നു. ആ അസാധ്യനമായ സ്വഭാവം ആ യന്ത്രത്തിന്നു ധാരാളമുണ്ടായിരുന്നു. എല്ലാറ്റിന്നും പുറമേ ജനങ്ങളുടെ ബുദ്ധിമുട്ടുകളെ കുറയ്യാനുള്ള കടുവൈമനസ്യവും, വിലപ്പെട്ടവരുടെ ജീവനെ രക്ഷിയ്യുണമെ

ന്ന ബോധമില്ലായ്മയും, കല്പിച്ചുകൂട്ടി ദ്രോഹിയ്ക്കലും ഉണ്ടായിരുന്നിരിയ്ക്കാം. അയാൾ ഒരു കാപട്യമേറിയ ശത്രുവാണു്. പ്രതികാരവും വൈരവും അനങ്ങാതിരിയ്ക്കുന്നതുകൊണ്ടു് സാദ്ധ്യമാകാവുന്നതു്; തീച്ചയായും, ചില നിസ്സാരന്മാരുണ്ടു്, അവരുടെ അയൽവാസികളുടെ കഷ്ടപ്പാടുകൾ കണ്ടു് സന്തോഷിയ്ക്കുന്നവരായിട്ടു്.

ഒരിയ്ക്കൽ അദ്ദേഹം മന്ദഹസിച്ചുകൊണ്ടു് എനിയ്ക്കൊരു കമ്പി കാട്ടിത്തന്നു: ''അവർ എന്നെ വീണ്ടും അറസ്റ്റു ചെയ്തിരിക്കുന്നു. എന്നെ വിട്ടയയ്ക്കുവാൻ പറയണേ!'' ഇവാൻ പോളോനിയുടേതായിരുന്നു ഈ കമ്പി.

''ഞാനയാളുടെ പുസ്തകം വായിച്ചിട്ടുണ്ടു്. എനിയ്ക്കു് അതു വളരെ ചിടിച്ചു. ആദ്യത്തെ അഞ്ചു വാക്കുകൾ വായിച്ചുകഴിഞ്ഞപ്പോൾ എനിയ്ക്കു തോന്നി; തൊടുകുറി പാടുന്നതിന്റെ അനിവാര്യതയെ മനസ്സിലാക്കിയിട്ടുള്ള ഒരാൾ ഇതാ. അയാൾ ക്ഷണിയെടുക്കുന്നില്ല; താൻ ഉപദ്രവിയ്ക്കപ്പെട്ടാലും അയാൾ ക്ഷണിയെടുക്കുന്നില്ല. ഇതു മൂന്നാമത്തെ തവണയാണെന്നു തോന്നുന്നു അയാളെ അറസ്റ്റു ചെയ്യുന്നതു്. അയാളോടു് ആ ഗ്രാമം വിട്ടുപോകാൻ ഉപദേശിയ്ക്കുകയാണു് നല്ലതു്; അല്ലെങ്കിൽ അവരയാളെ കൊന്നുകളയും. അവർക്കു് അയാളെ വലിയ ഇഷ്ടമില്ലെന്നുള്ളതു വ്യക്തമാണു്. ഒരു കമ്പിമൂലം അയാളെ ഉപദേശിയ്ക്കുക.''

തന്റെ ശത്രുക്കളാണെന്നു ലെനിൻ കണക്കാക്കിയിരുന്ന പലരേയും സഹായിയ്ക്കാനുള്ള അദ്ദേഹത്തിന്റെ സന്നദ്ധത ഏന്നെ പലപ്പോഴും അത്ഭുതപ്പെടുത്തി. സഹായിയ്ക്കാനുള്ള സന്നദ്ധത മാത്രമല്ല അവരുടെ ഭാവിയെക്കുറിച്ചു ശ്രദ്ധയും ഉണ്ടായിരുന്നു. ഉദാഹരണത്തിനു ശാസ്ത്രജ്ഞനും രസതന്ത്രജ്ഞനും സേനാനായകനുമായിരുന്ന ഒരാൾ വധിയ്ക്കപ്പെടുമെന്നു് ഒരിയ്ക്കൽ ഭീഷണിപ്പെടുത്തി. ഇക്കഥ എന്നിൽനിന്നു കേട്ടു 'ഹ്ം, ഹ്ം' എന്നു മൂളി അദ്ദേഹം പറഞ്ഞു: ''അപ്പോൾ, അയാളുടെ മുക്കാൽ ലാബറട്ടറിയിൽ ആയുധങ്ങൾ സൂക്ഷിച്ചിരുന്നതു് അയാൾക്കുറിയുണ്ടായിരുന്നിരുന്നില്ലെന്നാണോ നിങ്ങൾ വിചാരിയ്ക്കുന്നതു്? അതു് അസംഭാവ്യമാണു്. പക്ഷേ അതിന്റെ യാഥാർത്ഥ്യം കണ്ടുപിടി

യ്യാൻ ഒഴർഴിൻസ്ഥിയ്യ വിട്ടുകൊടുക്കണം. അയാൾക്ക സത്യം കണ്ടുപിടിയ്യാൻ ഒരു ജന്മവാസനയുണ്ട്.''

വളരെ ദിവസങ്ങൾക്കു ശേഷം അദ്ദേഹം പെട്രോഗ്രാഡിലേയ്ക്ക് എനിയ്യ ടെലിഫോൺ ചെയ്തു: ''നിങ്ങളുടെ ജനറലിനെ ഞങ്ങൾ വിട്ടയയ്യാൻ തീരുമാനിച്ചിരിയ്യുന്നു.—അയാളെ ഇപ്പോൾ വിട്ടുകഴിഞ്ഞിരിയ്യണം. അയാൾ എന്തു ചെയ്യാനാണുദ്ദേശിയ്യുന്നതു്?''

''റഷ്യൻജീവിതത്തിൽ ലയിയ്യാൻ.''

''അതെ, അതെ, കാർബോളിക്കു് ആസിഡ്. അയാൾ കാർബോളിക്കു നല്ലപോലെ തിളപ്പിയ്യട്ടെ. അയാൾക്കു് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ എന്നോടു പറയുക.''

താൻ പുറത്തു കാണിയ്യാൻ ഇഷ്ടപ്പെടാത്ത, ഒരു മനുഷ്യന്റെ ജീവനെ രക്ഷിച്ചതിലുള്ള സന്തോഷത്തെ മൂടിവെയ്യാൻ വേണ്ടി വിരോധാഭാസത്തിലാണു് അദ്ദേഹം സംസാരിച്ചതു്. വളരെ ദിവസങ്ങൾ കഴിഞ്ഞു് ഒരു ദിവസം അദ്ദേഹം ചോദിച്ചു: ''നിങ്ങളുടെ ജനറൽ എങ്ങിനെയിരിയ്യുന്നു? എല്ലാം ശരിപ്പെട്ടോ?''

1919-ൽ പെട്രോഗ്രാഡിലെ അടുക്കളകളിൽ ഒരു സുന്ദരിയായ സ്ത്രീ കടന്നുവന്നു കഷ്ടമായി ''എന്റെ നായ്യാൾക്കു് ഒരെല്ലു തരണം. ഞാൻ T. രാജകുമാരിയാണു്'' എന്നാവശ്യപ്പെട്ടു.

തന്റെ സാമൂഹ്യകാധഃപതനവും വിശപ്പും സഹിയ്യാൻ വയ്യാതെ നേവാനദിയിലേയ്യ് എടുത്തു ചാടാൻ തീച്ചപ്പെടുത്തിയിരുന്ന ആ സ്ത്രീയേയും ഒരു ജന്മവാസനകൊണ്ടു പരിതാപകരമായ തീരുമാനം കണ്ടറിഞ്ഞു നായ്യാൾ പിന്തുടർന്നു ചെന്നു്, കരച്ചും കാളിയിട്ടും അവളെ ആത്മഹത്യയിൽനിന്നു് പിന്തിരിപ്പിച്ചുവെന്നു് ഒരു കഥയുണ്ടു്. ഇക്കഥ ഞാൻ ലെനിനോടു് പറഞ്ഞപ്പോൾ അദ്ദേഹം എന്നെ അടിമുതൽ മുടിവരെ ഒരുവട്ടം നോക്കി, കണ്ണുകളടച്ചു് ക്ഷീണവദനനായി പറഞ്ഞു: ''ഇതെല്ലാം കെട്ടിച്ചമച്ചതായാലും ആശയം മോശമില്ല. വിപ്ലവത്തിന്റെ ഒരു നേരമ്പോക്കു്.''

അദ്ദേഹം നിശ്ശബ്ദനായി; പിന്നീട് എഴുന്നേറ്റ്, മേശപ്പുറത്തെ കടലാസ്സുകഷ്ണം തരംതിരിച്ചുകൊണ്ട്, ആലോചനാനിമഗ്നനായിപ്പറഞ്ഞു: ''അതേ, അച്ഛൻ ഒരു വലിയ വിഷമസ്ഥിതിയിലാണ്. ചരിത്രം ക്രൂരയായ ഒരു ചിറ്റമ്മയാണ്. അതു തിരിച്ചടിയ്ക്കുമ്പോൾ ചുരുക്കത്തിൽ നിന്നുന്നില്ല. പറയാനെന്താണുള്ളത്? അവക്കിതു ചീത്തയാണ്. അവരിലെ സമർത്ഥന്മാർക്ക് അവർ ഉന്മൂലനംചെയ്ത കഴിയപ്പെട്ടിരിയ്ക്കുന്നുവെന്നറിയാം. യുദ്ധോപ്പിൽ പറിച്ചു നട്ടന്നതുകൊണ്ട് അവർ തൃപ്തരാവുകയില്ല. അവരവിടെ വേർപിടിയ്ക്കുമെന്നു നിങ്ങൾ വിശ്വസിയ്ക്കുന്നില്ല; ഉവ്വോ?

''ഞാൻ വിശ്വസിയ്ക്കുന്നില്ല.'' എന്നറിയിരുന്ന മറുപടി.

''അതിന്റെ അർത്ഥം ഒന്നുകിൽ അവർ നമ്മുടെ മാർഗ്ഗത്തിലേയ്ക്കു വരും, അല്ലെങ്കിൽ ഒരിയ്ക്കൽക്കൂടി വിദേശികളെ ക്ഷണിയ്ക്കും യുദ്ധത്തിനു് എന്നാണു്.''

ഞാനദ്ദേഹത്തോടു ചോദിച്ചു: ''നിങ്ങൾക്കു യഥാർത്ഥമായി ജനങ്ങളോടനുകമ്പയുണ്ടോ? അതോ, എനിയ്ക്കുപ്രകാരം തോന്നുകമാത്രമാണോ?''

അദ്ദേഹം മറുപടി പറഞ്ഞു: ''മിടുക്കന്മാരെപ്പറ്റി ഞാൻ പരിതപിയ്ക്കുന്നു. നമുക്കു വേണ്ടുവോളം മിടുക്കന്മാരില്ല. നാം പൊതുവേ ബുദ്ധിയുള്ളവരാണു്; പക്ഷേ, മാനസികമായി അലസരാണു്!''

തങ്ങളുടെ വർഗ്ഗമനോഭാവത്തെ അതിജീവിച്ചിട്ടുള്ള പല സഹപ്രവർത്തകന്മാരേയും അനുസ്മരിച്ചു്, അവർ ബോധപൂർവ്വമിക്കാരോടു ചേർന്നു പ്രവർത്തിയ്ക്കുന്നതിനെപ്പറ്റി അദ്ദേഹം അത്യുത്കരമായ ആവേശത്തോടെ സംസാരിച്ചു.

ലെനിന്റെ ഗുണങ്ങൾ

അസാധാരണമായ മനശ്ശക്തിയുള്ള ഒരു മനുഷ്യനായിരുന്ന ലെനിനു്, വിപ്ലവകാരികളായ ബുദ്ധിവർഗ്ഗത്തിന്റെ നല്ല ഗുണ

ങ്ങും എല്ലാം തികച്ചുമണ്ണായിരുന്നു — ആത്മസംയമനം — പല പ്പോഴും തന്നെ വേണ്ടെന്നുവെയ്ക്കുകയും വിരുപ്പെടുത്തുകയും ചെയ്യുക എന്നേടത്തോളമെത്തിയ ആത്മസംയമനം, എൻ, ആൻ ഡ്രയേവിന്റെ കരു കഥാനായകന്റെ കലയുടേയും ന്യായശാസ്ത്രത്തിന്റേയും രൂപത്തിൽ വിവരിയ്ക്കപ്പെട്ടിട്ടുള്ളതാണ്. ''മറവുള്ളവരുടെ ജീവിതം കഷ്ടപ്പാടുള്ളതാണ്. അതുകൊണ്ടു ഞാനും കഷ്ടപ്പെട്ടു ജീവിയ്ക്കണം.''

1919-ൽ ആ ഭയങ്കര ക്ഷാമത്തിന്റെ വിഷമത്തിൽ സഖാക്കളും കൂട്ടുകാരും പട്ടാളക്കാരും അതാതു ദിക്കിൽനിന്നു തനിയ്ക്കയച്ചിരുന്ന ഭക്ഷണം കഴിയ്ക്കാൻ അദ്ദേഹത്തിനു ലജ്ജ തോന്നി. പാർസലുകൾ വരുമ്പോൾ അദ്ദേഹം മുഖം കറുപ്പിയ്ക്കും; ഇതികർത്തവ്യതാമൂഢനാകും; അരിപ്പൊടിയും, പഞ്ചസാരയും, വെണ്ണയും രോഗം പിടിച്ചു കിടക്കുന്നവർക്കോ, ഭക്ഷണം പോരാതെ ക്ഷീണിച്ചവർക്കോ കൊടുക്കാൻ അദ്ദേഹം വെമ്പൽകൂട്ടും.

''എനിയ്ക്ക് ആസ്രഖാനിൽനിന്നു കുറെ വറുത്ത മത്സ്യം വന്നിട്ടുണ്ട്.'' എന്നു പറഞ്ഞുകൊണ്ട് ഒരു ദിവസം അദ്ദേഹം എന്നെ ഭക്ഷണത്തിനു ക്ഷണിച്ചു. തന്റെ പരന്ന നെറ്റിത്തടം ചുളിച്ചുകൊണ്ട്, നോട്ടം മറ്റെവിടേയ്ക്കോ പായിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: ''ഞാൻ പ്രഭുവാണെന്ന മട്ടിൽ അവർ എനിയ്ക്കു സാധനങ്ങൾ അയയ്ക്കുന്നു. അവരെ അതിൽനിന്നു ഞാൻ എങ്ങിനെ തടയും? വേണ്ടെന്നു പറഞ്ഞു മടക്കി അയച്ചാൽ അവർക്കു വേദനപ്പെടും. എന്റെ ചുറ്റുമുള്ളവരോ, എല്ലാവരും വിശന്നു വലയുന്നു!''

സ്വന്തമായ ''കമ്പ''ങ്ങളൊന്നുമില്ലാതെ, പുകയിലയോ വെള്ളമോ തൊടാതെ, രാവിലെമുതൽ രാത്രി വരെ കഴിയ്ക്കും നിറഞ്ഞ പ്രയാസപ്പെട്ട ജോലി എടുത്തിട്ടും, തന്റെ ദേഹം നോക്കുന്ന കാര്യത്തിൽ അദ്ദേഹം ശ്രദ്ധിച്ചതേയില്ല. എന്നാൽ തന്റെ സഹപ്രവർത്തകന്മാരുടെ ക്ഷേമത്തിൽ അദ്ദേഹം സശ്രദ്ധമായ ദൃഷ്ടി വെച്ചു പോന്നിരുന്നു.

തന്റെ വായനമുറിയിലെ മേശയ്ക്കരികിൽ ഇരുന്ന്, കട ലാസ്സിൽനിന്നു പേനയെടുക്കാതെ അദ്ദേഹം വേഗത്തിൽ സംസാ

രിച്ചു തുടങ്ങും. ''വന്ദനം. സുഖംതന്നെയല്ലേ. ഞാനിതാ അവ സാനിപ്പിയ്ക്കുകയായി. ഒരു ഗ്രാമത്തിലെ ഒരു സഖാവിനു് കാറ പ്പെട്ടതിലുള്ള ഒരു പന്തികേടു്; ക്ഷീണിച്ചിരിയ്ക്കുന്നുവെന്നു വ്യക്തം. അയാൾക്കു് ഉന്മേഷം വെപ്പിയ്ക്കണം; മനസ്സിന്റെ സ്ഥിതി കുട്ടം അപ്രധാനമായ കാര്യമല്ല ''

ഞാനൊരിയ്ക്കൽ മോസ്കോവിൽ അദ്ദേഹത്തിന്റെ അടുത്തു ചെന്നപ്പോൾ അദ്ദേഹം ചോദിച്ചു: ''താൻ ഭക്ഷണം കഴിച്ചുവോ?''

''ഉവ്വു്.''

''താൻ നുണ പറയുകയല്ലല്ലോ?''

''സാക്ഷികളുണ്ടു്. ഞാൻ ക്രെംലിനിലെ ഭക്ഷണശാലയിൽ നിന്നാണു് ഭക്ഷണം കഴിച്ചതു്.''

''അവിടെ ഭക്ഷണം നന്നല്ല എന്നു ഞാൻ കേൾക്കുകയുണ്ടായി.''

''ചീത്തയല്ല; ഇതിലും ഭേദമാക്കാം.''

ഉടനെ അദ്ദേഹം വിവരങ്ങളും ചോദിച്ചു: ''എന്താണു് ചീത്തത്തം? എങ്ങിനെ ഭേദമാക്കാൻ കഴിയും?'' അദ്ദേഹം കോപിച്ചു വിറപിറക്കാൻ തുടങ്ങി: ''അവിടെ വിദഗ്ധനായ ഒരു വെപ്പുകാരനെ എന്തുകൊണ്ടു് നിയമിയ്ക്കുന്നില്ല? ജനങ്ങളും ബോധം കെട്ടന്നുവരെ ജോലിയെടുക്കുന്നു. അവർക്കു് അധികം ഭക്ഷിയ്ക്കാൻ കഴിയുന്ന വിധത്തിൽ നല്ല ഭക്ഷണം ഉണ്ടാക്കണം. വളരെ കുറച്ചേ ഭക്ഷണം കിട്ടാൻള്ള എന്നെ നിയ്ക്കുറിയാം. അതും ചീത്ത! നല്ല ഒരു വെപ്പുകാരനെ കൊണ്ടുവരണം.'' കരാരോഗ്യ വിദഗ്ധൻ ഭക്ഷണം പാകം ചെയ്യുന്നതിനു ഭോനത്തിലും ഭക്ഷിയ്ക്കുന്നതിലുള്ള പ്രാധാന്യത്തെപ്പറ്റി പറഞ്ഞിട്ടുള്ള വാചകങ്ങളും അദ്ദേഹം ഉദ്ധരിച്ചു.

ഞാൻ ചോദിച്ചു. ''ഇത്തരം വിഷയങ്ങളെപ്പറ്റി ആലോചിയ്ക്കാൻ താങ്കൾക്കു് എങ്ങിനെ സമയം കിട്ടുന്നു?''

അദ്ദേഹം ഒരു ചോദ്യം തിരിച്ചുചോദിച്ചു: ''യുക്തിപൂർവ്വമായ ഭ

ക്ഷണത്തിനെപ്പറ്റിയോ?'' അദ്ദേഹത്തിന്റെ ശബ്ദത്തിൽനിന്നു് എന്റെ ചോദ്യം അസ്ഥാനത്തിലാണെന്നു് എനിയ്ക്കു മനസ്സിലായി. എന്റെ ഒരു പഴയ പരിചയക്കാരൻ, പി. എ. ഒസ്ലാറൊ ഖോഡോവ്, സോർമോവോവിലെ മറ്റൊരു പ്രവർത്തകൻ—ഒരു മൃദുസ്വഭാവി—ചെക്കയിലെ ജോലിയുടെ വേദനയെപ്പറ്റി എന്നോടു് ആവലാതിപ്പെട്ടു: ''അതല്ല തനിയ്ക്കു പറ്റിയ ജോലി; അതു തന്റെ ദേഹസ്ഥിതിയ്ക്കു പറ്റിയതല്ല'' എന്നു് ഞാൻ അയാളോടു പറഞ്ഞു. അയാൾ സവിഷാദം സമ്മതിച്ചു: ''തീരെ പറ്റാത്തതു്. ''പക്ഷേ ഇലിഷിനും തന്റെ വികാരങ്ങളെ അമർത്തിവയ്ക്കുന്നുണ്ടു്. ഇതു ദുർബ്ബലനാവാൻ ഞാൻ ലജ്ജിയ്ക്കുന്നു.''

തങ്ങൾ യാതൊരു കാര്യത്തിനുവേണ്ടി പ്രവർത്തിച്ചിരുന്നുവോ, അതിന്റെ വിജയത്തിനുവേണ്ടി തങ്ങളുടെ മനോവികാരങ്ങളേയും ആദർശപരതയേയും അമർത്തിവെയ്ക്കേണ്ടിവന്ന പല പ്രവർത്തകന്മാരേയും എനിയ്ക്കറിയാമായിരുന്നു. ഇന്നും അറിയാം. തന്നെ. ലെനിനും ഇങ്ങിനെ തന്റെ വികാരാവേശങ്ങളെ അമർത്തേണ്ടിവന്നിട്ടുണ്ടോ? തന്നെപ്പറ്റി മറ്റുള്ളവരോടു പറയാൻവേണ്ടി, നന്നേ കുറച്ചേ, അദ്ദേഹം തന്നെക്കുറിച്ചു് ശ്രദ്ധിച്ചിരുന്നുള്ളു. തന്റെ ആത്മാവിന്റെ രഹസ്യമായ പ്രചോദനങ്ങളെപ്പറ്റി അദ്ദേഹം, മറ്റേതൊരാളെക്കാളുമധികം മൌനമവലംബിച്ചു.

ക്രിയ്ക്കൽ ഗോക്കിയിൽവെച്ചു ചില കുട്ടികളെ ഓമനിയ്ക്കുമ്പോൾ അദ്ദേഹം പറഞ്ഞു: ''നമ്മുടേതിനേക്കാൾ സുഖകരമായ ജീവിതമായിരിക്കും ഇവരുടേതു്. നമ്മുടെ ജീവിതാനുഭവങ്ങളിൽ പലതും ഇവർക്കനുഭവിയ്ക്കേണ്ടിവരില്ല. അവരുടെ ജീവിതത്തിൽ അതു ക്രൌര്യമുണ്ടായിരിയ്ക്കില്ല.''

എന്നിട്ടു് ഗ്രാമങ്ങൾ നിറഞ്ഞ ആ ദൂരത്തുള്ള കുന്നുകൾ നോക്കി അദ്ദേഹം ആലോചനാപൂർവ്വം തുടർന്നു: ''എങ്കിലും ഞാനവരെക്കുറിച്ചു് അസൂയപ്പെടുന്നില്ല. നമ്മുടെ തലമുറ ചരിത്രത്തിനു് അത്ഭുതകരമായ പ്രാധാന്യമുള്ള കുന്നു് നേടിക്കഴിഞ്ഞു. നമ്മുടെ ജീവിതപരിതസ്ഥിതികൾ ആവശ്യമാക്കിത്തീർത്ത ക്രൌര്യം മനസ്സിലാക്കപ്പെടട്ടെ; ന്യായീകരിയ്ക്കപ്പെടട്ടെ. എല്ലാം മനസ്സിലാക്കപ്പെടട്ടെ.''

അദ്ദേഹം കുട്ടികളെ വളരെ മനസ്സുവെച്ചു സൌമ്യമായി മൃദുവായി ക്കൊണ്ടു് ഓമനിച്ചു.

ഞാനൊരിയ്ക്കൽ കാണാൻ ചെന്നപ്പോൾ അദ്ദേഹത്തിന്റെ മേശപ്പുറത്തു് ടോൾസ്റ്റായ്യുടെ ''യുദ്ധവും സമാധാനവും'' കിടക്കുന്നതു കണ്ടു.

''അതേ, ടോൾസ്റ്റോയ്. ആ നായാട്ടിന്റെ രംഗം ഒന്നു വായിയ്ക്കണമെന്നു വിചാരിച്ചു. അപ്പോഴാണു് ഒരു സഖാവിനെ ഴുതാനുണ്ടെന്നു് ഓർമ്മ വന്നതു്. വായിയ്ക്കാൻ തീരെ സമയമില്ല. ഇന്നലെ രാത്രി മാത്രമാണു് നിങ്ങൾ ടോൾസ്റ്റോയിയെപ്പറ്റി എഴുതിയിട്ടുള്ള പുസ്തകം ഞാൻ വായിച്ചതു്.''

മന്ദഹസിച്ചു്, കണ്ണുകൾ കുറച്ചടച്ചു്, ആസ്വാദ്യമായ വിധത്തിൽ തന്റെ ചായുകസാലയിൽ മലർന്നു കിടന്നു്, തന്റെ ശബ്ദം കുറേ താഴ്ത്തി വേഗത്തിൽ പറഞ്ഞു: ''എന്തൊരു മഹാസത്വം! എത്ര അത്ഭുതകരമായി വളർന്നു തലച്ചോറു്! ഇതാ ഒരു കലാകാരൻ. നിങ്ങൾക്കു് ഇതിലും അത്ഭുതകരമായ ഒരു വിവരം കേൾക്കണമോ? ഈ പ്രഭ രംഗത്തിൽ വരുന്നവരെ, സാഹിത്യത്തിൽ ഒരു ശരിയായ കർഷകനെ കാണാൻ കഴിഞ്ഞിട്ടില്ല.''

കണ്ണുകൾ കുറച്ചടച്ചു് എന്റെ നേരെ നോക്കിക്കൊണ്ടദ്ദേഹം ചോദിച്ചു: ''അദ്ദേഹത്തിന്റെ അടുത്തു വെയ്ക്കാവുന്ന ആരെങ്കിലും യൂറോപ്പിലുണ്ടോ?'' എന്നിട്ടു സ്വയം മറുപടി പറഞ്ഞു: ''ആരുമില്ല.'' സംതൃപ്തനായി ചിരിച്ചുകൊണ്ടു് അദ്ദേഹം കൈകൾ തിരുമ്മി.

ഈ ഗുണം, റഷ്യൻ സാഹിത്യത്തിൽ കരഭിമാനം, അദ്ദേഹത്തിൽ ഞാൻ പലപ്പോഴും കണ്ടിട്ടുണ്ടു്. ഇടയ്ക്കു് ഈ ഗുണം ലെനിന്റെ സ്വഭാവത്തിനും് അസാധാരണമാംവിധം ചിലപ്പോൾ ബാലിശം കൂടിയായും, വിരുദ്ധമായും എനിയ്ക്കു തോന്നി. പക്ഷേ അതു തന്റെ ജന്മഭൂമിയോടുള്ള ആഴമേറിയ സ്നേഹത്തിന്റെ പ്രതിധ്വനിയാണെന്നു പിന്നീടു് എനിയ്ക്കു ബോധപ്പെട്ടു. കാപ്രിയിൽ മീൻപിടിത്തക്കാർ ശ്രദ്ധാപൂർവ്വം സ്രാവു കീറി മുത്തുമാലയാക്കിയിരിയ്ക്കുന്ന വലകൾ നിവർത്തുന്നതു കണ്ടിട്ടു് അദ്ദേഹം പറ

ഞ്ഞു: ''നമ്മുടെ ആളുകൾ ഇതിലും വേഗത്തിൽ ഈ ജോലി ചെയ്യും.'' ഈ അഭിപ്രായത്തിൽ സംശയം ഞാൻ പ്രകടിപ്പിച്ചപ്പോൾ അദ്ദേഹം കുറച്ചു വേദനയോടെ പറഞ്ഞു: ''ഹ്മ്. ഹ്മ്. നിങ്ങൾ ഈ മൺകൂന്നിന്മേൽ താമസിച്ചു റഷ്യയെ മറക്കുകയാണു്.''

ലെനിനോടൊന്നിച്ചു സ്വീഡനിലൂടെ തീവണ്ടിയാത്ര ചെയ്യുകയായിരുന്ന വി. എ. ഡെംസ്കിട്സ്കി—സോയേവു് ഡെറെപ്പറി ജർമ്മൻ ഭാഷയിലുള്ള ഒരു ലഘുപുസ്തകം നോക്കുന്നതു കണ്ടു് അതേ മുറിയിലുണ്ടായിരുന്ന ചില ജർമ്മൻകാർ ആ പുസ്തകം എന്താണെന്നു് അദ്ദേഹത്തോടു ചോദിച്ചു. പിന്നീടു് ഈ മഹാനുഭാവ കലാകാരനെപ്പറ്റി അവർ കേട്ടിട്ടില്ലെന്നു വ്യക്തമായി. ഇതു ലെനിൽ അത്യധികം ദുഃഖമുളവാക്കി. അദ്ദേഹം രണ്ടു പ്രാവശ്യം ഡെംസ്കിറ്റ്സ്കിയോടു് അഭിമാനപൂർവ്വം പറഞ്ഞു: ''അവരുടെ കലാകാരന്മാരെക്കുറിച്ചവർക്കറിഞ്ഞുകൂടാ, നമുക്കറിയാം.''

ഒരു ദിവസം വൈകുന്നേരം മോസ്കോവിൻ ഇ. പി. പെഷ്കോയയുടെ മുറിയിൽ വെച്ചു ലെനിൻ ഇൻഷെയിയ ഡൊബ്രോവിയൻ ബീഥോവന്റെ ഒരു ഗാനം വായിയ്ക്കുന്നതു കേൾക്കുകയായിരുന്നു; അദ്ദേഹം പറഞ്ഞു: ''Appassionata യേക്കാൾ മഹത്തായ ഒന്നും എനിയ്ക്കറിഞ്ഞുകൂടാ. അതു ദിവസേന കേൾക്കാൻ എനിയ്ക്കിഷ്ടമാണു്. അതു് അത്ഭുതകരമാംവണ്ണം അമാനുഷമായ സംഗീതമാണു്. മനുഷ്യർക്കു് എത്ര അത്ഭുതകരമായ പ്രവൃത്തികൾ ചെയ്യാമെന്നു ഞാൻ അഭിമാനത്തോടുകൂടി—കുറച്ചു് ബാലിശമായിരിയ്ക്കാം അതു്—എപ്പോഴും വിചാരിയ്ക്കാറുണ്ടു്.''

എന്നിട്ടു കണ്ണുകൾ കുറച്ചടച്ചു് അദ്ദേഹം കുറച്ചു സങ്കടത്തോടുകൂടി പറഞ്ഞു. ''എന്നാൽ എനിയ്ക്കധികംനേരം സംഗീതം കേട്ടിരുന്നുകൂടാ. അതു നമ്മുടെ നാഡികളെ തളർത്തിക്കളയുന്നു. അതിനു നമ്മളെ വിഡ്ഢികളാക്കാൻ കഴിയും. അതു നമ്മെക്കൊണ്ടു നിരർത്ഥകമായി ഭംഗി പറയിയ്ക്കും. എന്നല്ല, ഈ നശിച്ച കപടമായ നരകത്തിൽ ജീവിച്ചുംകൊണ്ടു് ഇതുമേൽ സൌന്ദര്യം സൃഷ്ടിയ്ക്കാൻ സാധിച്ചവരുടെ തലയിൽ തലോടുവാൻ അതു നിങ്ങളെ പ്രേരിപ്പിയ്ക്കും. നിങ്ങളുടെ കൈ ഇതിനിടയ്ക്കു് ആരെങ്കി

ലും കടിച്ചുകൊണ്ടുപോകും. അവരുടെ തലയ്ക്കു തല്ലണം—ഭയം കൂടാതെ. നമ്മുടെ ആദർശം ആരുടെ നേരേയും ശക്തി ഉപയോഗിയ്ക്കാനല്ലെങ്കിൽക്കൂടിയും നമ്മുടെ ചുമതല ഭയങ്കരമായ കാഠിന്യമുള്ളതാണു്.''

അദ്ദേഹം ഏതാണ്ടു് ഒരു ദീനക്കാരനായിക്കഴിഞ്ഞപ്പോൾ, 1921 ആഗസ്തു് 9-ാംനു- എനിയ്ക്കെഴുതി:

''പ്രിയപ്പെട്ട ഏ. എം,

നിങ്ങളയച്ച കത്തു് ഞാൻ എൽ. ബി, കാമനോവിനയച്ചു. ഏറ്റവും ലഘുവായ ജോലിപോലും ഏറ്റുക്കാൻ വയ്യാത്തവിധം ഞാനത്ര ക്ഷീണിച്ചിരിയ്ക്കുന്നു. നിങ്ങളോ രക്തം തുപ്പുന്നു; കടന്നപോവുകയുമില്ല; അതു് അപഹാസ്യമാംവണ്ണം ബുദ്ധിഹീനമാണു്. യൂറോപ്പിൽ ഒരു നല്ല ആരോഗ്യകേന്ദ്രത്തിലാണെങ്കിൽ നിങ്ങൾക്കു പൂർണ്ണസുഖം പ്രാപിയ്ക്കാം. എന്നാൽ നിങ്ങൾക്കെന്തെങ്കിലും ഗണ്യമായ കായ്യം ചെയ്യാൻ കഴിയും. വാസ്തവമായും, വാസ്തവം. ഇവിടെ ഇരുന്നാൽ നിങ്ങളുടെ ദീനം മാറുകയില്ല; നിങ്ങൾക്കൊന്നും ചെയ്യാനും കഴികയില്ല. ഇവിടെയാകട്ടെ, നിങ്ങൾക്കു വെറും സൈപരക്കേടു്, നാശംപിടിച്ച സൈപരക്കേടു് മാത്രം! പോയി, വേഗം ദീനം മാറുക. ഉറ്റാശീർവാദങ്ങളോടെ ഞാൻ അപേക്ഷിയ്ക്കുന്നു.

നിങ്ങളുടെ

ലെനിൻ.

അത്ഭുതകരമായ വാശിയോടെ ഒരു കൊല്ലത്തിലധികം അദ്ദേഹം, റഷ്യ വിട്ടുപോകുവാൻ എന്നെ നിർബ്ബന്ധിച്ചു. തന്റെ ജോലിയിൽ മുഴുകിയിട്ടും, വിശ്രമം ആവശ്യമായ ഒരു രോഗിയെ അദ്ദേഹം എപ്പോഴും കാണിച്ചിരുന്നതിൽ ഞാൻ അത്ഭുതപ്പെട്ടു. അദ്ദേഹം ഇത്തരത്തിൽ പലക്കും കത്തുകൾ എഴുതിയിരുന്നു—കണക്കില്ലാതെ, ഒരുപക്ഷേ—

സഖാക്കളോടുള്ള മനോഭാവം

തന്റെ സഖാക്കളോട് അദ്ദേഹത്തിനുണ്ടായിരുന്ന അസാധാരണമായ മനോഭാവത്തെപ്പറ്റി, അദ്ദേഹത്തിന്നവരെക്കുറിച്ചുണ്ടായിരുന്ന ശ്രദ്ധയെപ്പറ്റി—ആ ശ്രദ്ധ അവരുടെ ജീവിതത്തിന്റെ ഏറ്റവും സൂക്ഷ്മങ്ങളായ വിവരങ്ങൾവരെയും എത്തിയിരുന്നു—ഞാൻ ഇതിനുമുമ്പേ വിവരിച്ചുകഴിഞ്ഞു. എന്നാൽ അദ്ദേഹത്തിന്റെ ഈ സ്വഭാവവിശേഷത്തിൽ സൂക്ഷ്മക്കാരനായ ഒരു എജമാനനെ നല്ലവനും വിദഗ്ധനുമായ ഒരു തൊഴിലാളിയോടുണ്ടായുന്ന സ്വാർത്ഥപരമായ ശ്രദ്ധയുടെ ഒരു ലാഞ്ഛനപോലും എനിയ്ക്ക് ഒരിയ്ക്കലും കാണുവാൻ സാധിച്ചിട്ടില്ല. ലെനിനെ സംബന്ധിച്ചേടത്തോളം ഇതല്ലായിരുന്നു സ്ഥിതി. സമന്മാർ തമ്മിലുള്ള സ്നേഹം ഒരു യഥാർത്ഥസഖാവിലുളവാകുന്ന ഉള്ളിൽത്തട്ടിയ താല്പര്യം, സമന്മാർ തമ്മിലുള്ള സ്നേഹമായിരുന്നു അദ്ദേഹത്തിലുണ്ടായിരുന്നത്. പാർട്ടിയിലെ ഏറ്റവും മഹാന്മാരായ മറ്റംഗങ്ങളേപ്പോലും ലെനിനോടു തുലനക്കാരാണെന്നു് കണക്കാക്കുക ഒസ്സാധമാണെന്നു് എനിയ്ക്കറിയാം. എന്നാൽ ഇതദ്ദേഹംതന്നെ മനസ്സിലാക്കിയിരുന്നതായി തോന്നിയില്ല; അഥവാ, ഒരുവേള മനസ്സിലാക്കേണ്ടതാണെന്നു കരുതിയില്ല. ജനങ്ങളുമായി വാദിയ്ക്കുമ്പോൾ ചിലപ്പോഴൊക്കെ അവരെ നിർദ്ദയമായി പരിഹസിയ്ക്കുകയും വിഷം കലന്നതരത്തിൽ കളിയാക്കുകയും ചെയ്യാറുണ്ട്. ഇതെല്ലാം അദ്ദേഹം ചെയ്തുപോന്നു. എന്നാൽ എത്ര എത്ര തവണ തലേന്നാൾ താൻ പരിഹസിയ്ക്കുകയും വിമർശിയ്ക്കുകയും ചെയ്തിരുന്നവരെപ്പറ്റി അഭിപ്രായം പുറപ്പെടുവിയ്ക്കുമ്പോൾ അവരുടെ പ്രാപ്തിയേയും സ്ഥൈര്യത്തേയും അദ്ദേഹം ബഹുമാനിച്ചിട്ടുണ്ടെന്നോ! 1918 മുതൽ 1921 വരെയുള്ള വൃത്തികെട്ട സ്ഥിതികളിൽ, ഉറച്ച വിശ്വാസത്തോടുകൂടി അവർ ചെയ്ത പ്രവർത്തനത്തിന്നു്, വിദേശങ്ങളിലേയും എതിർകക്ഷികളുടേയും ചാരന്മാരുടെ നടക്കു്, യുദ്ധംകൊണ്ടു വശംകെട്ട ഒരു രാജ്യത്തിന്റെ ദേഹത്തിൽ പഴുത്തളിഞ്ഞുനില്ക്കുന്ന മുറിവുകളേപ്പോലെയുള്ള ഗ്രാമാലോചനകളുടെ നടക്കു്, അവർ ചെയ്ത പ്രവർത്തനത്തിന്റെ നേക്കു്, അദ്ദേഹം എത്ര ബഹുമതിയാണു് കണക്കിച്ചതു്!

അവർ വിശ്രമമില്ലാതെ ജോലിയെടുത്തു. കുറച്ചു ക്ഷണമേ

അവക്ക് കിട്ടിയിരുന്നുള്ളൂ; അതു ചീത്തയും! അവർ സദാ അവസാനമില്ലാത്ത ആപത്തിൽ ജീവിച്ചു. എന്നാൽ ലെനിനും ഈ സ്ഥിതികളുടേയും ആദ്യന്തം കലഹത്തിന്റെ കൊടുംക്രൂരമായ രഹസ്യാത്മകമായ കൊടുംകാറ്റുകൊണ്ടു് അടിത്തറയോളം പിടിച്ചുകുലുക്കപ്പെട്ട ഒരു സമുദായത്തിന്റെ അഗോചരങ്ങളായ ആപത്തുകളുടേയും കാഠിന്യം അനുഭവപ്പെട്ടതായി തോന്നിയില്ല! ഒരൊറ്റ അവസരത്തിലേ ഒരാവലാതിയെന്നോണം ഒരു വാചകം അദ്ദേഹത്തിൽനിന്നു പുറപ്പെട്ടിട്ടുള്ളൂ. അതു് അദ്ദേഹം എം. എഫ്. ആൻഡ്രേയേവയോടു് (ഗോർക്കിയുടെ ഭാര്യ) സ്വന്തം മുറിയിലിരുന്നു സംസാരിയ്ക്കുമ്പോളായിരുന്നു:

''പ്രിയപ്പെട്ട എം. എഫ്, നാം മരാറ്റ് ചെയ്യട്ടെ? യുദ്ധം ചെയ്യുകയല്ലാതെ നമുക്കു പോംവഴിയില്ല. അതു നമുക്കു കഠിനമായി തോന്നുന്നുണ്ടോ? നിശ്ചയമായും തോന്നുന്നുണ്ടു്, എനിയ്ക്കു്. അതു കഠിനമല്ലെന്നാണോ നിങ്ങളുടെ വിചാരം? അതു കഠിനമാണു്—വളരെ കഠിനം? എന്നാൽ ഷർഷിൻസ്കിയെ നോക്കൂ. അദ്ദേഹം ഇല്ലാതായിട്ടുടഞ്ഞിയിരിയ്ക്കുന്നു. അതിനെക്കുറിച്ചു് ഒന്നും ചെയ്യാനില്ല, പരാജയപ്പെട്ടുന്നതിനേക്കാൾ ഭേദം സങ്കടം സഹിയ്ക്കയാണു്.''

എന്റെ സാന്നിദ്ധ്യത്തിൽ അദ്ദേഹം പ്രശ്നിപ്പിച്ച ഒരൊറ്റ സങ്കടം ഇതാണു്: ''മാട്ടോവ് നമ്മുടെകൂടെ ഇല്ലാത്തതിൽ ഞാൻ പരിതപിയ്ക്കുന്നു. അയാൾ എത്ര നല്ല സഖാവായിരുന്നു; എത്ര ആത്മാർത്ഥതയുള്ള മനുഷ്യൻ!''

ഞാനിപ്പോഴും ഓർക്കുന്നു, മാട്ടോവ്, ''റഷ്യയിൻ രണ്ടു കമ്മ്യൂണിസ്റ്റുകളേ ഉള്ളൂ, ലെനിനും, കൊളന്തെയും'' എന്നു് എവിടെയോ വെച്ചഭിപ്രായപ്പെട്ട ആ വാചകം വായിയ്ക്കുമ്പോൾ ലെനിൻ എത്രമേൽ ഹൃദയംഗമമായി, എത്രനേരം ചിരിച്ചിരിയ്ക്കുന്നുവെന്നോ! അദ്ദേഹം ചിരി കഴിഞ്ഞു് ഒന്നു നെടുവീർപ്പിട്ടു പറഞ്ഞു: ''അവർ എത്ര മിടുക്കത്തിയാണു്!''

ഒരിയ്ക്കൽ ഒരു സഖാവിനെ, ഒരു ഭരണവകുപ്പുമേലധികാരിയെ, മുറിയിൽനിന്നു യാത്രയാക്കിയതിന്നുശേഷം അദ്ദേഹം യ

ഗാർത്ഥമായ ബഹുമാനത്തോടും ആശ്ചര്യത്തോടുംകൂടി പറഞ്ഞു: ''നിങ്ങൾ അയാളെ വളരെ കാലമായി അറിയുമോ? യൂറോപ്പിലെ ഏതു രാജ്യത്തെയും ഒരു മന്ത്രിസഭയുടെ അദ്ധ്യക്ഷനായിരിയ്ക്കാൻ അയാൾ മതി.'' തന്റെ കൈകൾ തിരുമ്മി, ചിരിച്ചുകൊണ്ടദ്ദേഹം കൂട്ടിച്ചേർത്തു, ''യൂറോപ്പു ബുദ്ധിമാന്മാരുടെ കാര്യത്തിൽ നമ്മേക്കാൾ ദരിദ്രമാണു°,''

വിമാനങ്ങൾക്കു നേരെ വെടിവെയ്ക്കുവാൻ ഒരു ബോൾഷവിക്കു 'പീരങ്കിക്കാരൻ' (Artillery man) കണ്ടുപിടിച്ച ഒരു യന്ത്രം കാണുവാൻ ചീഫ് ആട്ടിലറി ഡിപ്പാർട്ടുമെണ്ടിലേക്കു° എന്നെ ഒരുമിച്ചു° അദ്ദേഹം പോരണമെന്നു° ഞാനഭിപ്രായപ്പെട്ടു. ''എനിയ്ക്കു° അതിനെപ്പറ്റി എന്തറിയാം?'' എന്നു° അദ്ദേഹം ചോദിച്ചുവെങ്കിലും എന്നെക്കൂടെ പോന്നു.

ഒരിരുട്ടുമുറിയിൽ ഈ യന്ത്രം വഹിച്ചുകൊണ്ടു നിന്നിരുന്ന ഒരു മേശയുടെ ചുറ്റുമായി നരച്ച കുതാവുവെച്ച ഇരുണ്ട മുഖത്തോടുകൂടിയ ഏഴു വയസ്സൻജനറൽമാർ നിന്നിരുന്നു. അവരെല്ലാവരും ശാസ്ത്രജ്ഞന്മാരായിരുന്നു. ഒരു വിനീതനായ പൌരന്റെ വടിവായിരുന്ന ലെനിൻ അവർക്കിടയിൽ അദൃശ്യനായി; അഗണ്യകോടിയിലേയ്ക്കൊരസി വീണു.

യന്ത്രം കണ്ടുപിടിച്ച ആൾ അവൻ° എങ്ങിനെയാണു° ഉണ്ടാക്കുന്നതെന്നു വിവരിയ്ക്കുവാൻ തുടങ്ങി. രണ്ടുമൂന്നു നിമിഷം ശ്രദ്ധിച്ചശേഷം ലെനിൻ ''ഹ°ം, ഹ°ം'' എന്നു സമ്മതം മൂളി. എന്നിട്ടു° ഒരു രാഷ്ട്രീയപ്രശ്നത്തെപ്പറ്റി അയാളെ പരീക്ഷിയ്ക്കുകയാണെന്നവിധം അതു മറ്റുപ്പത്തോടുകൂടി ചില ചോദ്യങ്ങൾ ചോദിയ്ക്കുവാൻ തുടങ്ങി.

''രണ്ടു കാര്യങ്ങൾ ഒരേസമയത്തു യന്ത്രത്തിനകത്തുണ്ടു° നിങ്ങൾ എങ്ങിനെ ചെയ്യിപ്പിയ്ക്കുന്നു? വിമാനം കാണുവാനും; അതേസമയത്തു വെടിപൊട്ടിയ്ക്കുവാനും; ആ രണ്ടുകാര്യങ്ങൾ തമ്മിൽ യോജിപ്പിച്ചു°, നടത്തുവാൻ അസാദ്ധ്യമായിരിയ്ക്കുമോ?'' അദ്ദേഹം ആപത്തുള്ള സ്ഥലം എതെന്നും മറ്റും ചോദിച്ചു. കണ്ടുപിടിച്ചയാളും, മറ്റു ജനറൽമാരും അതിനുത്തരം പറഞ്ഞുകൊടുത്തു വിവരിച്ചുകൊടു

ല്ലേ. യന്ത്രത്തിന്റെ ആവിഷ്കർത്താവു പിറേന്നു് എന്നോടു പറഞ്ഞു: ''എന്റെ ഈ ജനറൽസ്നേഹിതന്മാരോടു് നിങ്ങൾ ഒരു സഖാവിനോടുകൂടിയാണു് വരുന്നതു് എന്നു മാത്രമേ പറഞ്ഞിരുന്നുള്ളു. ആ സഖാവു് ആരാണെന്നു് അവരെ അറിയിച്ചിരുന്നില്ല. അവർ ഇലിഷിനെ കണ്ടറിഞ്ഞതുമില്ല. അദ്ദേഹം അംഗരക്ഷകന്മാരോടു കൂടാതെ, ഒരുപാടു് ആഭാടങ്ങൾ കൂടാതെ, വരുമെന്നു് അവർ സങ്കല്പിച്ചിട്ടുപോലും ഉണ്ടാവില്ല. അവരെന്നോടു ചോദിച്ചു: ''അദ്ദേഹം ഒരു ടെക്കനീഷ്യൻ എഞ്ചിനീയറോ, പ്രൊഫസറോ മറ്റോ ആണോ? . . . എന്ത്"! ലെനിനോ? എന്താശ്ചര്യം! അയ്യോ സംഭാവ്യമാണോ? നമ്മെ സംബന്ധിച്ചു് ഈ വക കാര്യങ്ങളെപ്പറ്റി അദ്ദേഹം എങ്ങിനെ ഇത്ര വളരെ മനസ്സിലാക്കി? ഒരു വിദേശനെപ്പോലെയാണു് ആ ചോദ്യങ്ങൾ ചോദിച്ചതു"! എത്ര അമ്പരിപ്പിയ്ക്കുന്ന ഫട്ടം!

കാര്യത്തിൽ അതു് ലെനിനാണെന്നു് അവർക്കു വിശ്വാസം തോന്നിയില്ലായിരിയ്ക്കും. (Chief Artillery Department) ചീഫു് ആർട്ടിലറിഡിപ്പാർട്ടുമെന്റിൽനിന്നു മടങ്ങിപ്പോരുമ്പോൾ ലെനിൻ പൊട്ടിച്ചിരിച്ചുകൊണ്ടു് ആവിഷ്കർത്താവിനെപ്പറ്റി കാരോന്നു സംസാരിച്ചിരുന്നു:

''നോക്കൂ, കരാളെ എത്ര വേഗം തെറ്റിദ്ധരിപ്പിയ്ക്കാമെന്നു"! അയാൾ ഒരു നല്ല പഴയ സഖാവാണെന്നേ ഞാൻ മനസ്സിലാക്കിയിരുന്നുള്ളു. എന്നാൽ അയാൾ ഒരു കണ്ടുപിടിത്തക്കാരനാണെന്നു മനസ്സിലാക്കിയിരുന്നില്ല. അതയാൾക്കു പറ്റിയ ജോലിയാണെന്നു തോന്നുന്നു. മിടുക്കൻ! യന്ത്രത്തിന്റെ പ്രായോഗികതയെപ്പറ്റി ഞാൻ സംശയം പ്രദർശിപ്പിച്ചപ്പോൾ ആ ജനറൽമാർ തട്ടിക്കേറിയില്ലേ? ഞാൻ അതു വേണമെന്നു വെച്ചിട്ടേ. അവർ ഈ അപകടംപിടിച്ച യന്ത്രത്തെപ്പറ്റി എന്താണു് വിചാരിയ്ക്കുന്നതെന്നറിയേണ്ടിയിരിയ്ക്കുന്നു.''

അദ്ദേഹം കുലുങ്ങി ചിരിച്ചു: എന്നിട്ടു ചോദിച്ചു, ''S. യ്ക്കു് അവകാശപ്പെടാവുന്ന മറ്റു വല്ല കണ്ടുപിടിത്തവുമുണ്ടോ? ശരി, അയാൾ മറ്റൊന്നിലും ജോലിയെടുക്കരുതു്. ഈ സാങ്കേതിക വിദഗ്ധന്മാർക്കു മാത്രമായി ഒരു കാര്യാലയം സൃഷ്ടിച്ചുകൊടുക്കാൻ നമുക്കു

കഴിഞ്ഞെങ്കിൽ! ഇരുപത്തഞ്ചു കൊല്ലക്കാലംകൊണ്ടു റഷ്യ ലോകത്തിന്റെ മുന്നണിയിൽ നില്ക്കും.''

അതേ, അദ്ദേഹം പലപ്പോഴും ഞാൻ കേൾക്കെ, തന്റെ സഖാക്കളെ പ്രശംസിച്ചിരുന്നു. അദ്ദേഹത്തിനു വ്യക്തിപരമായ അനുഭവം ഇല്ലാത്തവരെപ്പോലും! അവരുടെ ശക്തിയെ അഭിനന്ദിയ്ക്കാൻ അദ്ദേഹത്തിന്നറിയാമായിരുന്നു, L. D. ട്രോട്സ്കിയുടെ സംഘടനാപരമായ ശക്തികളെക്കുറിച്ചദ്ദേഹത്തിനുണ്ടായിരുന്ന ബഹുമാനം എന്നെ അത്ഭുതപ്പെടുത്തി. ലാഡിമീർ ഇലിഷ് എന്റെ ആശ്ചര്യത്തെ മനസ്സിലാക്കി.

''അതേ, എനിയ്ക്കറിയാം എനിയ്ക്കയാളോടുള്ള മനോഭാവത്തെപ്പറ്റി പല സംസാരങ്ങളും നടക്കുന്നുണ്ടെന്നു്. പക്ഷേ ഉള്ളതു് ഉള്ളതാണു്; ഇല്ലാത്തതു് ഇല്ലാത്തതും—അതെനിയ്ക്കറിയാം. യുഖവിഭംഗമാരെ സംഘടിപ്പിയ്ക്കാൻ അയാളെ സമർത്ഥനായിരുന്നു.

കുറച്ചു കഴിഞ്ഞു്, താഴ്ന്ന ശബ്ദത്തിൽ സവ്യസനം അദ്ദേഹം തുടർന്നു: ''എന്നാലും അയാളെ നമ്മളിൽ ഒരാളല്ല. നമ്മുടെകൂടെയാണു്, എന്നാൽ നമ്മളിൽപ്പെട്ട ആളല്ല. അയാളെക്കുറിയ മോഹങ്ങളുണ്ടു്. നന്നല്ലാത്ത എന്തോ ഒന്നു്, ലാസാലിന്റേതായ ചിലതു് അയാളിലുണ്ടു്.''

''നമ്മുടെകൂടെ, എന്നാൽ നമ്മളിൽപ്പെട്ട ആളല്ല,'' എന്ന വാക്കുകളും രണ്ടുപ്രാവശ്യം ഞാൻ കേൾക്കെ, അദ്ദേഹം ഉപയോഗിക്കുകയുണ്ടായിട്ടുണ്ടു്. രണ്ടാമത്തെ പ്രാവശ്യം അതു്, ലെനിൻ മരിച്ചു ഉടനെതന്നെ മരിച്ചുപോയ ഒരു പ്രധാനപ്പെട്ട മനുഷ്യനെക്കുറിച്ചായിരുന്നു.

ലാഡിമീർ ഇലിഷ് ആളുകളെ നല്ലപോലെ മനസ്സിലാക്കിയിരുന്നു. ഒരിക്കൽ ഞാൻ അദ്ദേഹത്തിന്റെ മുറിയിൽ പോയപ്പോൾ ഒരാൾ വാതില്പലകയ്ക്കു പുറംതിരിഞ്ഞുനിന്നു ലെനിനെ വരച്ചിക്കുന്നതു കണ്ടു; ലെനിൻ കണ്ണുകൾ ഉയർത്താതെ എഴുതിക്കൊണ്ടിരുന്നു.

''നിങ്ങൾ അയാളെ അറിയുമോ?'' വാതിലൂടെയുള്ള ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ ചോദിച്ചു.

'വിശ്വസാഹിത്യ'ത്തെ സംബന്ധിച്ച പ്രവർത്തനത്തിൽ രണ്ടു പ്രാവശ്യം അയാളോടു ഞാൻ ഇടപെടേണ്ടിവന്നിട്ടുണ്ടെന്നു് ഞാൻ അദ്ദേഹത്തോടു പറഞ്ഞു.

''എന്നിട്ടു്?''

''അസംസ്കൃതനായ ഒരു അജ്ഞൻ എന്നാണു് തോന്നിയതു്.''

''ഹും, ഹും, സേവപറയുന്ന ഒരുത്തൻ, ഒരു കള്ളത്തമ്മടിയാണെന്നും തോന്നുന്നു. പക്ഷേ ഇന്നാട്ടുകാരനായിട്ടാണു് ഞാനയാളെ കണക്കാക്കുന്നതു്, എനിക്കു തെറ്റുപറ്റിയിരിക്കാം.''

ലാഡിമീർ ഇലീഷിനു് തെറ്റുപറ്റിയിരുന്നില്ല. കുറെ മാസങ്ങൾക്കുശേഷം ഈ മനുഷ്യൻ ലെനിൻ പറഞ്ഞ വിവരണത്തെ തികച്ചും സാധൂകരിച്ചു.

അദ്ദേഹം ജനങ്ങളെപ്പറ്റി വളരെ ആലോചിച്ചു: കാരണം, അദ്ദേഹം പറയുകയുണ്ടായി: ''നമ്മുടെ ഭരണയന്ത്രം ഉറച്ചിട്ടില്ല. ഒക്ടോബറിനുശേഷം പല തരക്കാരും കടന്നുകൂടിയിട്ടുണ്ടു്. നിങ്ങളുടെ പുണ്യാളന്മാരും ഇഷ്ടപ്പെട്ടവരുമായ ബുദ്ധിവാദക്കാരെയാണു് അതിനു കുറ്റപ്പെടുത്തേണ്ടതു്— അവരുടെ 'തറവാടിത്തമില്ലായ്മ' നശീകരണപ്രവർത്തനത്തിന്റെ ഫലം.''

ഞങ്ങൾ ഗോക്കിയിൽ നടക്കുമ്പോഴാണു് അദ്ദേഹം ഇതു പറഞ്ഞതു്. എങ്ങിനെയെന്നോർമ്മയില്ല, ഞാൻ അലെക്സിൻസ്കിയെപ്പറ്റി സംസാരിക്കാൻതുടങ്ങി. ഒരുപക്ഷേ, അന്നു് അയാൾ എന്തെങ്കിലും തകരാറു പ്രവർത്തിച്ചിരിക്കണം.

''നിങ്ങൾതന്നെ ഒന്നു ചിന്തിക്കുന്നോക്കൂ. ഞങ്ങൾ തമ്മിൽ കണ്ടപ്പോൾ എനിക്കു അയാളോടു ശക്തിയായ വെറുപ്പു തോന്നി. അത്തരത്തിൽ ഒരു തോന്നൽ മറ്റാരും എന്നിൽ ജനിപ്പിച്ചിട്ടില്ല. ഞങ്ങൾ രണ്ടുപേരുംകൂടി കുറച്ചു ജോലികൾ ചെയ്തു

വാസ്തവമായിരുന്നു. എന്നെ പിടിച്ചൊതുക്കാൻ വളരെ പരിശ്രമി ക്കേണ്ടിവന്നു. എനിക്കു വല്ലായ്മ തോന്നിയിരുന്നു — എനിക്കു തോന്നി, ഈ അധഃപതിച്ചവന്റെകൂടെ ജോലിചെയ്യുവാൻ വയ്യെന്നു്.''

എന്നിട്ടു് ആശ്ചര്യത്തോടെ, തോളുകൾ കുലുക്കിക്കൊണ്ടു് അദ്ദേഹം തുടർന്നു: പക്ഷേ ആ കഴുവേറി മാലിനോസ്കിയെ എനിയ്ക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. അതു് ഒരപകടംപിടിച്ച സംഗതിയായിരുന്നു, മാലിനോസ്കി.''

എനിക്കു് അദ്ദേഹം കൃത്യനിഷ്ഠയുള്ള ഒരു ഗുരുനാഥനും അടുത്ത സ്നേഹിതനുമായിരുന്നു.

എന്നോടു നേരംപോക്കായി അദ്ദേഹം പറഞ്ഞു: ''നിങ്ങളെ മനസ്സിലാക്കാൻ കഴിയാത്തതുപോലെയിരിക്കുന്നു. സാഹിത്യത്തിൽ നിങ്ങൾ ഒരു യാഥാർത്ഥ്യവാദിയാണു് — ജനങ്ങളോടുള്ള പെരുമാറ്റത്തിൽ ഒരു കാല്പനികവാദിയും (റോമൻറിസിസ്റ്റ്). നിങ്ങളെ കണ്ണിൽ എല്ലാവരും ചരിത്രത്തിന്റെ പാവകളാണോ? ഞങ്ങൾക്കും ചരിത്രമറിയാം. ഞങ്ങൾ പറയുന്നു, 'പൂജാസ്ഥലങ്ങൾ അട്ടിമറിക്കുക; അമ്പലങ്ങൾ തച്ചുടയ്ക്കുക; ദേവന്മാർ തുലയട്ടെ.' എന്നാല്ല നിങ്ങൾക്കു് എന്നെ ബോദ്ധ്യപ്പെട്ടത്തണം, തൊഴിലാളികളുടെ സമരകക്ഷി ബുദ്ധിവർഗ്ഗക്കാരെ ആദ്യം സുഖത്തിലെത്തിക്കണമെന്നു്.''

എനിക്കു തെറ്റുപറ്റിയിരിക്കാം. ലാഡിമിർഇലിഷിനു് ഞാനുമായി സംസാരിക്കുന്നതു് ഇഷ്ടമാണെന്നു് എനിക്കു തോന്നി. അദ്ദേഹം മിക്കപ്പോഴും പറയാറുണ്ടു്, ''വന്നു് എന്നെ കാണുകയില്ലെങ്കിലും ഫോൺ വിളിക്കുക. നമുക്കു തമ്മിൽ കാണാം.''

ഒരിക്കൽ അദ്ദേഹം പറഞ്ഞു, ''നിങ്ങളോടു സംസ്കരിക്കാൻ രസമുണ്ടു്. നിങ്ങൾക്കു വൈവിദ്ധ്യമുള്ളതും വിസ്തൃതവുമായ അനുഭവങ്ങളും ഉണ്ടു്.''

ബുദ്ധിവർഗ്ഗക്കാരുടെ മനോഭാവത്തെപ്പറ്റി പ്രത്യേകം തൽപരനായിരുന്നു അദ്ദേഹം. ആ കാലത്തു ഞാൻ N. B. ഖലാടേവി

കൂടെ Committee for Improving the conditions of the scientists''-ൽ ജോലി ചെയ്യുകയായിരുന്നു.

തൊഴിലാളിസാഹിത്യം.

അദ്ദേഹം തൊഴിലാളിസാഹിത്യത്തിൽ തൽപരനായിരുന്നു. ''അതുകൊണ്ട് എന്തുണ്ടാകുമെന്നാണു നിങ്ങൾ വിചാരിക്കുന്നത്?''

ഞാൻ വളരെയെല്ലാം പ്രതീക്ഷിച്ചിരുന്നുവെന്നും പക്ഷേ സാഹിത്യം പഠിക്കുവാനുള്ള ഒരു കേന്ദ്രം സ്ഥാപിക്കേണ്ടതു് അത്യാവശ്യമാണെന്നും ഞാൻ പറഞ്ഞു. ഈ കേന്ദ്രത്തിൽ അക്ഷരശാസ്ത്രം, വിദേശഭാഷകൾ—പാശ്ചാത്യവും പൌരസ്ത്യവും—ജനങ്ങളുടെ പഴങ്കഥകൾ, വിശ്വസാഹിത്യചരിത്രം, റഷ്യൻ സാഹിത്യം എന്നിവയ്ക്കു വിശേഷവകുപ്പുകൾ വേണമെന്നും ഞാൻ അഭിപ്രായപ്പെട്ടു.

''ഹ്ം ഹ്ം'' എന്നു കണ്ണുകൾ കൂർപ്പിച്ചു കൂട്ടിച്ചിരിച്ചുകൊണ്ട് അദ്ദേഹം മൂളി: ''വളരെ പരപ്പേറിയതും അമ്പരപ്പിക്കുന്നതും! അതു പരപ്പേറിയതാണെന്നതുകൊണ്ട് അതിനെതിരല്ല ഞാൻ. പക്ഷേ, അതു് അമ്പരിപ്പിക്കുന്ന ഒന്നാണെങ്കിൽ—ഏ? ഈ വിഷയങ്ങൾ പഠിപ്പിക്കാൻ നമ്മുടെ ആൾക്കാരായ പ്രൊഫസർമാരില്ലതന്നെ. മുതലാളിവർഗ്ഗത്തിന്റെ പ്രൊഫസർമാർ ഒരുതരത്തിലുള്ള ചരിത്രം പഠിപ്പിക്കും. വയ്യ, ഇപ്പോൾ തുടങ്ങാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഒരഞ്ചുകൊല്ലം കാക്കേണ്ടിവരുമെന്നു തോന്നുന്നു.''

അദ്ദേഹം തുടർന്നു: ''വായിക്കാൻ തീരെ സമയമില്ല!'' ഇടയ്ക്കിടയ്ക്ക് അദ്ദേഹം ഡെമിയൻ ബെഡ്നിയുടെ പ്രചാരണത്തിനുള്ള പ്രവർത്തനങ്ങളെക്കുറിച്ചു വളരെ ശക്തിയോടെ പ്രശംസിയ്ക്കും; എന്നാൽ അതോടൊപ്പംതന്നെ പറയും, ''അതു കുറെ പ്രാകൃതമാണ്. അയാൾ വായനക്കാരനെ പിന്തുടരുകയാണു്; യഥാർത്ഥത്തിൽ അയാൾ കുറേ മുന്നിൽ കയറി നടക്കുകയാണു് വേണ്ടതു്.''

അദ്ദേഹം മയക്കോവ്സ്കിയെ വിശ്വസിച്ചിരുന്നില്ല. എന്നല്ല,

ന്നയാൾ അദ്ദേഹത്തെ ശ്രദ്ധിച്ചിടിപ്പിക്കേകൂടി ചെയ്തിരുന്നു. ''അ
യാൾ തൊള്ളയിടുന്നു; ചില വളഞ്ഞുപിരിഞ്ഞ വാക്കുകൾ കണ്ടു
പിടിക്കുന്നു; ഒരിടത്തും എത്തുന്നില്ലെന്നാണെന്റെ അഭിപ്രായം—
നസ്സിലാക്കാനും വയ്യ. പരസ്പരബന്ധമില്ല; വായിക്കാൻ വിഷമ
മാണു°—അയാൾ മിടുക്കനാണോ? വളരെ മിടുക്കൻ? ഹ°ം, ഹ°ം°
തുട്ടെ; കാണാം ഇയാളെ ജനങ്ങൾ കുറെപോട്ട പദ്യമെഴുതിത്തള്ള
നെന്നു തോന്നുന്നില്ലേ? വർത്തമാനപത്രങ്ങളിൽ ചില പുറങ്ങൾ
റിയെ കവിതതന്നെ. കവിതാപുസ്തകങ്ങളും ദിവസേന പുറത്തി
ങ്ങുന്നു.''

ഇത്തരത്തിലുള്ള ഒരു കാലത്തു ചെറുപ്പക്കാരെ കവിത അഭ്യ
സിക്കുന്നതു സ്വാഭാവികമാണെന്നു ഞാൻ പറഞ്ഞു. എന്റെ
അഭിപ്രായത്തിൽ രണ്ടാംതരം പദ്യമെഴുതുവാനാണു° നല്ല ഗദ്യമെഴു
ന്നതിനെക്കാളെളുപ്പം; പദ്യത്തിനു കുറച്ചുസമയമേ വേണ്ടതാനും;
കൂടാതെ, പദ്യമെഴുതുന്നതു പഠിപ്പിക്കാൻ നല്ല ഗുരുനാഥന്മാരുണ്ടു°.
ന്നു ഞാൻ പറഞ്ഞു.

''പദ്യമെഴുതാൻ ഗദ്യമെഴുതുന്നതിനെക്കാൾ എളുപ്പമാണെന്നു
ാൻ വിശ്വസിക്കുന്നില്ല. എനിക്കു സങ്കല്പിക്കാൻപോലും കഴി
കയില്ല. നിങ്ങൾ എന്നെ ജീവനോടെ തോലുരിച്ചാൽപ്പോലും
ന്നെക്കൊണ്ടു രണ്ടുവരി പദ്യമെഴുതാൻ വയ്യ.'' എന്നിട്ടദ്ദേഹം
ധൈര്യം കൂടുപിച്ചു. ''ബഹുജനങ്ങളുടെ ഇടയിൽ പഴയ വിശ്വസാ
ിത്യം മുഴുവൻ—ഇവിടെയുള്ളതും യൂറോപ്പിലുള്ളതും—പരത്ത
ാം'' എന്നദ്ദേഹം പറഞ്ഞു.

വളരെക്കാലം ജനിച്ച നാട്ടിൽനിന്നു° അകലെ താമസിച്ചു,
തിനെ സൂക്ഷ്മീക്ഷണം നോക്കിക്കണ്ട ഒരു രഹസ്യക്കാരനായിരുന്ന
ദ്ദേഹം. അകലത്തുനിന്നു° അതു° അധികം ഭംഗിയുള്ളതും ശോ
ുള്ളതുമായി തോന്നും. അതിൽ അടങ്ങിയ ശക്തികളെ അദ്ദേഹം
രിക്കുന്നു.

മാറ്റമില്ലാത്തതും മർദ്ദിക്കുന്നതുമായ ഒരു ചരിത്രത്താൽ ഉണ
ൻ അനുവദിക്കപ്പെടാതെ, ഉർബ്ബലമായി പ്രകടിച്ചിരുന്ന അവി
ത്ത ജനങ്ങളുടെ അസാധാരണപ്രതിഭകളെ അദ്ദേഹം ശരിക്കു

കണ്ടറിഞ്ഞിരുന്നു. ആ പ്രതിഭകൾ എന്നിട്ടും റഷ്യയിലെ മോവ നാജീവിതത്തിന്റെ പരന്ന പശ്ചാത്തലത്തിൽ സുവണ്ണതാരങ്ങളെപ്പോലെ ചിന്നി വിന്നി പ്രകാശിച്ചിരുന്നു.

ലാഡ്മീർലെനിൻ, മഹാനും ഗംഭീരഹൃദയനുമായ ആ ലെനികൻ, മരിച്ചുകഴിഞ്ഞു. അദ്ദേഹത്തെ നല്ലപോലെ അറിഞ്ഞിരുന്നവരുടെ ഹൃദയത്തിനു വേദനാജനകമായ ഒരാഘാതമാണു് അദ്ദേഹത്തിന്റെ മരണം.

എന്നാൽ മരണത്തിന്റെ ഇരുട്ടു ലോകത്തിലെ തൊഴിലാളിവർഗ്ഗത്തിന്റെ നേതാവെന്ന നിലയിൽ അദ്ദേഹത്തിന്റെ മഹത്തായ പ്രാധാന്യത്തെ കൂടുതൽ ശക്തിയായി വെളിപ്പെടുത്തുകയത്രേ ചെയ്യുന്നതു്.

ഇന്നു് വെറുപ്പിന്റെയും അസത്യങ്ങളുടെയും അപവാദത്തിന്റെയും ഇരുണ്ട മേഘം മറ്റെന്നത്തെക്കാളുമേറെ കനംവെച്ചിട്ടുണ്ടെങ്കിലും അതു സാരമാക്കേണ്ടതില്ല. ഭ്രാന്തുപിടിച്ച ലോകത്തിന്റെ ശ്വാസംമുട്ടിക്കുന്ന ഇരുട്ടിൽ ലെനിൻ ഉയർത്തിയ ആ വെളിച്ചത്തെ കെടുത്താൻ പോന്ന ഒരു ശക്തിയുമില്ല. എന്നല്ല, ലോകത്തിന്റെ ശാശ്വതസ്മരണയെ ഇതുമേൽ അർഹിക്കുന്ന ഒരാൾ വേറെ ജന്മമെടുത്തിട്ടുമില്ല!

ലാഡിമീർ ലെനിൻ മരിച്ചുപോയി. എന്നാൽ അദ്ദേഹത്തിന്റെ ചിന്തയുടേയും സൃഷ്ടിയുടെയും അനന്തരാവകാശികൾ ജീവിച്ചിരിപ്പുണ്ടു്. മനുഷ്യസമുദായത്തിന്റെ ചരിത്രത്തിൽവെച്ചു് എല്ലാറ്റിലും വിജയകരമായ ഒരു പ്രവൃത്തി അവർ തുടർന്നുപോയുകയും ചെയ്യുന്നു.

DC Library
000073 18
LS L55